

ഡോ. എൻ. പ്രശാന്തകുമാർ

വനിതകളെഴുതുന്നതൊക്കെയും വനിതാസാഹിത്യമല്ല. തലമുറകളിലൂടെ സ്ത്രീത്വം അനുഭവിച്ചുപോന്ന പാരതന്ത്ര്യവും പീഡനവും ആത്മാവിലേറ്റെടുത്തുകൊണ്ട് സർഗ്ഗാത്മക വ്യാപാരത്തിലേർപ്പെടുന്ന സ്ത്രീകളുടെ രചനകൾ മാത്രമേ വനിതാസാഹിത്യമാകുന്നുള്ളു. ആധുനിക സാഹിത്യവിമർശനത്തിന്റെ ബലിഷ്ഠമായ ഒരു വിഭാഗമാണ് വനിതാസാഹിത്യദർശനം.

ആ സാഹിത്യദർശനത്തിന്റെ കാതൽ കണ്ടെത്തുകയാണ് ഡോ. എൻ. പ്രശാന്തകുമാർ ഈ ഗ്രന്ഥത്തിൽ. സ്ത്രീരചനാ ദർശനത്തിന്റെ മനഃശാസ്ത്രപരവും രാഷ്ട്രീയവുമായ മാനങ്ങളും രൂപശില്പപരമായ തലങ്ങളും ഇവിടെ നിരീക്ഷണവിധേയമാക്കുന്നു.

മാധവിക്കുട്ടി, സാവിത്രീ രാജീവൻ, വിജയലക്ഷ്മി എന്നിവരുടെ രചനകളെക്കുറിച്ചുള്ള വിമർശനങ്ങൾ സൈദ്ധാന്തിക പാഠത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വനിതാസാഹിത്യം ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ അതിന്റെ പൊരുളും വ്യാപ്തിയും സ്പഷ്ടമായി വിലയിരുത്തുന്ന സൈദ്ധാന്തിക ഗ്രന്ഥം.

സ്ത്രീരചനാ ദർശനം
ഒരു അവലോകനം

---

വില : 32.00
നാഷനൽ ബുക്ക് സ്റ്റാൾ

# സ്ത്രീരചനാ ദർശനം:

## ഒരു അവലോകനം

ഡോ. എൻ. പ്രശാന്തകുമാർ

# സ്ത്രീരചനാദർശനം:
## ഒരു അവലോകനം

(Malayalam)
*Sthreerachanadarsanam:*
*Oru Avalokanam*
Literary Theory
**By N. Prasantha Kumar**
Cover Design: Mopasang Valath
First Published December 1998
Type Setting & Printing at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
**Price : Rs. 32.00**
Copyright
N. Prasantha Kumar
Published by the Author
Distributors
**National Book Stall**
Kottayam -Thiruvananthapuram
Eranakulam (Marine Drive) -Kannur - Thrissur
Palakkad - Kollam - Kozhikkode - Alappuzha - Kalpetta

# സ്ത്രീരചനാദർശനം:
# ഒരു അവലോകനം
(പഠനം)

**എൻ. പ്രശാന്തകുമാർ**

— വിതരണം —
**നാഷനൽ ബുക്ക് സ്റ്റാൾ**
**കോട്ടയം**
**വില ക. 32.00**

## എൻ. പ്രശാന്തകുമാർ

1958 ഫെബ്രുവരി 1-ന് ആലപ്പുഴ ജില്ലയിലെ
തൃക്കുന്നപ്പുഴയിൽ ജനിച്ചു.
പിതാവ് വാഴവേലിൽ ശ്രീ കെ. നാരായണൻ.
മാതാവ് ശ്രീമതി കെ. വിമല.
കേരള സർവ്വകലാശാലയിൽനിന്ന് എം. എ.യും
മദ്രാസ് സർവ്വകലാശാലയിൽനിന്ന് എം. ഫില്ലും
മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്ന്
പിഎച്ച്. ഡി.യും പാസ്സായി.
നാട്ടിക ശ്രീനാരായണ കോളേജിൽ
ഇംഗ്ലീഷ് അദ്ധ്യാപകനായി ജോലിചെയ്യുന്നു.
Comparative Indian Literature,
Writing the Female: A Study of Kamala Das
എന്നീ കൃതികൾ പ്രകാശിപ്പിച്ചിട്ടുണ്ട്.
വിശ്വസാഹിത്യത്തെപ്പറ്റി പല ലേഖനങ്ങൾ
മലയാളവാരികകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഭാര്യ: ശ്രീമതി എം. എസ്. സീതാദേവി.
മകൻ: അശ്വിൻ.

മേൽവിലാസം:
സന്ധ്യ,
കാരിക്കാമുറി,
കൊച്ചി-11



S 6057 D 03/98-99 1-1000


## ആമുഖം

ഒരു വിമോചനതന്ത്രമെന്ന നിലയിൽ സാഹിത്യരചന ഏതൊരു പീഡിതവർഗ്ഗത്തിനും പ്രസക്തമാണ്. സ്ത്രീവർഗ്ഗം, കറുത്ത വർഗ്ഗക്കാർ, കോളണിനിവാസികൾ, തൊഴിലാളിവർഗ്ഗം ഇവർക്കെല്ലാം ഇതു ബാധകമാണ്. ഏതാനും വികസിതരാജ്യങ്ങളാൽ നിയന്ത്രിതമായ അന്തർദ്ദേശീയ ധനകാര്യസ്ഥാപനങ്ങളിലൂടെ വ്യാപൃതമാകുന്ന നൂതനസാമ്രാജ്യത്വത്തിൻെറ പശ്ചാത്തലത്തിൽ ഇതു കൂടുതൽ പ്രസക്തമാണെന്ന് പറയാം. പൂർവ്വകാലഘട്ടങ്ങളിലെ സാമ്രാജ്യത്വരാഷ്ട്രങ്ങൾ സാമ്പത്തികദാതാക്കളുടെ രൂപത്തിൽ പുനരവതരിക്കുകയും ലോകജനതയുടെ ഭൗതികവും ബൗദ്ധികവും ആത്മീയവുമായ ജീവിതത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥ ആശങ്കാജനകമാണ്. അഭിനവ ഷൈലോക്കുകളുടെ രൂപത്തിൽ മനുഷ്യൻെറ സർവ്വകർമ്മമേഖലകളിൽനിന്നും തങ്ങളുടെ മാംസവീതം സാമ്രാജ്യത്വരാഷ്ട്രങ്ങൾ ആവശ്യപ്പെടുന്നു.

ആധുനികമനുഷ്യൻ തൻെറ ധിഷണയാൽ നയിക്കപ്പെടുന്നവനാണ്. രാഷ്ട്രങ്ങളെത്തന്നെ മനഃശാസ്ത്രപരമായി അടിമപ്പെടുത്തുന്നതിനായി ആധുനികസാമ്രാജ്യത്വം തദ്ദേശസംസ്കാരങ്ങളെയും മനുഷ്യൻെറ നൈസർഗ്ഗികചോദനകളെയും ഹനിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. തദ്ദേശസംസ്കാരങ്ങൾക്കു പകരം ലോകത്തിലുടനീളം ജനകീയമാധ്യമങ്ങളിലൂടെ ഒരു ഉപഭോഗസംസ്കാരം പ്രചരിപ്പിക്കപ്പെടുന്നു. ഈ സാഹചര്യം സ്വാതന്ത്ര്യേച്ഛുവായ മനുഷ്യനിൽ അസാധാരണമായ ഉൽക്കണ്ഠ ജനിപ്പിക്കുന്നു. രാഷ്ട്രങ്ങളുടെയും ജനവർഗ്ഗ ലിംഗാധിഷ്ഠിതസമൂഹങ്ങളുടെയും അനന്യതകളെ ധ്വംസിക്കുന്നതിനുള്ള ബോധപൂർവ്വമായൊരു ശ്രമമാണിത്. അനന്യതയെ നിർണ്ണയിക്കുന്ന തദ്ദേശസംസ്കാരം സജീവമായിരിക്കുന്നിടത്തോളംകാലം മനുഷ്യനിൽ സ്വാതന്ത്ര്യാഭിവാഞ്ഛ നിലനിൽക്കുന്നു. ഉദാഹരണമായി, ആഫ്രിക്കയിലെ കറുത്തവർഗ്ഗക്കാരുടെ രാഷ്ട്രീയവിമോചനം അവരുടെ കറുത്തസംസ്കാര (Black Culture)ത്തിൻെറ പരിപാലനത്തോട് പരോക്ഷമായി ബന്ധപ്പെട്ടിരിക്കുന്നു.

മുൻകാലങ്ങളിൽ, ആചാരങ്ങളുടെയും പാരമ്പര്യങ്ങളു
ടെയും ബലത്തിൽ ദേശീയതലത്തിൽ മാത്രമാണ് പുരുഷാധി
പത്യം സ്ഥാപിതമായിരുന്നത്. എന്നാൽ ഇന്ന് പുരുഷാധിപത്യം
ആഗോളതലത്തിൽത്തന്നെ പ്രചരിപ്പിക്കപ്പെടുന്നു. സ്ത്രീയുടെ
ശാരീരികഗുണങ്ങൾക്ക് ഊന്നൽനൽകുന്ന ഇന്നത്തെ ഉപഭോ
ഗസംസ്കാരം പരോക്ഷമായി പുരുഷാധിപത്യത്തെ ശക്തമാ
ക്കുന്നു. സ്ത്രീകളുടെ ബൗദ്ധികവും സർഗ്ഗാത്മകവുമായ കഴി
വുകളെ അവമതിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ
അന്താരാഷ്ട്രതലത്തിൽ അരങ്ങേറുന്നതായി കാണാം. ഈ
പശ്ചാത്തലത്തിൽ ഉപഭോഗസംസ്കാരം സ്ത്രീകളുടെ സാഹി
ത്യരചനാശ്രമങ്ങൾക്കു നേരെയുള്ള ഏറ്റവും വലിയ ഭീഷണി
യാണ്. സ്ത്രീകളുടെ പരസ്യമൂല്യ(advertisement value)ത്തി
നും ഛായാചിത്രക്ഷമത(photogenic capacity)യ്ക്കും സാർ
വ്വലൗകികമായി നൽകപ്പെടുന്ന അമിതപ്രാധാന്യം സ്ത്രൈണാ
വബോധത്തിൻെറ സത്യസന്ധമായ കലാത്മകപ്രകാശനത്തിനു
ള്ള പ്രസക്തി വർദ്ധിപ്പിക്കുന്നു. അതിനാൽ സ്ത്രീരചന സർ
ഗ്ഗാത്മകവും തന്ത്രപരവുമായ ഒരു ശക്തിയായി പരിണമി
ക്കുന്നു. ഇത് സ്ത്രീരചനയുടെ ആഗോളപ്രസക്തി വർദ്ധിപ്പി
ക്കുന്നു. ഈ സാഹചര്യത്തിൽ സ്ത്രീരചന ഒരു ദ്വിതലധർമ്മമാ
ണ് നിർവ്വഹിക്കേണ്ടതായുള്ളത്. ഒരു ലൈംഗികോപഭോഗ
വസ്തുവെന്നനിലയിൽ സ്ത്രീക്ക് ഊന്നൽനൽകുന്ന
ഉപഭോഗസംസ്കാരത്തെ പ്രതിരോധിക്കുകയാണ് സ്ത്രീ
രചനയുടെപ്രഥമധർമ്മം. പുരുഷാധിപത്യത്തിൻെറ തിന്മകൾ
നീക്കി ശുദ്ധീകരിക്കപ്പെട്ട തദ്ദേശസംസ്കാരത്തെ പരിപാലിക്കു
കയാണ് ഈ സാഹിത്യശാഖയുടെ അടുത്ത ധർമ്മം. സാഹി
ത്യപ്രകാശനത്തിലൂടെ പ്രയോഗത്തിൽവരുത്തുന്ന വിമോചന
തന്ത്രത്തിൻെറ ബലത്തിൽ സ്ത്രീരചനയ്ക്ക് നൂതനമായ ഒരു
മാനുഷികമാനം കൈവന്നിരിക്കുന്നു.

സ്ത്രീഭാവുകത്വത്തിൻെറ സാഹിത്യപ്രകാശനത്തെക്കുറിച്ചു
ള്ള ഒരു വിശകലനമാണ് ഈ ചെറിയ പുസ്തകം. സ്ത്രൈണാ
നുഭവങ്ങളുടെ കൂട്ടായ സ്വഭാവം സ്ത്രീയുടെ സ്വത്വാവബോധത്തി
ൻെറ കലാത്മകപ്രകാശനത്തിൽ പ്രാമുഖ്യം നേടിയിരിക്കുന്നതായി
കാണാം. സമകാലീന ലിംഗാധിഷ്ഠിതസിദ്ധാന്തങ്ങളിൽ
സ്പഷ്ടമാക്കിയിട്ടുള്ള സൈദ്ധാന്തിക നിലപാടിൻെറ അടിസ്ഥാ
നത്തിൽ നടത്തിയിട്ടുള്ള സാഹിത്യരചനാസംബന്ധമായ അവലോ
കനമാണ് ഈ പുസ്തകത്തിൻെറ ഉള്ളടക്കം.

ഈ കൃതിയുടെ ആദ്യവായനയിലനുഭവപ്പെടാവുന്ന സാ
ങ്കേതികപദങ്ങളുടെ ആധിക്യം അനിവാര്യമാണ്. പുസ്തകത്തി
ൻെറ അവസാനഭാഗത്ത് സാങ്കേതികപദങ്ങളുടെ ഒരു ശബ്ദാ
വലി ചേർത്തിട്ടുണ്ട്.



പുസ്തകരചനയിലെ പരാമർശങ്ങൾ എം. എൽ. എ. (M L A) ശൈലീപത്ര(Style sheet)പ്രകാരം ഏകീഭവിപ്പിച്ചിരിക്കുന്നു. പരാമർശങ്ങളുടെ വിശദാംശങ്ങൾ പുസ്തകത്തിൻെറ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്. ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള സൈദ്ധാന്തികനിലപാടിനെ ആധാരമാക്കി എഴുതിയ രണ്ടു ലേഖനങ്ങൾ അനുബന്ധമായും ചേർത്തിരിക്കുന്നു. 'എൻെറ കഥയിലെ ബഹുസ്വരങ്ങൾ' എന്ന ഒന്നാമത്തെ ലേഖനം മാധവിക്കുട്ടിയുടെ 'എൻെറ കഥ' ഒരുത്തമ കഥാസാഹിത്യകൃതിയാണെന്ന് ഫെമിനിസ്റ്റ് വിമർശന സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ സ്ഥാപിക്കുന്നു. രണ്ടാമത്തെ ലേഖനമായ 'പുനഃപഠനാധിഷ്ഠിത മിത്ത് നിർമ്മിതി ഫെമിനിസ്റ്റ് മലയാളകവിതയിൽ', വിജയലക്ഷ്മിയുടെയും സാവിത്രീരാജീവൻെറയും ചില കവിതകളിൽ പുനഃപഠനാധിഷ്ഠിത മിത്ത് നിർമ്മിതി കാവ്യപ്രക്രിയയുടെ നിഗൂഢവല്ക്കരണ മാർഗ്ഗമായി ഉപയോഗിച്ചിരിക്കുന്നതായി സ്ഥാപിക്കുന്നു. ഈ ലേഖനവും സമകാലീന ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലെഴുതിയതാണ്.

ഈ പുസ്തകത്തിൻെറ പ്രസാധകരായ എസ്. പി. സി. എസ്സിനോട് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

എൻ. പ്രശാന്തകുമാർ

## സ്ത്രീരചനാദർശനം: ഒരു അവലോകനം

സ്ത്രീവർഗ്ഗം, ഒരു വർഗ്ഗമെന്നനിലയിൽ, ആത്മാവിൻെറ സൂക്ഷ്മ മേഖലയിലനുഭവിക്കുന്ന ഉൽകണ്ഠയുടെ ശക്തമായ ആവിഷ്കാരമാണ് സ്ത്രീരചന. പീഡിതവർഗ്ഗമെന്ന നിലയ്ക്ക് സ്ത്രീ പ്രകടമാക്കുന്ന സ്വത്വൈകരൂപത, സ്വയംതിരിച്ചറിയൽ, ആത്മാഭിമാനത്തിലേക്കുള്ള ഉണർവ്വ് എന്നിവയാണ് സ്ത്രീരചനയെ പ്രാധാന്യത്തിലേക്കുയർത്തിയത്. ലിംഗബന്ധങ്ങൾക്ക് രാഷ്ട്രീയമാനമാർജ്ജിച്ചിട്ടുള്ള പുരുഷാധിപത്യവ്യവസ്ഥയിൽ സ്ത്രീകളുടെ ചരിത്രാനുഭവങ്ങളുടെ സാഹിത്യസാദ്ധ്യതകളെക്കുറിച്ചുള്ള തീവ്രമായ ഒരന്വേഷണമാണ് സ്ത്രീരചനയുടെ സങ്കല്പനചട്ടക്കൂട്. ഈ സങ്കല്പനപ്രക്രിയയിൽ, രാഷ്ട്രീയേതരമെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന കാര്യങ്ങൾപോലും രാഷ്ട്രീയാധിഷ്ഠിതമായി മാറുന്നു. തികച്ചും സ്വകീയമായ കാര്യങ്ങൾകൂടി ഈ വീക്ഷണത്തിൽ രാഷ്ട്രീയസ്വഭാവമുള്ളതായി മാറുന്നു. ഈ വസ്തുതയ്ക്ക് പ്രാബല്യം നൽകുന്ന സാഹിത്യരൂപമാണ് സ്ത്രീരചന. ഈ ആശയത്തിൻെറ വെളിച്ചത്തിലാണ് വിലെം റൈക്ക്(Wilhelm Reich)സ്ത്രീപുരുഷ ബന്ധങ്ങളെ 'ലൈംഗികരാഷ്ട്രീയ'(Sexual Politics)മെന്ന് വിളിച്ചത്. സ്ത്രീരചനയിൽ ആഴത്തിലാലേഖനംചെയ്യപ്പെട്ടിട്ടുള്ളത് ഈ ലൈംഗിക രാഷ്ട്രീയമാണ്.

## ഫെമിനിസ്റ്റ് സാഹിത്യം

സ്ത്രീവർഗ്ഗത്തിൻെറ അനന്യതാസംഘർഷങ്ങളിൽനിന്ന് രൂപംകൊള്ളുന്ന സ്ത്രീരചന ലിംഗഭേദമെന്യേ മനുഷ്യസമൂഹത്തിൽ നവബോധമുളവാക്കുന്നു. സ്ത്രീപീഡനത്തിൻെറ അനുഭവങ്ങളെ പ്രകാശിപ്പിക്കുന്ന ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീകളുടെ രചനയിൽനിന്നും വ്യത്യസ്തമാണ്. ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീസമസ്യകളെ ഉജ്ജ്വലമായി പ്രകാശനംചെയ്യുന്നതോടൊപ്പം ലിംഗഭേദത്തിൻെറ അടിസ്ഥാനത്തിൽ സ്ത്രീ

കളനുഭവിക്കുന്ന അസൗകര്യങ്ങളും, സ്വകൃത്യനിർവ്വഹണത്തിൽ സ്ത്രീ
കൾ നേരിടുന്ന പാരതന്ത്ര്യവും അനീതികളും സമൂഹമനസ്സാക്ഷിയുടെ
മുമ്പിൽ വരച്ചുകാട്ടുകയും ചെയ്യുന്നു. സമൂഹത്തിൽ സ്ത്രീകളുടെ
അവസ്ഥ മെച്ചപ്പെടുത്തുകയാണ് ഫെമിനിസ്റ്റ് സാഹിത്യത്തിൻെറ
ലക്ഷ്യം. അതിനാൽ ഫെമിനിസ്റ്റ് സാഹിത്യം അനിവാര്യമായും രാഷ്ട്രീ
യതാൽപര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രീയപ്രവർത്തനത്തി
നാഹ്വാനംചെയ്തും ബോധവൽക്കരണംനടത്തിയും ഫെമിനിസ്റ്റ് സാ
ഹിത്യം പൊതുജനാഭിപ്രായത്തെ സ്വാധീനിച്ച് സ്ത്രീകളുടെ അവസ്ഥ
മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നു. ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീ-
കേന്ദ്രിത(gyno-centric)മാണ്. കൃതിയുടെ സാഹിത്യപരതയേക്കാളധി
കമായി വിമോചനപ്രത്യയശാസ്ത്രത്തിനാണ് ഇത്തരം സാഹിത്യം
ഊന്നൽ നൽകുന്നത്. പക്ഷേ, സ്ത്രീരചന എപ്പോഴും പ്രത്യയശാസ്
ത്രോന്മുഖമായിരിക്കണമെന്നില്ല. കൃതിയുടെ സാഹിത്യപരതയ്ക്ക്
പ്രാധാന്യം നൽകുന്നതാണ് ശക്തമായ സ്ത്രീരചന.

ഫെമിനിസ്റ്റ് സാഹിത്യം സ്വാഭാവികമായും സ്ത്രീകളുടെ രാഷ്
ട്രീയവിമോചനപ്രസ്ഥാനത്തെ സഹായിക്കുന്നു. മേരി ഈഗിൽറ്റ(Mary
Eagleton)ൻെറ അഭിപ്രായത്തിൽ ഒരു ഫെമിനിസ്റ്റ് സാഹിത്യസൃഷ്ടി
പഞ്ചതലകർമ്മം നിർവ്വഹിക്കുന്നു (169—74). ഒന്നാമതായി, ഫെമിനിസ്റ്റ്
സാഹിത്യം സ്ത്രീകളുടെ സത്യസന്ധമായ സ്വത്വപ്രകാശനത്തിനു
തകുന്ന ഒരു മാധ്യമമായി വർത്തിക്കുന്നു. പല സ്ത്രീകൾക്കും തങ്ങളുടെ
അനുഭവങ്ങൾ ശരിയായി ദ്യോതിപ്പിക്കുന്നതിനുതകുന്ന ഉത്തമകലാരൂ
പമാണ് സാഹിത്യം. രണ്ടാമതായി, സ്ത്രൈണചോദനകളിൽ
നിന്നുത്ഭവിക്കുന്ന സാഹിത്യം ലിംഗഭേദാതീത സാംസ്കാരികസമന്വയം
(cultural androgyny) നേടിയെടുക്കുന്നതിൽ സഹായിക്കുന്നു. മാനു
ഷികമൂല്യാധിഷ്ഠിതമായ ഒരു നൂതനസാമൂഹ്യക്രമം സൃഷ്ടിക്കുന്നതിന്
ഇത്തരം സാഹിത്യം ശ്രമിക്കുന്നു. മൂന്നാമതായി, ഫെമിനിസ്റ്റ് സാഹിത്യം
സ്ത്രീവർഗ്ഗത്തിന് സ്ത്രൈണാനന്യതയുടെ നിയതബോധമുൾക്കൊ
ള്ളുന്ന കർമ്മമാതൃക(role model)കൾ പ്രദാനംചെയ്യുന്നു. സ്ത്രൈ
ണേതരമായ പരമ്പരാഗതപ്രവൃത്തികളിൽ വ്യാപരിക്കുന്ന സ്ത്രീകഥാപാ
ത്രങ്ങളെ ചിത്രീകരിക്കുന്ന ഈ സാഹിത്യം കർക്കശമായ ലിംഗഭേദങ്ങൾ
ക്കതീതമായി കർമ്മസമന്വയത്തെ ത്വരിതപ്പെടുത്തുന്നു. നാലാമതായി,
ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീകൾക്ക് പരസ്പരബന്ധങ്ങളിലൂടെ ഊട്ടി
വളർത്തുന്ന സഹോദരീത്വത്തിൻെറ ഒരു നവീന സംഘബോധം പ്രദാനം
ചെയ്യുന്നു. അവസാനമായി, ഈ സാഹിത്യം ബോധവല്ക്കരണത്തിന്
സഹായകമാവുകയും ചെയ്യുന്നു. സ്ത്രീലോകത്തെക്കുറിച്ചും ലൈംഗി
കരാഷ്ട്രീയത്തിൻെറ ഭൗതികവും മനഃശാസ്ത്രപരവുമായ
അനന്തരഫലങ്ങളെക്കുറിച്ചും യഥാർത്ഥമായ ഉൾക്കാഴ്ച നൽകുന്നതി
ലൂടെയാണ് ഫെമിനിസ്റ്റ് സാഹിത്യം ബോധ വല്ക്കരണം നടത്തുന്നത്.
സ്ത്രീകളുടെ അന്യവല്ക്കരണത്തിൻെറയും നിരർത്ഥബോധ
ത്തിൻെറയും പൊതുവികാരങ്ങളുൾക്കൊള്ളുന്ന ഇത്തരം സാഹിത്യം പല
സ്ത്രീസമസ്യകൾക്കും പരിഹാരം നിർദ്ദേശിക്കുന്നു.

## ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രം

സാഹിത്യം ഉദ്ഭവിക്കുന്ന വ്യക്തമായ പശ്ചാത്തലമാണ് കൃതിയിൽ പ്രകടമാകുന്ന സാമൂഹ്യയാഥാർത്ഥ്യം. അതുകൊണ്ട് സാഹിത്യത്തെ വിലയിരുത്തുന്നത് സാമൂഹ്യയാഥാർത്ഥ്യത്തിൻെറ വിശാലമായ ചട്ടക്കൂടിനുള്ളിൽ നിന്നു വേണം. സാഹിത്യം സാമൂഹ്യയാഥാർത്ഥ്യത്തിൻെറ ഘടനയെ പ്രതിഫലിപ്പിക്കുകയോ ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യും. സാമൂഹ്യശാസ്ത്രപരമായ ഏതൊരു സാഹിത്യസമീപനത്തിലും പ്രത്യയശാസ്ത്രമാണ് പ്രധാനഘടകം. ആശയാനുഭവങ്ങളുടെ കൂട്ടായ ചിത്രീകരണമാണ് പ്രത്യയശാസ്ത്രം. ഈ അനുഭവങ്ങൾക്കാധാരമായ സ്ഥൂലയാഥാർത്ഥ്യം പ്രത്യയശാസ്ത്രത്തിന് വിപരീതമാണ്. പ്രത്യയശാസ്ത്രം വസ്തുനിഷ്ഠമായ വിജ്ഞാനത്തിൽനിന്നും വിഭിന്നമാണ്. സമൂഹത്തെക്കുറിച്ചുള്ള പ്രത്യയശാസ്ത്രപരമായ വീക്ഷണം സാഹിത്യത്തിന് ഒരു വൈരുദ്ധ്യാത്മകസ്വഭാവം നൽകുന്നു. പ്രത്യയശാസ്ത്രവും യാഥാർത്ഥ്യവും സാഹിത്യകാരൻെറ ഭാവനയാൽ രൂപാന്തരംപ്രാപിക്കുന്ന പാഠത്തിലെ മൂലഘടകങ്ങളാണ്. പ്രത്യയശാസ്ത്രത്തെ സൃഷ്ടിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് രചനയെന്ന കലാവൈഭവമാണ്. പാഠചിത്രീകരണത്തിലൂടെ സാഹിത്യം പ്രത്യയശാസ്ത്രം സൃഷ്ടിക്കുന്നു. പാഠവും അതിലെ പ്രത്യയശാസ്ത്രവും തമ്മിലൊരു പാഠാന്തരസംഘർഷമുണ്ടെങ്കിലും, അവ രണ്ടും അവിഭാജ്യമാണ്. സാഹിത്യം പ്രത്യയശാസ്ത്രത്തെ ഉപയോഗപ്പെടുത്തുകവഴി അതിനെ വെല്ലുവിളിക്കുന്നു. പ്രത്യയശാസ്ത്രത്തിന് സാഹിത്യത്തിൽ പരിണാമം സംഭവിക്കുന്നുവെങ്കിലും, പാഠരൂപത്തിൽ സാഹിത്യവും പ്രത്യയശാസ്ത്രവും അഭേദ്യമാണ്. സർഗ്ഗരചനയിൽ ഏർപ്പെടുമ്പോൾ ഒരു ഫെമിനിസ്റ്റ് സാഹിത്യകാരി തൻെറ പ്രത്യയശാസ്ത്രത്തിനുനേരെയുള്ള വെല്ലുവിളി എപ്പോഴും അഭിമുഖീകരിക്കുന്നു. പ്രത്യയശാസ്ത്രം സാഹിത്യപരതയ്ക്ക് കീഴ്പ്പെടുകയോ മറിച്ചോ സംഭവിക്കാമെന്നതാണ് പ്രശ്നം. ഒരു ഫെമിനിസ്റ്റ് സാഹിത്യകൃതിയിൽ ലൈംഗികസമത്വാദർശവും ലൈംഗികാസമത്വയാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യം സ്പഷ്ടമായി ചിത്രീകരിക്കപ്പെടുന്നു. വിജയപ്രദമായ ഏതൊരു കലാരൂപവും ഇത്തരം വൈരുദ്ധ്യങ്ങൾക്ക് അതിൻെറ നിഗൂഢഘടന(deep structure)യിൽ രൂപം നൽകുകയും, സാമഞ്ജസ്യ(harmony)മെന്ന ആശയം നിഷേധാത്മകമായി (negatively) പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ലൈംഗികസമത്വ ത്തിൻെറ ആദർശപ്രയോഗങ്ങളെ സമന്വയിപ്പിച്ച് മനുഷ്യസമൂഹത്തിൻെറ ഏകീകൃതചിത്രം അവതരിപ്പിക്കുന്നതിന് ഒരു ഫെമിനിസ്റ്റ് സാഹിത്യകാരി ശ്രമിക്കുന്നു. സാഹിത്യപരത ബലികഴിക്കാതെ തൻെറ പ്രത്യയശാസ്ത്രത്തെ സത്യസന്ധമായി ചിത്രീകരിക്കുന്നതിലാണ് ഒരു ഫെമിനിസ്റ്റ് സാഹിത്യകാരിയുടെ വൈഭവം വെളിപ്പെടുന്നത്.

പുരുഷമേധാവിത്വം ലൈംഗികവിവേചനത്തിൻെറ പ്രത്യയശാസ്ത്രമാണ്. അധീശത്വം പുലർത്തുന്ന പ്രബലമായ പ്രത്യയശാസ്ത്രമെന്ന നിലയിൽ പുരുഷമേധാവിത്വം ഒരു ജീവിതരീതിയാണ്. സാമൂഹ്യമനഃ

സാക്ഷിയിൽ ദൃഢമായി ആലേഖനംചെയ്യപ്പെട്ടിട്ടുള്ള ഒരു മൂല്യവ്യവസ്ഥ (value system) പുരുഷമേധാവിത്വത്തിൻേറതായി നിലനിൽക്കുന്നു. സമൂഹത്തിലെ ഭൂരിഭാഗത്തിനും പുരുഷമേധാവിത്വം ഒരു യഥാർത്ഥാനുഭവമാണ്. സാമൂഹ്യശാസ്ത്രപരമായ വിമർശനങ്ങളൊന്നുംതന്നെ മുൻവിധികളിൽനിന്ന് സ്വതന്ത്രമല്ല. പുരുഷമേധാവിത്വസമൂഹത്തിൽ വിമർശനം കുറ്റകരമായി പുരുഷകേന്ദ്രിത(andro-centric)മാണ്. പ്രബലമായ പുരുഷവർഗ്ഗത്തിൻേറ പ്രതിനിധികളായി സാഹിത്യകാരന്മാർ ചിന്തിക്കുകയും എഴുതുകയും ചെയ്യുന്നു. പുരുഷന്മാരായ എഴുത്തുകാർ സൃഷ്ടിക്കുന്ന സ്ത്രീബിംബങ്ങൾ പുരുഷമേധാവിത്വത്തെ ശക്തിപ്പെടുത്തുവാനും സ്വാഭാവികവല്ക്കരിക്കുവാനും സഹായിക്കുന്നു. പരമ്പരാഗതമായ സ്ത്രീബിംബങ്ങൾ സമൂഹചേതനയിൽ അതിദൃഢമായി ആലേഖനംചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് അവ മായ്ക്കുക എളുപ്പമല്ല. ആയാസകരമായ കൃത്യമാണത്. ഫെമിനിസം പ്രബലമായ ലൈംഗികവിവേചനപ്രത്യയശാസ്ത്രത്തെ പ്രതിരോധിക്കുന്ന ഒരു എതിർപ്രയോഗ(oppositional practice)മാണ്. ഫെമിനിസവും ഫെമിനിസ്റ്റ് വിമർശനവും മറ്റ് പ്രത്യയശാസ്ത്രങ്ങൾക്കും സാഹിത്യസമീപനങ്ങൾക്കും ഒരു വിരുദ്ധതയായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും സ്ത്രീകേന്ദ്രിതവുമാണ്. പുരുഷചിന്തകളും രചനകളും ഒരിക്കലും ലിംഗപരിഗണനകളിൽനിന്നും സ്വതന്ത്രമല്ലെന്ന് ബോദ്ധ്യപ്പെടുത്തുകയാണ് ഫെമിനിസ്റ്റുകളുടെ ലക്ഷ്യം. സാർവ്വലൗകികം, ലിംഗഭേദാതീതം, രാഷ്ട്രീയേതരം എന്നൊക്കെ വിശേഷിപ്പിക്കപ്പെടാറുണ്ടെങ്കിലും സാഹിത്യവും വിമർശനവും എപ്പോഴും സ്ത്രീകളെ സംബന്ധിച്ച് വികലമായ വീക്ഷണ ചിത്രീകരണമാർഗ്ഗങ്ങൾ അവലംബിച്ചുപോരുന്നു. എന്നാൽ ഫെമിനിസ്റ്റ് സാഹിത്യം പുരുഷമേധാവിത്വസമൂഹത്തിൽ സ്ത്രീകളുടെ സത്യസന്ധമായ ചിത്രീകരണത്തിനുള്ള ആത്മാർത്ഥമായ ശ്രമത്തിൻേറ ഫലമാണ്. സ്ത്രീതലമുറകളുടെ കൂട്ടായ ചിന്തയുടെയും അനുഭവങ്ങളുടെയും പരിണതഫലമാണ് ഫെമിനിസ്റ്റ് രചന. ഇത്തരം രചനകൾ സ്ത്രീകളുടെ അനന്യതാപ്രതിസന്ധിക്ക് കാരണമായിട്ടുള്ള സ്ത്രീകളുടെ പീഡനാവഗണനകൾ പ്രകാശിപ്പിക്കുന്നു.

## സ്ത്രീരചന

സ്ത്രീചേതനയുടെ സാഹിത്യപരമായ അഭിവ്യഞ്ജനമാണ് സ്ത്രീരചനകൊണ്ട് അർത്ഥമാക്കുന്നത്. പൂർണ്ണമായും സ്ത്രൈണാനുഭവങ്ങൾ മാത്രം പ്രകാശിപ്പിക്കുന്ന ഫെമിനിസ്റ്റ് സാഹിത്യത്തിൻേറ ഉള്ളടക്കത്തിലും രൂപത്തിലും സ്ത്രൈണഭാവമുദ്രയുടെ പ്രഭാവം കാണാം.



ഒരു ഫെമിനിസ്റ്റ് സാഹിത്യപാഠത്തിലെ ആന്തരികസംഘർഷം, എപ്പോഴും സുവ്യക്തമാണ്. പാരമ്പര്യേതരമായ ഉള്ളടക്കവും, കർക്കശമായ രൂപശില്പനിർമ്മിതിക്കുവേണ്ടിയുള്ള നിരന്തരാവശ്യവും തമ്മിലുള്ള സംഘർഷമാണിത്. എഴുത്തുകാരിയിലോ മുഖ്യപാത്രത്തിലോ നിലനിൽക്കുന്ന ആത്മസംഘർഷത്തിൻേറ ബാഹ്യവല്ക്കരണമാണിത്. എഴുത്തുകാരിയുടെയോ കഥാപാത്രത്തിൻേറയോ മാനസികശിഥിലീകരണത്തിൻേറ കേന്ദ്രീകൃതശക്തിയും, മാനസികപൂർണ്ണത പ്രാപിക്കുന്നതിനുള്ള ത്വരയുടെ അപകേന്ദ്രീകൃതശക്തിയും തമ്മിലുള്ള സംഘർഷമാണിതിന് നിദാനമായിട്ടുള്ളത്. സാഹിത്യകാരിയുടെ മനസ്സിൽ നിലീനമായിരിക്കുന്ന ഒരു സംഘർഷമായി ഇതിനെ പരിഗണിക്കാം. ഫെമിനിസ്റ്റ് സാഹിത്യത്തിൽ കാവ്യാന്തരീക്ഷം, കഥാനിർമ്മിതി, ബിംബാവലി, താളം, ലയം, പ്രാസം, വൃത്താലങ്കാരങ്ങൾ, ആഖ്യാനരീതി, പാത്രസൃഷ്ടി ഇവയിലെല്ലാം ഒരു സ്ത്രീസ്പർശം കാണാം. ഒരു ഫെമിനിസ്റ്റ് സാഹിത്യകാരി ഉള്ളടക്കത്തിൻേറ തെരഞ്ഞെടുപ്പിലും അതിൻേറ രൂപഘടനാനിർവ്വഹണത്തിലും അതുല്യയാണ്. ഈ അതുല്യത എഴുത്തുകാരി നേരിടുന്ന വൈരുദ്ധ്യാത്മകപ്രവർത്തനങ്ങളുടെ പരിണതഫലമാണ്. സ്ത്രീയായിരിക്കുക (being a woman) എന്നതും, സ്ത്രീ ആയിത്തീരുക (becoming a woman) എന്നതുമാണ് ഈ പ്രക്രിയകൾ.

## കലയെ സംബന്ധിച്ച പിതൃധർമ്മസിദ്ധാന്തത്തിൻേറ മീമാംസ

സ്ത്രീരചന സാധാരണസാഹിത്യത്തിൽനിന്ന് വിഭിന്നമാണെന്നത് വളരെ സ്പഷ്ടമാണ്. മാർഗററ്റ് ഹൊമാൻസ് (Margaret Homans) മുതലായ ആദ്യകാല ഫെമിനിസ്റ്റുകൾ ഈ വ്യത്യാസം അംഗീകരിക്കുവാൻ തയ്യാറായില്ല. ലൈംഗികാനന്യതമാത്രം ഒരു സാഹിത്യസൃഷ്ടിയുടെ സ്വഭാവം നിശ്ചയിക്കുന്നില്ല എന്ന ഹൊമാൻസിൻേറ പ്രസ്താവന ഇവിടെ സ്മരണീയമാണ് (3). വെർജീനിയ വൂൾഫി(Virginia Woolf)നും ഈ അബദ്ധംപിണഞ്ഞു. അതിനാലാണ് ഒരു മഹത്ചേതന സ്ത്രീപുരുഷസമന്വിതമാണെന്ന കോലെറിജ്(Coleridge)ൻേറ സിദ്ധാന്തത്തെ വൂൾഫ് ശരിവച്ചത് (157). സ്ത്രീപുരുഷസമീപനങ്ങളുടെ സംലയനംമൂലമാണ് ഒരു സാഹിത്യപാഠമുണ്ടാകുന്നതെന്നും, സാഹിത്യസൃഷ്ടി ലിംഗഭേദാതീതമായി എഴുത്തുകാർക്ക് ഒരു സാക്ഷാത്കാര

ബോധം നൽകുന്നുവെന്നും വൂൽഫ് ചിന്തിച്ചിരുന്നു (157). സ്ത്രീരചനയെ അവമതിക്കുന്ന വിമർശനശ്രമങ്ങളായാണ് ഈ ചിന്താധാരയെ സമകാലിക ഫെമിനിസ്റ്റുകൾ കാണുന്നത്. സ്ത്രീകളായ എഴുത്തുകാരും വിമർശകരുംകൂടി അംഗീകരിക്കുന്ന കലയെ സംബന്ധിച്ച ഒരു പിതൃധർമ്മസിദ്ധാന്തത്താൽ സാഹിത്യം നിയന്ത്രിതമാണെന്ന് സാൻഡ്രാ എം. ഗിൽബെറ്റ് (Sandra M. Gilbert), സൂസൻ ഗ്യൂബെ (Susan Gubar) എന്നീ ഫെമിനിസ്റ്റ് വിമർശകർ ചൂണ്ടിക്കാണിക്കുന്നു (6, 7). ചിരപ്രതിഷ്ഠനേടിയ ഒരു സാഹിത്യസൃഷ്ടിയുടെ രചയിതാവ് എന്ന നിലയിൽ ഒരു സാഹിത്യകാരൻ ഭാവിതലമുറകളുടെ ശ്രദ്ധ ആവശ്യപ്പെടുന്നു. പക്ഷേ, ഒരു എഴുത്തുകാരിയെ സംബന്ധിച്ചിടത്തോളം ഇത് ഒരിക്കലും പ്രാവർത്തികമാകുന്നില്ല. ഒരു എഴുത്തുകാരി മിക്കവാറും അവഗണിക്കപ്പെടുകയും അവളുടെ സർഗ്ഗശക്തി അംഗീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന, വൈരം വളർത്തുന്ന ലിംഗവിവേചനമാതൃകകൾ—സ്ത്രീയെ സംബന്ധിച്ചിടത്തോളം—സാഹിത്യം നിയന്ത്രിതപരിധിക്കുള്ളിലാണെന്ന് എഴുത്തുകാരിയെ വേദനാപൂർവ്വം ബോധവതിയാക്കുന്നു.

കലാസൃഷ്ടികർമ്മത്തെ ജൈവസൃഷ്ടികർമ്മത്തോട് സദൃശമായി പരിഗണിക്കുന്നത് പുരുഷകേന്ദ്രിതസൗന്ദര്യശാസ്ത്രത്തിൻെറ പതിവാണ്. ഈ വീക്ഷണത്തിൽ ഒരു കലാസൃഷ്ടി പുരുഷകലാകാരനും സ്ത്രൈണഭാവമുൾക്കൊള്ളുന്ന ബാഹ്യലോകവും തമ്മിലുള്ള സംയോഗത്തിൻെറ ഫലമാണ്. ഈ ചിന്താഗതിയിൽ ഒരു സാഹിത്യസൃഷ്ടി ശിശ്നസമാനമായ തൂലികയും കന്യകാതുല്യമായ ശൂന്യപത്ര(blank page) വും ഭാഗഭാക്കുകളാകുന്ന ഒരു പ്രജനനപ്രക്രിയയുടെ പരിണതഫലമാണ്. നോർമൻ ഒ. ബ്രൗൺ (Norman O. Brown) ഈ ആശയം അംഗീകരിക്കുന്നതിനുവേണ്ടി സ്വത്വത്തിനും പാഠത്തിനും ലിംഗനിർവചനം നൽകുകയുണ്ടായി (134). സ്വത്വം പൗരുഷഭാവവും പാഠം സ്ത്രൈണഭാവവുമുൾക്കൊള്ളുന്നതായി ബ്രൗൺ ചിന്തിച്ചിരുന്നു. ഒരു ഗ്രന്ഥകാരനെ പിതൃശ്രേഷ്ഠനായി പ്രകീർത്തിക്കുന്ന രീതി ഈ ആശയത്തിൻെറ ഒരു വ്യാപനമാണ്. സാഹിത്യചരിത്രംതന്നെ പുരുഷന്മാരായ എഴുത്തുകാരാൽ നിർമ്മിതമാണെന്ന വീക്ഷണമാണ് നിലനിൽക്കുന്നത്. കാവ്യസ്വാധീനത്തെ പുത്രതുല്യമായ ബന്ധ(sonship)മായി ചിത്രീകരിക്കുന്നതുവഴി ഹാരെൽഡ് ബ്ലൂം(Harold Bloom) ഈ ആശയത്തിന് ഊന്നൽനൽകുന്നു (11). പുരുഷമേധാവിത്വത്തിലെ ഒരു വംശപരമ്പര സൂചിപ്പിക്കുന്നതുപോലെയാണ് സാഹിത്യസ്വാധീനം തലമുറയിൽനിന്ന് തലമുറയിലേക്ക് പകരുന്നത്. സാഹിത്യചരിത്രം പിതാവും പുത്രനും ശക്തന്മാരായ എതിരാളികളായിട്ടുള്ള യുദ്ധങ്ങളാൽ സമ്പന്നമാണെന്ന ബ്ലൂമിൻെറ നിരീക്ഷണം ഇവിടെ പ്രസക്തമാണ് (26). ഒരു ചരിത്രജീവിയെന്നനിലയിൽ സ്ത്രീക്ക് ഈ ബൗദ്ധികയുദ്ധത്തിലുള്ള പങ്ക് നിഷേധിച്ചിരിക്കുന്നു. കലാസൃഷ്ടികർമ്മം ജൈവസൃഷ്ടികർമ്മവുമായി തുലനംചെയ്യുമ്പോൾ, സൂസൻ ഗ്യൂബെ ചൂണ്ടിക്കാണിക്കുന്നതുപോലെ, സ്ത്രീകൾക്ക് പ്രചോദനത്തിൻെറ ഭീകരത അക്ഷരാർത്ഥത്തിൽ



ബലാൽക്കാരഭീകരതയായിട്ടാണ് അനുഭവവേദ്യമാകുന്നത്(256). സ്ത്രീശരീരത്തിൻെറ നാശത്തിൽ പര്യവസാനിക്കുന്ന ഒരുതരം ബലാൽക്കാരമായിട്ടാണ് സ്ത്രീക്കും കലാസൃഷ്ടികർമ്മം അനുഭവപ്പെടുന്നത്. സാൻഡ്രാ എം. ഗിൽബെറ്റും സൂസൻ ഗ്യൂബെയും അഭിപ്രായപ്പെടുന്നതുപോലെ, ഇത്തരം ആന്തരവൽക്കരണപ്രതിഭാസങ്ങൾ സൂചിപ്പിക്കുന്നത്, ഒരു എഴുത്തുകാരിയുടെ കലാപരമായ ആത്മനിർവ്വചനത്തിനുവേണ്ടിയുള്ള പോരാട്ടത്തെയാണ് (50). സ്ത്രീശരീരമാണ് സ്ത്രീരചനയ്ക്കു പിന്നിലുള്ള യഥാർത്ഥശക്തിയെന്ന് അതനുസരിച്ച് തോന്നുകയും ചെയ്യും.

കലയായി സൗന്ദര്യവല്ക്കരിക്കപ്പെട്ട സ്ത്രീശരീരത്തിൻെറ ബലിസദൃശ സ്വഭാവ(sacrificial nature)ത്തെക്കുറിച്ച് സ്ത്രീരചന നമ്മെ സ്ഥിരമായി ഓർമ്മിപ്പിക്കുന്നു. ക്രിസ്റ്റിന റോസ്സെറ്റി (Christina Rossetti) തൻെറ ഗീതം ഒരു കന്യാരക്തബലിയായി അർപ്പിക്കുന്നു (Gubar 253). 'ധൃഷ്ടപ്രദർശനപരസ്യങ്ങൾ' (The Loud Posters) എന്ന കവിതയിൽ മാധവിക്കുട്ടി തൻെറ കവിതയെ ഒരുതരം ദുഃഖബലിയായി, ഒരു ദ്വിമാന നഗ്നതയായി ചിത്രീകരിക്കുന്നു. സ്ത്രീയായ ഒരു കവി യാതന അനുഭവിക്കുന്ന ഇരയാണെന്ന തൻെറ ദർശനത്തിൽ റോസ്സെറ്റി രക്തസ്രാവത്തെ കഥാഖ്യാനത്തോടും വിവാഹത്തെ രക്തസാക്ഷിത്വത്തോടും സമീകരിക്കുന്നു (Gubar 253—54). ആയിരത്തൊന്നുരാവുകളിലെ ഷെഹർസാദിൻെറ കഥാഖ്യാനകല അവളെയും മറ്റു പെൺകുട്ടികളെയും മരണവക്ത്രത്തിൽനിന്ന് രക്ഷിച്ച ഒരു പ്രതിസ്ത്രീഗാത്ര(Surrogate female body)മാണെന്ന് ഗ്യൂബെ അഭിപ്രായപ്പെടുന്നു (254). മെയ് സ്വെൻസൻ (May Swenson) എഴുതിയ 'മുറിവ്'(cut), മേജ് പിയേസി (Merge Piercy) യുടെ 'ഞാൻ ഇപ്പോഴും അങ്ങയെ സ്പർശിച്ചറിയുന്നു' (I still feel you) മുതലായ കവിതകൾ മുറിവേറ്റ കവിസ്വത്വംപോലെ, രക്തസ്രാവത്താൽ മുദ്രണംചെയ്യപ്പെടുന്ന, അശുദ്ധമാക്കപ്പെട്ട സ്ത്രീശരീരത്തെ ചിത്രീകരിക്കുന്നു (Segnitz and Rainey 187—88). താൻ ബലിയാക്കപ്പെടുമെന്ന ബോധം ഒരു എഴുത്തുകാരിയെ ഭീതയാക്കുന്നു. സിൽവിയാ പ്ലാത് (Sylvia Plath) മുതലായ എഴുത്തുകാരികൾ ഭൂതാവിഷ്ടവും വ്രണിതവുമായ അവസ്ഥയിൽനിന്നാണ് കവിത ഉദ്ഭവിക്കുന്നതെന്ന് ഉൽക്കണ്ഠാകുലരായിരുന്നു (Gubar 256). താൻ സ്വയംപീഡിതാക്രമണത്താൽ സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവാണെന്ന ഭീതിയിൽനിന്നും രക്ഷപ്പെടുവാൻ പ്ലാത് ശ്രമിക്കുന്നതായി കാണാം. പ്ലാതിൻെറ കവിതകളിലാകെ നിസ്സഹായതാബോധം വ്യാപിച്ചിരിക്കുന്നു. വിദ്യുത് സ്ഫുലിംഗങ്ങളുടെ ക്ഷിപ്രാഘാതത്തിൽനിന്നുദ്ഭവിക്കുന്ന വാക്കുകളാലാണ് പ്ലാത് കവിത സൃഷ്ടിക്കുന്നതെന്ന് ഗ്യൂബെ അഭിപ്രായപ്പെടുന്നു (256). കലയുടെ ആഘാതം ഇവിടെ ആത്മഹത്യാപരമാണ്. തൻെറ കലയും ജീവിതവുമാകുന്ന ദുരന്തനാടകത്തിലെ നായികയുടെ ഭാഗം പ്ലാത് സ്വമേധയാ സ്വീകരിച്ചിരുന്നു.

റ്റിലി ഓൽസൻ (Tillie Olsen), ആൻ സെക്സ്റ്റൻ (Anne Sexton) തുടങ്ങിയ എഴുത്തുകാരികൾ സ്ത്രൈണസംസ്കാരത്തിൽ നിശ്ശബ്ദതയ്ക്കുള്ള പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഓൽസൻെറ

'നിശ്ശബ്ദതകൾ' (Silences) എന്ന കൃതിയും, സെക്സ്റ്റൻെറ 'നിശ്ശബ്ദത' (The Silence) എന്ന കവിതയും സ്ത്രീകളെ സംബന്ധിച്ചിടത്തോളം അപ്രസ്തുതസംഗതികൾ കൂടുതൽ പ്രസക്തമാണെന്ന് തെളിയിക്കുന്നു. സാഹിത്യലോകത്തിൽ സ്ത്രീശബ്ദം മാറ്റൊലിക്കൊള്ളുന്നില്ല. പുരുഷമേധാവിത്വത്തിൽ നിലനിൽക്കുന്ന അഭാവങ്ങളും നിഷേധങ്ങളും നിശ്ശബ്ദതയും ശൂന്യപത്രവും എഴുത്തുകാരികളെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നു. സ്ത്രൈണമായവ അഭാവം, നിശ്ശബ്ദത, അസംഗതി തുടങ്ങി ചിത്തഭ്രമത്താൽവരെ സൃഷ്ടിക്കപ്പെടുന്നവയാണ്. മേരി ഈഗിൽറ്റൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, സ്ത്രീദർശനം അബോധതലത്തിലാണ് ദൃശ്യമാവുന്നത് (5). സാഹിത്യലോകത്തിൽ സ്ത്രൈണഭാവങ്ങൾ അടിച്ചമർത്തപ്പെടുന്നതും സ്ത്രൈണശബ്ദം അവഗണിക്കപ്പെടുന്നതും അസാധാരണമല്ല. സ്ത്രൈണാനുഭവങ്ങൾ നിരാകരിക്കപ്പെടുന്നതിനാൽ, ഒരു സ്ത്രീരചനാപാഠത്തിൻെറ വിശകലനത്തിൽ ലംബഘടകങ്ങൾക്ക് (Paradigmatic elements) തിരശ്ചീനഘടകങ്ങളേ(Syntagmatic elements)ക്കാൾ കൂടുതൽ പ്രസക്തിയുണ്ട്. ഒരു സാഹിത്യപാഠത്തിൽ എന്തിൻെറയെങ്കിലും പ്രഭാവത്തെയും സ്വാധീനത്തെയും സുതാര്യതയെയും സൂചിപ്പിക്കുന്ന ഘടകങ്ങളെ തിരശ്ചീനഘടകങ്ങളെന്നും അഭാവത്തെയും നിഷേധത്തെയും നിഗൂഢതയെയും സൂചിപ്പിക്കുന്ന ഘടകങ്ങളെ ലംബഘടകങ്ങളെന്നും വിളിക്കുന്നു. സമ്പൂർണ്ണദർശനത്തിൻെറ കണ്ണികൾ അവിടെ അസംഗതവും നിശ്ശബ്ദവുമായവയിൽ നിലകൊള്ളുന്നു. ഏതു സ്ത്രീരചനയിലെയും പാഠം ലൈംഗികതയാണ് എന്നു പറയുന്നതിൽ തെറ്റില്ല. അനന്യതാന്വേഷണമാണ് സ്ത്രീരചനയുടെ മൗലികചോദന. സാൻഡ്രാ എം. ഗിൽബെറ്റിൻെറയും സൂസൻ ഗ്യൂബെയുടെയും അഭിപ്രായത്തിൽ ആത്മനിർവ്വചനത്തിനുവേണ്ടിയുള്ള സ്ത്രീയുടെ അന്വേഷണമാണ് ഫെമിനിസ്റ്റ് സാഹിത്യത്തിനു പ്രചോദനം നൽകുന്നത് (76). എലെയ്ൻ ഷോവാൽട്ടെ(Elaine Showalter) അവിഘ്നമായ അനന്യതാന്വേഷണം സ്ത്രീരചനയുടെ പ്രമേയമാണെന്ന് അഭിപ്രായപ്പെടുന്നു (13). സൂസൻ ജൂഹാസി(Susan Juhaz)ൻെറ അഭിപ്രായത്തിൽ ഒരു ഫെമിനിസ്റ്റ് കവി തൻെറ കവിതയിൽ പീഡിതബോധത്തെ അനന്യതാബോധവുമായി തുലനംചെയ്യുന്നു (Brown and Olson, 161). സ്വത്വത്തെ സംബന്ധിച്ച ആശയവുമായി സ്ത്രീകളനുഭവിക്കുന്ന വിഷമതകൾ സ്ത്രീരചനയിൽ പ്രതിഫലിക്കുന്നു. ഫെമിനിസ്റ്റായ ഒരു സാഹിത്യകാരി രക്ഷാകർത്താക്കൾ, കാമുകർ, മക്കൾ മുതലായ അപര (others)രോടുള്ള സാമ്യവ്യത്യാസങ്ങളുടെ വൈരുദ്ധ്യ(paradore)ത്തിലൂടെ ആത്മപ്രകാശനം നടത്തുന്നു. പുരുഷകേന്ദ്രിത സൗന്ദര്യ—നീതിശാസ്ത്രങ്ങളിൽനിന്നുള്ള അന്യവൽക്കരണത്തിലൂടെയും ഒരു ഫെമിനിസ്റ്റ് എഴുത്തുകാരിക്ക് തൻെറ അനന്യതാബോധം പ്രകടിപ്പിക്കാം. സ്ത്രീകൾക്ക് ലിംഗം, ലൈംഗികത, ശരീരം എന്നിവയെക്കുറിച്ചുള്ള ബോധത്തിന് സ്ത്രീസ്വത്വത്തെക്കുറിച്ചുള്ള അവബോധത്തിൽ വലിയ പ്രസക്തിയുണ്ട്. ഒരു സ്ത്രീ



തൻെറ സ്വത്വത്തെ തൻെറ ശരീരത്തിലൂടെ വിലയിരുത്തുന്നു. അതിനാൽ ഒരു ഫെമിനിസ്റ്റ് എഴുത്തുകാരി സ്ത്രീസ്വത്വത്തെ എല്ലായ്പ്പോഴും സ്ത്രീശരീരത്തിന് സമമായി ദർശിക്കുന്നു.

## ഫെമിനിസ്റ്റ് പാഠം

ഒരു സാഹിത്യകൃതി അതിൻെറ കാര്യനിർവ്വഹണപരമായ രാഷ്ട്രീയമൂല്യത്തിന് ഊന്നൽനൽകുന്നു. അതിനാൽ പ്രത്യക്ഷമായ ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രമാണ് ഒരുത്തമ ഫെമിനിസ്റ്റ് കൃതിയുടെ സവിശേഷത. അവിടെ രാഷ്ട്രീയവും സൗന്ദര്യശാസ്ത്രവും വിരുദ്ധപ്രയോഗങ്ങളല്ല. അവ പരസ്പരപൂരകങ്ങളായി ഒരു സാഹിത്യകൃതിയിൽ അലിഞ്ഞുചേർന്നിരിക്കുന്നു. റ്റൊറിൽ മോഇൗ (Toril Moi) ചൂണ്ടിക്കാണിക്കുന്നതുപോലെ, ഉള്ളടക്കം ശരിയായ യഥാതഥരൂപത്തിൽ ചിത്രീകരിക്കുന്ന സംഗതിയാണ് രാഷ്ട്രീയം (7). ഫെമിനിസ്റ്റ് സാഹിത്യത്തിൽ ചിത്രീകരിക്കപ്പെടുന്ന സ്ത്രീയുടെ യഥാർത്ഥരൂപം ലിംഗസവിശേഷമായ ഒരു തിരശ്ചീനചിത്രീകരണ(Syntagmatic portrayal)മാണ്. ഫെമിനിസ്റ്റായ ഒരു എഴുത്തുകാരി തൻെറ സ്വകാര്യാനുഭവങ്ങൾക്ക് സാർവ്വത്രികാനുഭവങ്ങൾക്കൊപ്പം ഊന്നൽനൽകുകയും അവയെ തൻെറ പ്രത്യയശാസ്ത്രത്തിൻെറയും സൗന്ദര്യശാസ്ത്രത്തിൻെറയും സമന്വയത്തിലൂടെ ധന്യമാക്കുകയും ചെയ്യുന്നു. ഒരു സാഹിത്യകൃതി അത് ചിത്രീകരിക്കുന്ന പ്രത്യയശാസ്ത്രത്തിൻെറ പര്യായമായി മാറുന്നു. പ്രത്യയശാസ്ത്രം വ്യക്തിപരവും നിർവ്യക്തികവുമായ സംഗതികളാൽ സ്പഷ്ടമാക്കപ്പെടുന്നു. അതിനാൽ അവയിലെ പ്രത്യയശാസ്ത്രത്തെ സൗന്ദര്യവൽക്കരിക്കുന്നതിന് ശ്ലാഘനീയമായ പ്രാഗല്ഭ്യം ആവശ്യമാണ്. ഏതൊരു കൃതിയുടെയും രാഷ്ട്രീയപ്രാധാന്യം, റീറ്റ ഫെൽസ്കി(Rita Felski)യുടെ അഭിപ്രായത്തിൽ, അതിൻെറ സാഹിതീയമായ നിർമ്മിതി(lite rary construct)യെ ധ്വംസിക്കുന്നു (4). സാഹിത്യഭാഷയുടെ ഘടന യിലും രൂപത്തിലുമുള്ള സങ്കീർണ്ണതകൾ പ്രത്യയശാസ്ത്രത്തിൻെറ സ്ഥിരാർത്ഥങ്ങളെ ചോദ്യംചെയ്യുന്നു. ഒരു എഴുത്തുകാരിയുടെ രാഷ്ട്രീയ വിശ്വാസം അവളുടെ പാഠ്യരീതി(Textual practice)യിൽ ശരിയായി നിർണ്ണയിക്കുവാൻ കഴിയുമെന്ന് മോഇൗ അഭിപ്രായപ്പെടുന്നു(6). ഒരു സാഹിത്യകൃതിയുടെ അപനിർമ്മാണത്തിലൂടെ ഇത് ഗ്രഹിക്കുവാൻ കഴിയും. ഭാഷാഘടനകളുടെ ധ്വംസകശക്തി സാമൂഹ്യപോരാട്ടങ്ങളുമായും സാമൂഹ്യമാറ്റങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നതായി ഫെൽസ്കി

ചിന്തിക്കുന്നു (6). എത്ര പരിചിതമായ പ്രത്യയശാസ്ത്രത്തെയും അപരി ചിതമാക്കു(defamiliarize)ന്നതിനുള്ള കഴിവ് സാഹിത്യഭാഷയ്ക്കുണ്ട്. രാഷ്ട്രീയത്തിന്റെയും സാഹിത്യത്തിന്റെയും വൈരുദ്ധ്യാത്മക സ്വഭാവം സാഹിത്യഭാഷയുടെ അപരിചിതത്വവല്ക്കരണക്ഷമത (defamiliarizing capacity)യെ ബാധിക്കുന്നില്ല. ഫെമിനിസ്റ്റ് പ്രത്യ യശാസ്ത്രത്തിന്റെ വൈരുദ്ധ്യാത്മകത എഴുത്തുകാരിക്ക് കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല. ഫെമിനിസം നേരിട്ടുള്ള രാഷ്ട്രീയ പ്രശ്നങ്ങളെ അഭിസംബോധനചെയ്യാത്തതാണ് ഇതിനു കാരണം. ജീവിതത്തിന്റെ സാംസ്കാരികപ്രത്യയശാസ്ത്രപരമായ മാറ്റങ്ങളിലാണ് ഫെമിനിസത്തിന്റെ മുഖ്യശ്രദ്ധ പതിയുന്നത്. നിത്യജീവിതത്തിലെ വൈയക്തികവും സാംസ്കാരികവുമായ ആത്മബോധത്തെ സ്വാധീനി ക്കാവുന്ന ഒരു മാധ്യമമാണ് സാഹിത്യം. റീറ്റെ ഫെൽസ്കി അഭിപ്രായ പ്പെടുന്നതുപോലെ, സാഹിത്യത്തിന്റെ ഈ സാമൂഹ്യധർമ്മം ഫെമിനി സ്റ്റ് വിമോചനരാഷ്ട്രീയത്തിൽ വളരെ നിർണ്ണായകമാണ് (7). കവി തയുടെ ഈ സാമൂഹ്യധർമ്മമാണ് സ്ത്രൈണാനുഭവങ്ങളുടെ ചിത്രീ കരണത്തിനൊരു സാംസ്കാരികപ്രഭാവം നൽകുന്നത്.

സ്ത്രീയെന്ന നിലയിൽ താനനുഭവിക്കുന്ന ലൈംഗികവിവേ ചനത്തിന്റെ ദുരവസ്ഥ എഴുത്തുകാരിയിൽ അവഗണനാബോധം സൃഷ്ടിക്കുന്നു. ലോകത്തിൽ അർത്ഥപൂർണ്ണമായ സ്വാധീനംചെലുത്തു വാൻ ഒരു എഴുത്തുകാരി പ്രയാസപ്പെടുന്നു. എഴുത്തുകാരിയുടെ ഈ ബുദ്ധിമുട്ട് സ്ത്രീകളുടെ സാർവ്വത്രികമായ ദുരവസ്ഥയെ ദ്യോതിപ്പി ക്കുന്നു. ഫെമിനിസ്റ്റായ ഒരെഴുത്തുകാരി, ഡെബെരെ പോപ്പ് (Deborah Pope) ചൂണ്ടിക്കാട്ടുന്നതുപോലെ, ഭാഷയുടെയും ശൈലിയുടെയും പ്രശ്നങ്ങളുമായും അധികാരത്തിന്റെയും നിലനിൽപ്പിന്റെയും ചോദ്യ ങ്ങളുമായും മല്ലടിക്കുന്നതിനോടൊപ്പം തന്റെ സ്വത്വവുമായി ബന്ധ പ്പെടുന്നതിനുകൂടി പ്രയത്നിക്കുന്നു (2, 3). ഭാഷയിലും ശൈലിയിലും അനു കരണീയമായ സ്ത്രീമാതൃകകൾ ഒരു എഴുത്തുകാരിക്ക് ലഭിക്കുന്നില്ല. ആദ്യകാല എഴുത്തുകാരികൾ പുരുഷന്മാരായ എഴുത്തുകാരെ ഈ കാര്യ ങ്ങളിൽ അന്ധമായി അനുകരിച്ചുപോന്നു. ഒരു കാലഘട്ടത്തിലെ എഴുത്തുകാരികളുടെ ഭാഷാശൈലികൾ പുരുഷന്മാരായ എഴുത്തുകാരു ടേതിൽനിന്ന് വേർതിരിച്ചുകാണുവാൻ ബുദ്ധിമുട്ടാണ്. ലിംഗഭേദമെന്യേ എഴുത്തുകാർ പുരുഷകേന്ദ്രിതഭാഷതന്നെ സാഹിത്യരചനയ്ക്കുപയോ ഗിക്കുന്നതാണിതിനു കാരണം. എഴുത്തുകാരികളെ സംബന്ധിച്ചിട ത്തോളം പുരുഷകേന്ദ്രിതഭാഷയുടെ ഈ ഉപയോഗം വിനാശകരമാണ്. കൊളോണിയൽ പശ്ചാത്തലത്തിൽ കോളനിയിലെ ജനങ്ങൾ ഭരണകർത്താക്കളുടെ ഭാഷ ഉപയോഗിക്കുന്നതിന് സമമാണിത്. സ്ത്രീ വർഗ്ഗത്തെ സൂചിപ്പിക്കുന്ന 'നാലാം ലോകം' (Fourth World) എന്ന പദ പ്രയോഗം ലൈംഗികകൊളോണിയലിസം എന്ന യാഥാർത്ഥ്യത്തി ലേക്കാണ് വിരൽചൂണ്ടുന്നത്. സമാനപദപ്രയോഗങ്ങളായ ആന്തരികാ വയവകൊളോണിയലിസം (Visceral colonialism), ശിശ്നസാമ്രാ



ജ്യത്വം (Phallic imperialism), പുരുഷലിംഗപീഡനം (Penile tyranny) തുടങ്ങിയവും സദൃശ്യസാഹചര്യങ്ങളെ സൂചിപ്പിക്കുന്നതായി റൂത് വെൻ (Ruthven) അഭിപ്രായപ്പെടുന്നു (30). പുരുഷകേന്ദ്രിതഭാഷയുടെ നിശ്ശബ്ദാംഗീകാരം പുരുഷമേധാവിത്വത്തിനുള്ള സ്ത്രീയുടെ കീഴടങ്ങലായി തെറ്റിദ്ധരിക്കാനിടയുണ്ട്. തങ്ങളുടെ വികാരവിചാരങ്ങളെ സത്യസന്ധമായി പ്രതിനിധാനംചെയ്യുന്നതിനുപയുക്തവും, എന്നാൽ പുരുഷകേന്ദ്രിതഭാഷയിൽനിന്ന് വ്യത്യസ്തവുമായ ഒരു ഭാഷ രൂപ പ്പെടുത്തുകയെന്നതാണ് ഫെമിനിസ്റ്റുകളുടെ പ്രഥമകർത്തവ്യം.

മുകളിൽ പ്രസ്താവിച്ച വിധത്തിലുള്ളൊരു ഭാഷയുടെ സൃഷ്ടി എഴുത്തുകാരിയുടെ സ്വത്വാന്വേഷണവുമായി അഭേദ്യമാംവിധം ബന്ധ പ്പെട്ടിരിക്കുന്നു. സ്ത്രീകളനുഭവിക്കുന്ന ഏകാന്തതാബോധവും ഒറ്റ പ്പെടലും അവരുടെ സ്വത്വാന്വേഷണത്തെ സങ്കീർണ്ണമാക്കുന്നു. തന്റെ സ്ത്രൈണാനുഭവങ്ങളെ സംബന്ധിക്കുന്ന സത്യം വെളിപ്പെ ടുത്തുന്നതിനും, തന്റെ നിഗൂഢപ്രതികരണങ്ങളെക്കുറിച്ച് എഴു തുന്നതിനും ഒരെഴുത്തുകാരി ആകാംക്ഷാഭരിതയാണ്. എഴുത്തുകാരി കളുടെ സാർവ്വത്രികമായ സവിശേഷത സ്ത്രീഭാവുകത്വമാണ്. പട്രീഷ്യാ മൈഎ സ്പാക്സ് (Patricia Meyer Spacks) തന്റെ വിമർശനത്തിൽ സ്ത്രൈണാനുഭവങ്ങളുടെ ഈ സമാനതയ്ക്ക് ഊന്നൽനൽകുന്നതായി കാണാം. സ്ത്രൈണാനുഭവങ്ങൾ ചിരകാലമായി ഒരുപോലെയാണെന്നും സ്ത്രീസഹജമായ സമാനതകൾ സ്ത്രീകൾ തമ്മിലുള്ള വ്യത്യാസങ്ങ ളേക്കാൾ കൂടുതൽ മൗലികമാണെന്നും സ്പാക്സ് അഭിപ്രായപ്പെടുന്നു (5). ലോകം മുഴുവനുമുള്ള എഴുത്തുകാരികൾ ഒരേവിധത്തിൽ ചിന്തിക്കു കയും എഴുതുകയും ചെയ്യുന്നുവെന്നുള്ളതാണ് അദ്ഭുതകരമായ വാസ്തവം. സ്ത്രീയുടെ വീക്ഷണകോണിലൂടെ ജീവിതപ്രശ്നങ്ങളെ ചിത്രീകരിക്കുന്നതിലും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതിലും എഴുത്തുകാരികൾ വ്യാപൃതരാണ്. മേരി ഈഗിൽറ്റൻ അഭിപ്രായ പ്പെടുന്നതുപോലെ, സ്ത്രീരചനയിൽ ഭാവനാപരമായ നൈരന്തര്യമുണ്ട് (12). തൽഫലമായി ചില പ്രത്യേക പ്രതീകങ്ങൾ, രൂപകങ്ങൾ, ബിംബങ്ങൾ, ശൈലികൾ, ധ്വനികൾ മുതലായവ സ്ത്രീരചനയിൽ ആവർത്തിക്കപ്പെടുന്നുണ്ട്. ഈ ആവർത്തനം സാമൂഹ്യവും ചരിത്രപരവു മായ സ്ത്രീയുടെ അവസ്ഥയെ വിലയിരുത്താവുന്ന വ്യക്തമായ മാനദണ്ഡങ്ങളാണ്. വ്യത്യസ്തങ്ങളായ ശൈലികൾക്കും ഉൽക്കണ്ഠ കൾക്കും ഇടയിൽ ഫെമിനിസ്റ്റ് സാഹിത്യത്തിൽ അസാധാരണമായ ഏകരൂപസ്വഭാവം നിലനിൽക്കുന്നു.

## മാതൃഭാവമെന്ന ദുർജ്ഞേയത

പുരുഷാധിപത്യപ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നതിനുപയോഗിക്കുന്ന ഒരു പ്രചരണമാർഗ്ഗമാണ് കുടുംബസാഫല്യത്തിൻെറയും മാതൃഭാവത്തിൻെറയും ദുർജ്ഞേയതാവാദം. ആരിലും തെറ്റിദ്ധാരണയുളവാക്കുന്ന പ്രചാരണമാണത്. സ്ത്രീയുടെ സാഹിത്യജൈവസൃഷ്ടികർമ്മങ്ങൾ പരസ്പരസംഘർഷത്തിലാണെന്ന ഒരു മിത്ത് പ്രചാരത്തിലുണ്ട്. ദുഷ്ടലാക്കോടെ സംഘടിതമായി പ്രചരിപ്പിക്കുന്ന അസത്യമാണിത്. നേരിൻെറ വഴിയിൽനിന്ന് ചിന്തയെ വ്യതിചലിപ്പിക്കാൻ ഇടയാക്കുന്ന അസത്യം. മാതൃത്വത്തിൻെറ സഹജവാസന ഒരു സ്ത്രീയുടെ ചേതനയെ സംരക്ഷിച്ചുനിർത്തുന്നു; സാഹിത്യസൃഷ്ടിക്ക് അനുരൂപമായ സൂക്ഷ്മത, അനുകമ്പ, വികാരം മുതലായ പ്രാഥമികഗുണങ്ങളാൽ അവളെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ഒരു ശിശുവിൻെറ ജനനവും ഒരു പാഠത്തിൻെറ രചനയും ജീവിതത്തിൻെറയും വളർച്ചയുടെയും സമാനപ്രതീകങ്ങളാണ്. എഴുത്തുകാരിയായ മാതാവിൻെറ ഹൃദയഭിത്തിയിൽഇവ ആത്മനിഷ്ഠതയുടെ അനുരണനങ്ങൾ സൃഷ്ടിക്കുന്നു. കമലാദാസിൻെറ 'ജയ്സൂര്യ'(Jaisurya), സിൽവിയാ പ്ലാതിൻെറ 'പ്രഭാതഗീതം'(Morning song), ആൻ സെക്സ്റ്റൻെറ 'പ്രസവവാർഡിലെ അജ്ഞാത ബാലിക'(Unknown Girl in the Maternity Ward) മുതലായ കവിതകൾ പ്രകൃതിയുടെയും മാതൃത്വത്തിൻെറയും സർഗ്ഗരചനയുടെയും അനുഭവങ്ങളെ പരസ്പരം കോർത്തിണക്കുകയും ഏകീകരിക്കുകയും ചെയ്യുന്നു. ഫെമിനിസ്റ്റായ ഒരെഴുത്തുകാരി, ഒരഭ്യാസിയെപ്പോലെ, സങ്കീർണ്ണവും അപകടകരവുമായ ഒരു സമന്വയപ്രക്രിയയിൽ സദാ വ്യാപരിച്ചിരിക്കുന്നു. ചില പുരുഷകേന്ദ്രിത സാഹിത്യമാനദണ്ഡങ്ങളുടെ പ്രത്യക്ഷമായ പ്രയോഗവും അതേ മാനദണ്ഡങ്ങളുടെ കഠിനവിമർശനവും തമ്മിലുള്ള സംതുലനസൃഷ്ടിയാണ് എഴുത്തുകാരിയിൽ നിക്ഷിപ്തമായിട്ടുള്ള ദൗത്യം. സുനിശ്ചിതത്വവും പ്രതിജ്ഞാബദ്ധതയുമില്ലെങ്കിൽ എഴുത്തുകാരിക്ക് തൻെറ അനന്യത നഷ്ടപ്പെടും. അപ്പോൾ, സ്വമതശാഠ്യമാരോപിച്ച് എഴുത്തുകാരിയെ ഒറ്റപ്പെടുത്തുവാൻ ഇടയുണ്ട്. എഴുത്തുകാരി നേരിടുന്ന വിഷമസന്ധി ഇതാണ്. ഏതു മാർഗ്ഗമവലംബിച്ചാലും എഴുത്തുകാരിക്ക് അതൊരു വെല്ലുവിളിയായി അനുഭവപ്പെടാതെ നിവൃത്തിയില്ല. ഈ സംഘർഷാവസ്ഥ എഴുത്തുകാരിയെ ഏകാന്തത, വൈകാരികപിരിമുറുക്കം, മദ്യപാനം, സിരാരോഗം, ചിത്തഭ്രമം തുടങ്ങി ആത്മഹത്യവരെ എത്തിക്കുന്നു. പല സ്ത്രീകൾക്കും സർഗ്ഗരചന ഒരേസമയം മാരകവും അപ്രതിരോധ്യവുമായ ആകർഷണമായിത്തീരുന്നു. ബ്രോൺെറ സഹോദരിമാർ, എമിലി ഡിക്കിൻസൻ, അവിലവൽ, ക്രിസ്റ്റിന റോസ്സെറ്റി മുതലായ എഴുത്തുകാരികൾ ഏകാന്തജീവിതത്തിലേക്ക് പിൻവാങ്ങി. വിരുദ്ധപ്രചോദനങ്ങൾ സർഗ്ഗധനയായ സ്ത്രീയെ പീഡിപ്പിക്കുകയും അവളുടെ ചേതനയെ വിഭക്തമാക്കുകയും ചെയ്യുന്നുവെന്ന് വെർജിന്യ വുൾഫ് മനസ്സിലാക്കി (86). സ്വത്വത്തിൻെറ മനോവി



ഭ്രാന്തിജന്യമായ ആന്തരികവിഭജനം അസഹ്യമായിത്തീർന്നപ്പോൾ സിൽവ്യാ പ്ലാത്തും ആൻ സെക്സ്റ്റനും ആത്മഹത്യചെയ്തു. സിരാരോഗത്തിൻെറയും ചിത്തഭ്രമത്തിൻെറയും ഇരയായ പല എഴുത്തുകാരികളും സാഹിത്യസപര്യയിലൂടെ മനോരോഗത്തെയും ആത്മഹത്യാപ്രവണതയെയും അതിജീവിച്ചതായി കാണാം.

ഭാര്യാത്വത്തിൽനിന്നും സ്ത്രീത്വത്തിൽനിന്നുമുത്ഭവിക്കുന്ന സ്ത്രൈണസാക്ഷാത്കാരത്തിൻെറ ദുർജ്ഞേയരഹസ്യം സത്യസന്ധമായ ആത്മപ്രകാശനത്തിനുദ്യമിക്കുന്ന എഴുത്തുകാർക്ക് ഒരു ഭീഷണിയാണ്. ഡെബറെ പോപ്പ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ഒരെഴുത്തുകാരിക്ക് സ്ത്രീത്വത്തെ സംബന്ധിച്ച സമൂഹത്തിൻെറ സാംസ്കാരികപ്രതീക്ഷകളും ഒരെഴുത്തുകാരിയാകുന്നതിനുള്ള തൻെറ ഉൽക്കർഷേച്ഛയും ഒരേസമയത്തു സഫലീകരിക്കുക എന്ന പ്രശ്നത്തെയാണ് നേരിടേണ്ടത് (3). ഒരെഴുത്തുകാരിയുടെ മനസ്സിലനുഭവപ്പെടുന്ന ഏറ്റവും ശക്തമായ സംഘർഷം കുടുംബിനിയും കലാകാരിയും തമ്മിലുള്ളതാണ്. ഈ സംഘർഷം സർഗ്ഗാത്മകമായ അസ്വസ്ഥതയായി പ്രവർത്തിക്കുന്നു. പുരുഷമേധാവിത്വത്തിൻെറ സൃഷ്ടിയായ മൂല്യവ്യവസ്ഥ കായികബലത്തിൻെറ അടിസ്ഥാനത്തിലാണ് സ്ഥാപിതമായിരിക്കുന്നത്. ഈ സന്ദർഭത്തിൽ കേറ്റ് മില്ലറ്റി(Kate Millet)ൻെറ നിരീക്ഷണം സ്മരണീയമാണ്. പുരുഷാധിപത്യം മറ്റ് രാഷ്ട്രീയവിശ്വാസങ്ങൾപോലെ കായികശക്തിയിലല്ല നിലകൊള്ളുന്നതെന്നും മറിച്ച്, ജീവശാസ്ത്രാധിഷ്ഠിതമല്ലാത്ത ഒരു മൂല്യവ്യവസ്ഥയുടെ സ്വീകാരത്തിലാണെന്നും മില്ലെറ്റ് അഭിപ്രായപ്പെടുന്നു (27). സർഗ്ഗശക്തി ലിംഗാടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടാവുന്നതല്ല. ഒരു പുരുഷനും പൂർണ്ണമായി പുരുഷത്വവും, ഒരു സ്ത്രീയും പൂർണ്ണമായി സ്ത്രീത്വവും പ്രദർശിപ്പിക്കുന്നില്ല. ഈ അറിവിൻെറ വെളിച്ചത്തിലാണ് സ്ത്രീവർഗ്ഗത്തിൽപ്പെട്ട ഒരു മനുഷ്യജീവി എല്ലാ അർത്ഥത്തിലും സ്ത്രീയായിരിക്കണമെന്നില്ലെന്ന് സിമോൻ ദി ബ്യേവെ (Simone de Beavoir) അഭിപ്രായപ്പെട്ടത്.

സാഹിത്യകൃതികളിൽ പ്രകടമാകുന്ന എഴുത്തുകാരുടെ പും സ്ത്രീ ലിംഗബോധത്തെപ്പറ്റിയുള്ള സന്ദിഗ്ദ്ധതയിൽനിന്നുളവാകുന്ന ഉൽക്കണ്ഠയെപ്പറ്റി ജോൺ ഫൗലെ (John Fowles) രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ പ്രസക്തമാണ്. ഒരെഴുത്തുകാരൻെറ വ്യക്തിത്വത്തിൽ അന്തർലീനമായിരിക്കുന്ന സ്ത്രൈണഘടകങ്ങൾ എഴുത്തുകാരനെന്ന നിലയിലുള്ള അയാളുടെ മഹത്ത്വത്തിന് മാറ്റുകൂട്ടുമെന്ന് ഫൗലെ അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നു (Eagleton, 83). എന്നാൽ ഒരെഴുത്തുകാരിയുടെ വ്യക്തിത്വത്തിലുൾക്കൊള്ളാവുന്ന പൗരുഷഘടകങ്ങൾ അവളുടെ സാഹിത്യസൃഷ്ടിയെ എങ്ങനെ സ്വാധീനിക്കുമെന്ന കാര്യത്തിൽ ഫൗലെ അർത്ഥഗർഭമായ നിശ്ശബ്ദതയാണ് പാലിക്കുന്നത്.

## സ്ത്രീരചനയുടെ ചരിത്രപ്രസക്തി

സ്ത്രീരചനയ്ക്ക് മഹത്തായ ചരിത്രപ്രസക്തിയുണ്ട്. സൂക്ഷ്മതലത്തിൽ, പല ഫെമിനിസ്റ്റുകളും ചൂണ്ടിക്കാണിക്കുന്നതുപോലെ, ചരിത്രം പുരുഷകഥയുടെ പ്രച്ഛന്നരൂപമാണ്. ചരിത്രം, സാഹിത്യം എന്നിവയുൾപ്പെടെ എല്ലാ വിജ്ഞാനമേഖലകളിലുമുള്ള പുരുഷമേധാവിത്വസ്വാധീനമാണിതിനു കാരണം. ആത്മകഥാംശപ്രധാനമായതും പാപനിവേദനസ്വഭാവമുള്ളതുമായ സ്ത്രീരചന ചരിത്രത്തിൻെറ മറ്റൊരു രൂപമാണ്. എഴുത്തുകാരികൾ ചരിത്രത്തെ സ്ത്രീഗാഥയായി തിരുത്തിക്കുറിക്കുന്നു. ചരിത്രോന്മുഖമായി സ്ത്രീക്കുള്ള വിരുദ്ധസ്ഥാനത്തിൻെറ ആവശ്യമാണിത്. ചരിത്രത്തിൽ സ്ത്രീക്ക് പ്രതീകാത്മകമായി പ്രാധാന്യമുണ്ടെങ്കിലും സ്ഥൂലമായി അവൾ അദൃശ്യയാണ്. സ്ത്രീയുടെ ഈ ദുരവസ്ഥ വെർജിന്യ വുൾഫ് സുവ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു:

"ഭാവനാപരമായി അവൾക്ക് പരമപ്രാധാന്യമാണുള്ളത്. പ്രായോഗികമായി അവൾക്ക് ഒരു പ്രാധാന്യവുമില്ലതാനും. കവിതയിൽ അവൾ താളിൽനിന്ന് താളിലേക്ക് വ്യാപരിക്കുന്നു. ചരിത്രത്തിൽ അവൾക്കു പ്രഭാവമേയില്ല. കഥാസാഹിത്യത്തിൽ രാജാക്കന്മാരുടെയും ജേതാക്കളുടെയും ജീവിതത്തിൽ അവൾ അധീശത്വം പുലർത്തുന്നു. വാസ്തവത്തിൽ തൻെറ മാതാപിതാക്കളുടെ പ്രേരണയാൽ അവളുടെ വിരലിൽ ഒരു മോതിരമണിയിക്കുന്ന ഒരാളുടെ അടിമമാത്രമണവൾ. സാഹിത്യത്തിലെ ഏറ്റവും പ്രചോദകമായ ചില പദങ്ങൾ, ഏറ്റവും ഗഹനമായ ചില ചിന്തകൾ അവളുടെ അധരങ്ങളിൽനിന്നു വീഴുന്നു; യഥാർത്ഥജീവിതത്തിൽ വായിക്കുവാനോ ഉച്ചരിക്കുവാനോ അറിയാത്ത അവൾ തൻെറ ഭർത്താവിൻെറ സ്വകാര്യസ്വത്താണ് (45, 46). പുരുഷമേധാവിത്വം സ്ത്രീശബ്ദത്തെ ഞെരിക്കുകയും സ്ത്രീവചനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. എഴുത്തുകാരി ഇതിനെതിരായി ഒരു മായാസങ്കല്പം സൃഷ്ടിച്ച് ചരിത്രധ്വംസനം നടത്തുകയാണ് ചെയ്യുന്നത്."

## സാഹിത്യപ്രക്രിയയുടെ നിഗൂഢവൽക്കരണം

യഥാർത്ഥമോ സാങ്കല്പികമോ ആയ ഒരു ആഖ്യാനത്തിൽ നിന്നാണ് ഒരെഴുത്തുകാരിയുടെ കല ഉത്ഭവിക്കുന്നത്. എഴുത്തുകാരി സ്വയം നായികയായി മാറുന്നു. ഒരു ദുർമ്മന്ത്രവാദിനിയുടെ പൈശാചികഭാഗം അഭിനയിച്ച് എഴുത്തുകാരി ആലങ്കാരികമായ അർത്ഥ(figurative)



ത്തിൽ മരണത്തിൻെറ ദുരന്തം അഭിമുഖീകരിക്കുന്നു. കലാത്മകമായ ഒരു പൊയ്മുഖത്തിൻെറ സൃഷ്ടിയിലൂടെ എഴുത്തുകാരിയുടെ വ്യക്തിത്വം വീണ്ടും ആലങ്കാരികാർത്ഥത്തിൽ (metaphonic) നാശമടയുന്നു. പ്രതിജ്ഞാബദ്ധതയും ആധികാരികതയുമുള്ള ശക്തമായ വികാരങ്ങളുടെ പ്രഭയാൽ ഉജ്ജ്വലമായ ഒരു മനസ്സിൻെറ ആവിഷ്കർത്താവെന്ന നിലയിൽ എഴുത്തുകാരി തന്നെക്കുറിച്ച് സ്വയം ബോധവതിയാണ്. സ്ത്രീരചനയിൽ എഴുത്തുകാരി മുഖ്യപാത്രത്തോടും പീഡിതസ്ത്രീയോടും താദാത്മ്യം പ്രാപിക്കുന്നു. പല എഴുത്തുകാരികളുടെയും കൃതികൾ ആത്മകഥാസദൃശമാണ്. ഇവയിൽ ആഖ്യാനസ്വരവും എഴുത്തുകാരിയുടെ പ്രച്ഛന്നരൂപവും ഏകകാലത്ത് സ്ത്രീഭാഷി(female speaker)യിൽ സമ്മേളിക്കുന്നു. ഇത് വികാരങ്ങളുടെ വിദൂരകരണസാധ്യതകൾ(displacement of emotions) ഇല്ലാതാക്കിക്കളയുന്നു. വികാരസ്ഥാനാന്തരണ ത്തിൻെറ അഭാവം നിഷ്പക്ഷവും നിസ്സംഗവുമായ കാവ്യാഖ്യാനത്തിന് പ്രയാസം സൃഷ്ടിക്കുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിന് എഴുത്തുകാരിക്ക് സാഹിത്യപ്രക്രിയയെ നിഗൂഢവൽക്കരിക്കാതെ നിവൃത്തിയില്ല.

ഈ നിഗൂഢവൽക്കരണം രണ്ടുതരത്തിൽ നടത്താവുന്നതാണ്. ഒരു 'പെർസോണ'യുടെ അല്ലെങ്കിൽ ഇതരഭാഷികളുടെ സൃഷ്ടിയിലൂടെ സാഹിത്യപാഠത്തെ നിഗൂഢവൽക്കരിക്കാം. [സ്വത്വത്തിന് രണ്ടു വശങ്ങളുണ്ട്. അബോധമനസ്സുമായി ബന്ധപ്പെട്ട നിഗൂഢവശത്തിന് 'അനിമ' (Anima) എന്നു പറയുന്നു. ബാഹ്യവസ്തുക്കളുടെയും സന്ദർഭങ്ങളുടെയും നേർക്ക് പ്രതികരിച്ച് കർമ്മോന്മുഖമാകുന്ന മറുവശമാണ് 'പെർസോണ'(Persona).] കൂടാതെ പുനഃപഠനാധിഷ്ഠിതപുരാണകഥാഖ്യാന (Rivisionist myth making)ത്തിലൂടെയും നിഗൂഢവൽക്കരണം സാധ്യമാണ്. സ്ത്രീകളുടെ സ്വത്വപ്രക്ഷേപത്തിനും സ്വത്വാന്വേഷണത്തിനുമുള്ള ഒരു മാർഗ്ഗമായി എഴുത്തുകാരികൾ പുനഃപഠനാധിഷ്ഠിത പുരാണകഥാഖ്യാനം ഉപയോഗപ്പെടുത്തുന്നു. സ്ത്രീവർഗ്ഗത്തിൻെറ ചരിത്രസംസ്കാരങ്ങൾക്ക് ഹാനികരമായ സാമഗ്രികൾ സാഹിത്യപരമായി സ്വാംശീകരിക്കുന്നതിനുള്ള സമർത്ഥമായ ഒരുപായമാണിത്. അലീഷ്യാ ഓസ്ട്രിക്കെ(Alicia Ostriker) അഭിപ്രായപ്പെടുന്നതുപോലെ, സ്ത്രൈണാനുഭവങ്ങളെക്കുറിച്ചുള്ള സ്ത്രൈണവിജ്ഞാനം മിത്തുകളുടെ പരിണാമത്തിനിടയാക്കുന്നു (14). ചിരകാലമായി പുരുഷവർഗ്ഗത്തിൻെറ മായാസങ്കല്പത്തിനുറവിടമായ മിത്തുകൾ തിരുത്തുന്നതിനുള്ള മാർഗ്ഗമാണ് പുനഃപഠനാധിഷ്ഠിത പുരാണകഥാഖ്യാനം. സ്ത്രീകൾ ഒരു വർഗ്ഗമെന്ന നിലയിലും ചരിത്രപരമായും അനുഭവിച്ചിട്ടുള്ള ദുരിതങ്ങളുടെ വീണ്ടെടുക്കപ്പെട്ട ബിംബങ്ങളെയാണ് തിരുത്തിയ മിത്തുകൾ സൂചിപ്പിക്കുന്നതെന്ന് ഓസ്ട്രിക്കെ ചൂണ്ടിക്കാണിക്കുന്നു (14). സ്ത്രീവർഗ്ഗത്തിൻെറ ദൈവികവും പൈശാചികവുമായ ഭാവങ്ങളെ പ്രതിനിധാനം ചെയ്യുന്ന മിത്തുകൾ മിക്കപ്പോഴും സ്ത്രീകളുടെ അതിജീവനത്തിനുള്ള ഉപാധിയായി (മാധ്യമമായി) പ്രവർത്തിക്കുന്നു. വൈകാരികബന്ധങ്ങളെ

ചിത്രീകരിക്കുന്നതിനുള്ള ഒരു പ്രച്ഛന്നവേഷമായോ, തെറ്റിദ്ധരിപ്പിക്കുന്ന ഒരു പൊയ്മുഖമായോ ദുർജ്ഞേയരഹസ്യ(mysticism)ത്തിൻെറ ഒരു ചട്ടക്കൂട് ഫെമിനിസ്റ്റുകളായ എഴുത്തുകാരികൾ ചൂഷണം ചെയ്യാറുണ്ട്. ഒരു പാഠത്തിലെ അർത്ഥങ്ങൾ ഏതെല്ലാം രീതികളിൽ സൃഷ്ടിക്കാമെന്നുമാത്രമല്ല ഇത്തരം നിഗൂഢവൽക്കരണപരിശ്രമങ്ങൾ സൂചിപ്പിക്കുന്നത്. എഴുത്തുകാരിയുടെ ആവശ്യാനുസരണം അർത്ഥതലത്തിൽ ഏതെല്ലാം രീതികളിൽ വ്യത്യാസം വരുത്തുകയോ, കൃത്രിമം കാട്ടുകയോ ചെയ്യാമെന്നുകൂടി ഈ സാഹിത്യകൗശലം സൂചിപ്പിക്കുന്നു. മിത്തുകൾ പുനരാഖ്യാനം ചെയ്യുന്നതിനും പുനഃസംവിധാനം (re-write) ചെയ്യുന്നതിനും എഴുത്തുകാരികൾ മിത്തുകളിലെ സ്ത്രീകഥാപാത്രങ്ങളെ മറ്റൊരു ബിംബമായി അവതരിപ്പിക്കുക സാധാരണയാണ്. കമലാദാസ്, സിൽവിയാ പ്ലാത്, ആൻ സെക്സ്റ്റൻ മുതലായ എഴുത്തുകാരികൾ എല്ലാത്തരത്തിലുമുള്ള നിഗൂഢവൽക്കരണപ്രക്രിയകളും വിദഗ്ദ്ധമായി പ്രയോഗിച്ചിട്ടുള്ളവരാണ്. എഴുത്തുകാരികളെന്ന നിലയിലുള്ള സ്ത്രീകളുടെ ചരിത്രത്തിലെ സഹജമായ സവിശേഷസമസ്യകൾ സ്ത്രീരചനയിൽ ചിത്രീകരിക്കപ്പെടുന്നു. ഈഗിൽറ്റൻ അഭിപ്രായപ്പെടുന്നതുപോലെ, സ്ത്രീരചനയിൽ വീണ്ടെടുക്കപ്പെട്ട ലൈംഗികതയുടെ ഒരാഘോഷം ദൃശ്യമാണ് (127). ഒരുപഭോഗവസ്തുവെന്ന നിലയിലുള്ള തൻെറ അവസ്ഥയുടെ നിരാകരണവും സ്ത്രീയുടെ ലൈംഗികതയുടെ നിയന്ത്രിതശക്തി എന്ന നിലയിലുള്ള പരിണാമവും സ്ത്രീരചനയിൽ പലപ്പോഴും സ്ഥാപിതമായിത്തീരുന്നു.

## സ്ത്രീരചനയിലെ ഏകാന്തത

ലിംഗസവിശേഷമായ അനുഭവങ്ങളാണ് സ്ത്രീയുടെ അസ്തിത്വത്തിന് നിദാനം. തൻെറ ഏകാന്തതാബോധവും വിഭ്രാന്തിയും ശക്തിപ്പെടുത്തുന്നതാണ് അവളുടെ അനുഭവങ്ങൾ. ഒരു എഴുത്തുകാരിയെ പുരുഷന്മാരായ എഴുത്തുകാരിൽനിന്ന് വ്യത്യാസപ്പെടുത്തുന്നത് സ്വത്വവും അപരരു(others)മായിട്ടുള്ള ബന്ധത്തിൻെറ അതുല്യതയുമാണ്. ലിംഗതുല്യതയാൽ നിർണ്ണയിക്കപ്പെടുന്ന ഒരവസ്ഥയാണ് സ്ത്രീയുടെ ഏകാന്തത. അസ്തിത്വപരമായ ഒരവസ്ഥയെന്നതിനേക്കാളുപരി, ലിംഗസവിശേഷമായ അതുല്യതമൂലം സ്ത്രീ തീവ്രമായ ഏകാന്തത അനുഭവിക്കുന്നു. ഈ ഏകാന്തതയ്ക്ക് സ്ത്രീരചനയിൽ സ്വത്വത്തിൻെറ മനോവിഭ്രാന്തിജന്യമായ ആന്തരികവിഭജനമായി രൂപംനൽകപ്പെടാറുണ്ട്. സ്ത്രീ



കളുടെ ഏകാന്തത സ്വത്വവിഭജനപ്രേരകവും കഥാപാത്രങ്ങളുടെ മാനസികവിഘടനത്തിന് വഴിയൊരുക്കുന്നതുമാണ്. സ്വാനുഭവങ്ങൾ ചിത്രീകരിക്കുന്നതിനുള്ള എഴുത്തുകാരിയുടെ വിമുഖത അവളെ ഭാഷയിൽനിന്നും ഒറ്റപ്പെടുത്തുന്നു. ശക്തിയുടെയും അധികാരത്തിൻെറയും സൂചികയാണ് ഭാഷ. അതിനാൽ സ്ത്രീയുടെ നിശ്ശബ്ദത അക്രമവ്യാപനത്തിലും അധികാരനഷ്ടത്തിലുമവസാനിക്കുന്നു. ഡെബറെ പോപ്പ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ഒരു വിദേശഭാഷയിൽ തൻെറ സ്വകീയസത്യങ്ങൾ പ്രകാശനംചെയ്യുന്നതിന് സ്ത്രീകൾ നിർബ്ബന്ധിതരാകാറുണ്ട് (7). ഇത് രണ്ടു വ്യത്യസ്തഭാഷകളിൽ സർഗ്ഗരചന നടത്തുന്ന എഴുത്തുകാരികളുടെ കാര്യത്തിൽ കൂടുതൽ പ്രസക്തമാണ്. അങ്ങനെയുള്ള എഴുത്തുകാരികളുടെ ഒരു സവിശേഷതകൂടിയാണിത്. എഴുത്തുകാരിക്ക് വിദേശഭാഷ പ്രത്യേകിച്ചും സൗകര്യപ്രദമാണ്. തൻെറ സ്വത്വൈകരൂപത പ്രകാശിപ്പിക്കുന്നതിനുള്ള ഒരു സ്വകാര്യലോകം സൃഷ്ടിക്കുന്നതിന് വിദേശഭാഷ സഹായിക്കുന്നു. രണ്ടു വ്യത്യസ്തഭാഷകളിൽ രചിക്കപ്പെടുന്ന രണ്ടു വ്യത്യസ്തസാഹിത്യരൂപങ്ങൾക്കിടയിൽ സർഗ്ഗശക്തി വിഭജിക്കുന്നതിനുള്ള പ്രവണത എഴുത്തുകാരിയുടെ സ്വത്വത്തിൻെറ മനോവിഭ്രാന്തിജന്യമായ ആന്തരികവിഭജനത്തെ സൂചിപ്പിക്കുന്നു. കൊളോണിയൽ പശ്ചാത്തലമുള്ള കമലാദാസ്, ജൂഡിത് റൈറ്റ് (Judith Wright) മുതലായ എഴുത്തുകാരികളിൽ സർഗ്ഗചേതനയുടെ വിഭജനം സ്വത്വത്തിൻെറ അപകൊളോണിയവൽക്കരണപ്രവണതയെ സൂചിപ്പിക്കുന്നു. നിക്കൽ വോഡ് ജൗവ് (Nicole Ward Jouve) അഭിപ്രായപ്പെടുന്നതുപോലെ, എഴുത്തുകാരി ഒരു വിഭക്തവ്യക്തിയായി മാറുകയും അവളുടെ ജീവിതം രണ്ടു വ്യത്യസ്തലോകങ്ങളിലും സംസ്കാരങ്ങളിലുമുള്ള സാഹസികകൃത്യങ്ങളാൽ പൂരിതമാകുകയും ചെയ്യുന്നു. ഒരു ഭാഷയിൽമാത്രം സാഹിത്യസൃഷ്ടി നടത്തുന്ന എഴുത്തുകാരി വ്യത്യസ്തസാഹിത്യരൂപങ്ങളിൽ തൻെറ സർഗ്ഗശക്തി വിന്യസിപ്പിക്കുന്നതിനുള്ള പ്രവണത പ്രദർശിപ്പിക്കാറുണ്ട്. ഒരു ഭാഷയിലെ ഒരു സാഹിത്യരൂപത്തിൽമാത്രം തൻെറ സർഗ്ഗശക്തി ഒതുക്കിനിർത്തുന്ന എഴുത്തുകാരി, ആ സാഹിത്യരൂപത്തിൻെറ നവവിതാനങ്ങൾ തൻെറ രചനയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സാഹിത്യപരീക്ഷണങ്ങളിലേർപ്പെടുന്നത് അസാധാരണമല്ല. 'വിഭിന്ന രചനാരൂപങ്ങൾ പരീക്ഷിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള പ്രവണത എഴുത്തുകാരി അനുഭവിക്കുന്ന മാനസികവിസ്ഫോടനത്തെ സൂചിപ്പിക്കുന്നു.

നിലവിലുള്ള മിത്തുകളധികവും സ്ത്രൈണാനുഭവങ്ങളെ അവഗണിക്കുന്നവയാണ്. ആദിരൂപങ്ങളെയും സ്ഥിരധാരണകളെയും പുനരുജ്ജീവിപ്പിക്കുന്നതിനേക്കാളുപരി, പൂർവ്വമാതൃകകളെ മനസ്സിൽ ചിത്രീകരിക്കുന്നതിനായി എഴുത്തുകാരി പുരാണങ്ങൾ, കെട്ടുകഥകൾ, മിത്തുകൾ എന്നിവയിലെ സ്ത്രീകഥാപാത്രങ്ങളെ പുനരാഖ്യാനിക്കുകയോ പുനർബിംബനാവിഷ്കരണം നടത്തുകയോ ചെയ്യുന്നു. ഈ സ്ത്രീരൂപങ്ങളെ പുനഃസൃഷ്ടിക്കുന്നതിന് എഴുത്തുകാരി ശ്രമിക്കുന്നു.

സ്ത്രീരചനയുടെ ആഖ്യാനം എപ്പോഴും മുഖ്യപാത്രത്തിൻെറ ഏകാന്തതാനുഭവത്തെ കേന്ദ്രമാക്കിയുള്ളതാണ്. ഭാവാത്മകരചനയെന്നനിലയിൽ സ്ത്രീരചന എപ്പോഴും സചേതനമാണ്. നിയന്ത്രണാധീനമല്ലെങ്കിൽപ്പോലും അത് ഭാവമേഖലയോടു പൊരുത്തപ്പെടാതിരിക്കുന്നില്ല. സ്ത്രീരചനയിലെ ആശ്രിതകഥാപാത്രങ്ങൾ കർമ്മമാതൃകകൾ പ്രദാനം ചെയ്യുന്നു. വ്യക്തികളായ സ്ത്രീകൾ തങ്ങളുടെ അനന്യത ഈ കഥാപാത്രങ്ങളിൽ ദർശിക്കുന്നു. ഊർജ്ജസ്വലവും പരീക്ഷണാത്മകവുമായ സ്ത്രീരചന പൊതുവിൽ മനുഷ്യജീവിതത്തിൻെറ ശക്തിയേയും അതിൻെറ സാക്ഷാത്കാരത്തേയുംകുറിച്ചുള്ള ശുഭാപ്തിവിശ്വാസം കവിഞ്ഞൊഴുകുന്നതാണ്. ഭൂതവർത്തമാനകാലങ്ങളിലെ സമൂഹസംസ്കാരത്തിൽ അന്തർലീനമായിട്ടുള്ള ആത്മീയജീവിതസാധ്യതകളെ സ്വാംശീകരിക്കുന്നതിനുപയുക്തമായ ഭാവുകത്വം എത്രമാത്രം ഒരു കവിയിലുണ്ടോ അത്രമാത്രം അദ്ദേഹം സമൂഹത്തിൻേറതായിരിക്കുമെന്ന് റോയ് ഹാർവി പിയേസ് (Roy Harvey Pearce) അഭിപ്രായപ്പെടുന്നു (10). എഴുത്തുകാരും സമൂഹവും തമ്മിലുള്ള ഗാഢസൗഹൃദത്തെ ഇതു സൂചിപ്പിക്കുന്നു. സ്ത്രീരചനയ്ക്ക് ഇത് ബാധകമാണ്.

മനുഷ്യാനുഭവങ്ങളെക്കുറിച്ചുള്ള നവദർശനത്തിലും മനുഷ്യരാശിയെ സംബന്ധിക്കുന്ന നൂതനാർത്ഥങ്ങളിലും പിയേസ് നിർദ്ദേശിക്കുന്ന ഈ അതുല്യാദർശത്തോടുള്ള പ്രതിബദ്ധതയ്ക്ക് സ്ത്രീകളായ എഴുത്തുകാർ മാതൃകയാകുന്നു. മനുഷ്യരാശിയുടെ അന്തസ്സ് (പ്രത്യേകിച്ചും സ്ത്രീകളുടെ) മനസ്സിലാക്കുന്നതിനും അനുഭവിച്ചറിയുന്നതിനുമുള്ള നൂതനമാർഗ്ഗങ്ങളിലേക്ക് സ്ത്രീരചന മുന്നേറുന്നു. സ്ത്രീരചന ഒരു നവസാമൂഹ്യബോധത്തിൻെറ ആഗമനം കുറിക്കുന്നു.

പുരുഷമേധാവിത്വസംസ്കാരത്തിൽ സ്ത്രൈണാനന്യത നിമജ്ജിതാവസ്ഥയിലാണ്. അത് സ്ഥിരസ്വഭാവമില്ലാത്തതാണ്; അത് ലൈംഗികവ്യത്യാസത്തിൻെറ വ്യാഖ്യാനത്തിന് വിരുദ്ധവുമാണ്—ഇപ്രകാരം ഈഗിൽറ്റൻ അഭിപ്രായപ്പെടുന്നു (180). സ്ത്രീരചന ശിഥിലബന്ധവും കുമ്പസാരസ്വഭാവമുള്ളതും വൈയക്തികവും ആത്മകഥാംശപ്രധാനവുമാണ്. ഇതിനു കാരണം സ്ത്രൈണമായ ആത്മനിഷ്ഠത വിഘടിതവും, ലൈംഗികവ്യത്യാസത്തിൻെറ മൂശയിൽക്കൂടി കടന്ന് കളങ്കപ്പെട്ടതുമാണെന്നുള്ളതാണ്. പുരുഷൻെറ ക്രൂരതയ്ക്കും നിസ്സംഗതയ്ക്കും ഇരയാകുന്ന സ്ത്രീയുടെ അനന്യത രൂപപ്പെടുന്നത് വേദനയിൽനിന്നും യാതനയിൽനിന്നുമാണ്. സ്ത്രീത്വത്തിൻെറ ആഘോഷം സ്ത്രീലോകത്തിൻെറ സംഘടിതമായ ഏകരൂപതയാണ്. ഈ സംയുക്തമായ അനന്യത സ്ത്രീകളുടെ കൂട്ടായ പീഡനാനുഭവങ്ങളിൽനിന്ന് രൂപപ്പെട്ടുവരുന്നതാണ്. പ്രത്യയശാസ്ത്രത്തിൻെറയും ആത്മകഥയുടെയും സമന്വയമാണ് സ്ത്രീരചന.

## ബഹുസ്വരങ്ങൾ

സ്ത്രീരചനയിൽ ആഖ്യാതാവിൻെറ സ്വരം അഥവാ കഥകസ്വരം (narrator's voice) വിഭിന്ന പെർസോണകളെ പ്രതിനിധാനംചെയ്യുന്നതുമൂലം കൃതിയിൽ ബഹുസ്വരങ്ങളു(multiple voices)ടെ പ്രഭാവമുണ്ടാകുന്നു. കഥകസ്വരം ഒരേസമയത്തുതന്നെ എഴുത്തുകാരിയേയും മുഖ്യപാത്രത്തേയും സ്ത്രീയേയും പ്രതിനിധീകരിക്കുന്നു. കഥകസ്വരത്തിൻെറ ബാഹുല്യഫലമാണ് ബഹുസ്വരങ്ങൾ. കൃതിക്ക് രൂപഘടന നൽകുന്ന ഒരാഖ്യാനസങ്കേതമാണത്. നിരന്തരസർഗ്ഗപ്രക്രിയയായ സ്വത്വാഭിജ്ഞാനത്തിൻെറ ഭാഗവുമാണത്. ബഹുസ്വരങ്ങൾ സ്വത്വജ്ഞാനത്തിന് എഴുത്തുകാരിയെ സഹായിക്കുന്ന ക്രിയാപ്രതീകങ്ങൾ സൃഷ്ടിക്കുന്നു. വനിതാ നോവലിസ്റ്റുകളും കവികളും ഈ ഉപാധിയെ അതിവിദഗ്ദ്ധമായി ചൂഷണംചെയ്യാറുണ്ട്. ഉദാഹരണമായി, കമലാദാസ് തൻെറ ദീർഘകവിതകളുടേയും 'എൻെറ കഥ'യുടേയും രൂപഘടനയിൽ ബഹുസ്വരങ്ങൾ സമർത്ഥമായി കോർത്തിണക്കിയിരിക്കുന്നതു കാണാം. എഴുത്തുകാരിയോ മുഖ്യപാത്രമോ അനുഭവിക്കുന്ന മാനസികവിസ്ഫോടനത്തിൻെറ ഫലമാണ് ബഹുസ്വരങ്ങൾ. ആഖ്യാതാവിൻെറയോ മുഖ്യപാത്രത്തിൻെറയോ ആന്തരസംഘർഷമായി ആവിഷ്കരിക്കപ്പെടുന്ന ബഹുസ്വരങ്ങൾ എഴുത്തുകാരിയുടെ മാനസിക ശിഥിലീകരണത്തിൻെറ പ്രത്യക്ഷരൂപമാണ്. റോബെർട്ട് റോജെസി(Robert Rogers)ൻെറ അഭിപ്രായത്തിൽ, എഴുത്തുകാരിയുടെയോ കഥാപാത്രത്തിൻെറയോ ആസുരഭാവമുൾപ്പെടെയുള്ള വിഭക്തസ്വത്വങ്ങൾ കൃതിയിൽ ആവിഷ്കരണസാദ്ധ്യമായ, ശക്തമായ പെർസോണകളെ സൃഷ്ടിക്കുന്നു (3). എഴുത്തുകാരിയോ മുഖ്യകഥാപാത്രമോ അനുഭവിക്കുന്ന ആന്തരസംഘർഷത്തിൻെറ ബാഹ്യരൂപങ്ങളാണ് ഈ പെർസോണകൾ. റോജെസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ബഹുസ്വരങ്ങൾ പരസ്പരപൂരകവും വിഭിന്നവുമായ സ്വാശ്രയകഥാപാത്രങ്ങളെ പ്രതിനിധാനംചെയ്യുന്നു (4, 5). സ്വത്വവിഭജനത്തിൻെറ പരിണതഫലമാണ് ബഹുസ്വരങ്ങൾ. ഈ ആന്തരവിഭജനം വിരുദ്ധസമീപനങ്ങൾപോലെ ആത്മനിഷ്ഠമോ സ്വത്വത്തിൻെറ വിഭിന്നവശങ്ങളെ പ്രതിനിധാനംചെയ്യുന്ന കഥാപാത്രങ്ങളുടെ സൃഷ്ടിപോലെ വസ്തുനിഷ്ഠമോ ആവാം. ബഹുസ്വരങ്ങളുടെ ലയത്തിലൂടെ എഴുത്തുകാരിയുടെ സുഘടിതവ്യക്തിത്വമോ അവികലമാനസമോ നമുക്കു ദർശിക്കുവാൻ കഴിയും. സ്ത്രീരചനയുടെ രൂപഘടനാപരിണാമത്തിലെ സവിശേഷമായ ഒരാഖ്യാനസങ്കേതമാണ് ബഹുസ്വരങ്ങൾ.

ദ്വന്ദ്വ(Double)ഭാവമെന്നും അപര(Other)ഭാവമെന്നുമുള്ള സ്വത്വവിഭജനം അനുകമ്പ സ്പഷ്ടമാക്കുന്നതിനോ സ്ഥാനാന്തരം ചെയ്യുന്നതിനോ ഉള്ള ഒരു സാഹിത്യസങ്കേതമായി ഉപയോഗിക്കുന്നു. ദ്വന്ദ്വം സാധാരണയായി എഴുത്തുകാരിയുടെ പ്രതിനിധിയാണ്. സ്വന്തം ചേതനയെ ബോധപൂർവ്വം വിശ്ലേഷിപ്പിക്കുന്നതിലൂടെ ദ്വന്ദ്വത്തിനും അപരനും

സ്വാതന്ത്ര്യം എഴുത്തുകാരി നൽകുന്നു. ദ്വന്ദ്വത്തിൻെറ വെളിപ്പെടുത്തൽ അപരനെ സ്വന്തം സ്വത്വത്തിൽനിന്നു മാറ്റി പ്രതിഷ്ഠിക്കുന്നതിനുള്ള രോഗാതുരമായ ഒരു പരിശ്രമമാണ്. കൊളോണിയൽ പശ്ചാത്തലമുള്ള എഴുത്തുകാരിൽ ഈ പ്രക്ഷേപണപ്രവണത (tendency of projection) പ്രത്യേകിച്ചും പ്രകടമാണ്. ഒരു കഥാപാത്രം ആത്മദാർഢ്യവും വളർച്ചയും പ്രാപിക്കുമ്പോൾ ദ്വന്ദ്വം വ്യഷ്ടിവാദപ്രത്യയശാസ്ത്രം വർദ്ധിപ്പിക്കുന്നുവെന്ന് പോൾ കോട്സ് (Paul Coats) അഭിപ്രായപ്പെടുന്നു. ദ്വന്ദ്വവുമായുള്ള മാനസികവേഴ്ച രണ്ടു വിഭിന്നഭാഷകളിൽ സർഗ്ഗരചന നടത്തുന്ന എഴുത്തുകാരുടെ മറ്റൊരു സവിശേഷതയാണ്. അന്യദേശസംസ്കാരവും വിദേശഭാഷയും ഇത്തരം എഴുത്തുകാർക്ക് ഒരു ആർജ്ജിതവ്യക്തിത്വവിശേഷം (acquired identity) നേടിക്കൊടുക്കുകയും കേന്ദ്രീകൃതസമൂഹത്തിൻെറ സൂക്ഷ്മനിരീക്ഷണത്തിൽനിന്ന് അഭയം നൽകുകയും ചെയ്യുന്നു. തൻെറ സ്വത്വൈകരൂപത പ്രകടിപ്പിക്കുന്നതിനുതകുന്ന ഒരു സ്വകാര്യലോകം സൃഷ്ടിക്കുന്നതിന് വിദേശഭാഷ എഴുത്തുകാരിക്ക് സൗകര്യപ്രദമായ മാദ്ധ്യമമാണ്. ദ്വന്ദ്വത്തെക്കുറിച്ചുള്ള ഒരു മനോവിശ്ലേഷണാത്മകപഠനം സ്ത്രീയുടെ ലൈംഗികതയിലും സ്ത്രൈണവ്യക്തിത്വത്തിലുമുള്ള പ്രതിസന്ധികൾ അനാവരണംചെയ്യുന്നതിന് സഹായിക്കുന്നു. ഒരു എഴുത്തുകാരി അനുഭവിക്കുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നം അനന്യതാപ്രതിസന്ധി(identity crisis)യാണ്. അതിനാൽ എഴുത്തുകാരിയുടെ സർവ്വപ്രയത്നങ്ങളും ശക്തമായ പ്രത്യഭിജ്ഞാനമുള്ള ഒരു അനന്യത സ്ഥാപിച്ചെടുക്കുന്നതിൽ കേന്ദ്രീകൃതമാകുന്നു.

## സ്ത്രീഭാവന

സ്ത്രീയുടേയും പുരുഷൻേറയും വിവേചനജ്ഞാനമാർഗ്ഗങ്ങൾ തമ്മിലുള്ള അനിവാര്യാന്തരത്തിന് കാരണം സ്ത്രീഭാവനയാണ്. പുരുഷാനുഭവങ്ങൾക്കു വിരുദ്ധമായിട്ടുള്ള ഒരു ആന്തരഘടകം സ്ത്രൈണാനുഭവത്തിലുണ്ട്. സമകാലിക സ്ത്രീരചനയിൽ വായനക്കാരിലേക്ക് സംക്രമിക്കുന്ന ഒരു അസംതൃപ്തിയും അപൂർണ്ണതാബോധവും വ്യാപിച്ചിരിക്കുന്നു. സ്ത്രീയെന്ന നിലയിലുള്ള എഴുത്തുകാരിയുടെ അനുഭവങ്ങളാണ് ഇതിനാധാരം. താൻ വ്യത്യസ്തയാണെന്ന അറിവും അപൂർണ്ണമനുഷ്യജീവിയാണെന്ന ബോധവും സൃഷ്ടിക്കുന്ന വേദന സ്ത്രീയുടെ അസ്തിത്വത്തെ പ്രതീകാത്മകമാക്കുന്നു. സ്ത്രീ അനുഭവി



തൃപ്തി ബന്ധപ്പെട്ടിരിക്കുന്നു. ശൈലീപരമായ ഐകരൂപ്യം, പ്രമേയാവതരണം, കഥാവസ്തുനിർമ്മിതി, ഉപകഥാഖ്യാനം, പാത്രസൃഷ്ടി മുതലായ തലങ്ങളിൽ വ്യാപരിക്കുന്ന ലിംഗവ്യത്യാസം സർഗ്ഗരചനയിൽ ശ്രദ്ധേയവും പ്രകടവുമാണ്. താല്ക്കാലികശൈലികൾക്കും ഉൽക്കണ്ഠകൾക്കുമിടയിൽ മഹത്തായ ഒരു ഏകതാസ്വഭാവം സ്ത്രീരചനയിൽ ദൃശ്യമാണ്. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രവും അതിനെ ഉജ്ജ്വലമായി പ്രകാശനംചെയ്യുന്ന സ്ത്രീഭാവനയുമാണിതിനു കാരണം. സ്ത്രീയുടെ ജീവിതം സ്പഷ്ടമായും അതുല്യമാണെന്ന വിശ്വാസമാണ് സ്ത്രീരചനയെ ഏകോപിപ്പിക്കുന്ന ഘടകം. സ്ത്രീയുടെ സൃഷ്ടിപരമായ കഴിവുകൾ അവികസിതങ്ങളാണെന്നും അവയുടെ അവശ്യസാക്ഷാത്കാരം അപ്രാപ്യമാണെന്നുമുള്ള ആശങ്ക സ്ത്രീരചനയിലുടനീളമുണ്ട്. ഈ നൈരാശ്യബോധംപോലും ഫെമിനിസ്റ്റ് സാഹിത്യത്തിൽ ക്രിയാത്മകമായ പ്രചോദനമായി പ്രവർത്തിക്കുന്നു.

പുരുഷവർഗ്ഗത്തിൻെറ ആവശ്യങ്ങൾക്കുപയുക്തമായ വിധത്തിലാണ് ഭാഷപോലും അവർ രൂപപ്പെടുത്തിയിരിക്കുന്നതെന്ന് ഫെമിനിസ്റ്റുകൾ ചൂണ്ടിക്കാണിക്കുന്നു. സ്ത്രീവർഗ്ഗത്തിൻെറമേൽ ആധിപത്യം പുലർത്തുക എന്നതും ഇതിലുൾപ്പെടുന്ന ഒരാവശ്യമാണ്. ഒരു ഫെമിനിസ്റ്റ് ചർച്ചയ്ക്ക് പുരുഷകേന്ദ്രിതഭാഷ ഉപയോഗിക്കുന്നത് സ്ത്രീവർഗ്ഗത്തിനു ദോഷകരമാണ്. സ്ത്രീ പുരുഷന്മാരുടെ തിരിച്ചറിവിനാധാരമായ അനുഭവങ്ങൾ (Cognitive experiences) വ്യത്യസ്തങ്ങളാണ്. ഈ വ്യത്യാസം സാഹിത്യത്തിലും പ്രതിഫലിക്കുന്നു. പുരുഷരചന ഋജുവും രേഖാസദൃശ(linear)വും വ്യക്തമായ നിഗമനത്തിലെത്തുന്നതുമാണ്. എന്നാൽ സ്ത്രീരചന വൈവിദ്ധ്യമാർന്നതും വിസ്തൃതസീമയുള്ളതുമാണെങ്കിലും അവ്യക്തതയിലവസാനിക്കാറുണ്ട്. ജൂലിയാ ക്രിസ്റ്റേവ (Julia Kristeva)യുടെ നിരീക്ഷണത്തിൽ സ്ത്രീ പുരുഷരചനകൾ തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. ന്യായം, യുക്തി, പാരമ്പര്യം, കാലഗണന എന്നിവയെ ആധാരമാക്കിയുള്ളതാണ് പുരുഷരചന. എന്നാൽ സ്ത്രീരചന സാഹചര്യാധിഷ്ഠിതവും, യുക്തിരഹിതവും, കാലഗണനാതീതവും, പാരമ്പര്യേതരവുമായ രൂപങ്ങളെ ആധാരമാക്കിയുള്ളതാണ്. പുരുഷശൈലി ധീരവും ശക്തവും വ്യക്തവും ഊർജ്ജസ്വലവും വസ്തുനിഷ്ഠവും സാർവ്വലൗകികവുമാണ്. എന്നാൽ സ്ത്രൈണശൈലി അവ്യക്തവും ദുർബ്ബലവും പതർച്ചയുള്ളതും വൈയക്തികവും കുമ്പസാരസ്വഭാവമുള്ളതും ആത്മരതിയിലധിഷ്ഠിതവും (narcissistic) സിരാരോഗജനകവുമാണെന്ന് ഈഗിൽറ്റൻ അഭിപ്രായപ്പെടുന്നു (75). ഒരെഴുത്തുകാരിയോടു സമൂഹം പ്രകടിപ്പിക്കുന്ന വിവേചനത്തിൻെറ പരോക്ഷമായ അർത്ഥം സ്ത്രീരചനയുടെ ധർമ്മത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. ഒരെഴുത്തുകാരിക്ക് പുരുഷൻെ... ലമായ പ്രസക്തിക്കെതിരെ പോരാടി അ... സ്ഥാപിച്ചെടുക്കേണ്ട...

## മൗലികചിന്തകർ

സ്വരചനകളാൽ സ്ത്രീരചനയേയും ഫെമിനിസ്റ്റ് വിമർശനത്തേയും സ്വാധീനിച്ചിട്ടുള്ള—ചരിത്രപ്രസക്തിയാർജ്ജിച്ചിട്ടുള്ള—ചിന്തകരാണ് സിമോൻ ദി ബ്യൂവെ, കേറ്റ് മില്ലെറ്റ്, ബെറ്റി ഫ്രീഡൻ (Betty Friedan) തുടങ്ങിയവർ. ഈ മൗലികചിന്തകർ ഫ്രോയിഡിൻെറ (Freud) സിദ്ധാന്തങ്ങളെ ചോദ്യംചെയ്യുകയും അവ തെറ്റാണെന്ന് തെളിയിക്കുകയും ചെയ്തു. ഇവരുടെ പഠനങ്ങൾ സ്ത്രീയുടെ ലൈംഗികതയെക്കുറിച്ച് പുതിയ അറിവ് വെളിപ്പെടുത്തി. സ്ത്രീയുടെ അധീനാവസ്ഥ ബ്യൂവെയുടെ വാക്കുകളിൽ സ്പഷ്ടമായി പ്രതിഫലിക്കുന്നു:

"അവളെ (സ്ത്രീയെ) നിർവ്വചിക്കുന്നതും വിവേചിച്ചറിയുന്നതും പുരുഷനുമായി ബന്ധപ്പെടുത്തി മാത്രമാണ്. മറിച്ച് പുരുഷനെ നിർവ്വചിക്കുന്നിടത്ത് സ്ത്രീക്ക് സ്ഥാനമേയില്ല. അവൾ അനുപേക്ഷണീയമല്ലാത്ത ഒരു അനാവശ്യഘടകംമാത്രം. അവൻ പരമാധികാരിയാണ്. അവൻ സ്വയംഭൂവാണ്—അവളാകട്ടെ അന്യയാണ്".(16)

ഉഭയലൈംഗികത(bisexuality)യെക്കുറിച്ചുള്ള ചിരന്തനസങ്കല്പനം ഒരു പരിപൂർണ്ണജീവിയെക്കുറിച്ചുള്ള വിഭ്രാമകസങ്കല്പമാണ്. ഇതു പുരുഷൻെറ അപരനെ(യെ)ക്കുറിച്ചുള്ള ഭീതി മാറ്റുന്നതിന് രൂപകല്പനചെയ്ത ഒരു സങ്കല്പമാണ്. ബ്യൂവെ അപരത്വ (Otherness)ത്തെ സ്വത്വത്തിൻെറയും അപരഭാവത്തിൻെറയും ആദിബിംബപരമായ ദ്വന്ദ്വസ്വഭാവത്തിൽനിന്നുത്ഭവിക്കുന്ന ഒരു മൗലികചിന്തയായി വീക്ഷിക്കുന്നു (16). സ്വത്വവും അപരനും ചേർന്ന് ഒരു ജോഡി (pair)യാകുന്നു. ഈ ജോഡിയിൽ അപരൻ എപ്പോഴും അധീനാവസ്ഥയിലാണ്. പുരുഷൻ സ്വത്വവും സ്ത്രീ അപരയുമാണെന്ന അനുമാനത്തിൽനിന്നാണ് ബ്യൂവെയുടെ ചിന്താസരണി ആരംഭിക്കുന്നത്. ഈ അവസ്ഥയിൽ സ്വത്വം അപരനെ(യെ) അനുബന്ധമായി പരിഗണിക്കുന്നു. പുരുഷമേധാവിത്വത്തിൽ സ്ത്രീയെ നിഷേധാത്മകമായി രൂപപ്പെടുത്തിയിരിക്കുന്നുവെന്ന വീക്ഷണത്തിന് ബ്യൂവെയുടെ ദ്വിതലവിശകലനം ശക്തമായ അടിസ്ഥാനം പ്രദാനംചെയ്യുന്നു. വൈവിദ്ധ്യമാർന്ന അഭിരുചികളും വീക്ഷണങ്ങളുമുള്ള പുരുഷരചനകളിൽ ഈ ആശയം ധാരാളമായി പ്രകാശിതമായിട്ടുണ്ട്. സ്ത്രീകളായ എഴുത്തുകാർക്ക് സമൂഹമനസ്സിൽ പുരുഷന്മാരായ എഴുത്തുകാർ ആലേഖനംചെയ്ത നിഷേധാത്മകബിംബങ്ങൾ മായ്ച്ചുകളയുക എന്ന ദൗത്യംകൂടിയുണ്ട്. തങ്ങളുടെ ശില്പചാതുര്യത്തിൻെറ സഹായത്തോടെയുള്ള നവസംവിധാനത്തിലൂടെ സ്ത്രൈണബിംബങ്ങളെ പുതുമയോടെ മറ്റൊരുരീതിയിൽ ബിംബകല്പനചെയ്യേണ്ടത് എഴുത്തുകാരികളുടെ കടമയാണ്. ഈ പശ്ചാത്തലത്തിൽ വീണ്ടുമുളവാകുന്ന ദർശനവും ചിന്തയുമാണ് സ്ത്രീരചന. തങ്ങൾ വിഭാവനംചെയ്യുന്ന നവലോകത്തിനനുരൂപമായ നൂതനസാഹിത്യം സൃഷ്ടിക്കുന്നതിനുള്ള ആകാംക്ഷയിലാണ് സ്ത്രീകളായ എഴുത്തുകാരുടെ ദൗത്യവും ഉത്തരവാദിത്വവും നിലകൊള്ളുന്നത്.



പുരുഷമേധാവിത്വസമൂഹം അടിച്ചേല്പിക്കുന്ന കർമ്മമാതൃകകളിൽ തങ്ങളെ പരിമിതപ്പെടുത്തുന്ന സത്രീകൾക്ക് സ്വാഭാവികമായുണ്ടാകുന്ന ഭ്രാന്തമായ ആശയക്കുഴപ്പത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നതാണ് ഫ്രീസൻെറ സ്ത്രൈണദുർജ്ഞേയത(feminine mystique)യെക്കുറിച്ചുള്ള ആശയങ്ങൾ. സ്ത്രീകൾ ഉദ്യോഗപരമായ ഉൽക്കർഷേച്ഛയും ബൗദ്ധികനേട്ടങ്ങളും ത്യജിച്ച് വെറും ഭാര്യമാരും അമ്മമാരുമായിത്തീരുന്ന സ്ഥിതിവിശേഷം സ്ത്രൈണദുർജ്ഞേയതയുടെ പരിണതഫലമാണ്. ആധുനികസ്ത്രീകളനുഭവിക്കുന്ന ഒരു ദുരൂഹവിഷമസന്ധിയോ ക്രമവിരുദ്ധമായ അവസ്ഥാവിശേഷമോ ആണിത്. ആധുനികവനിതകൾ, ബൗദ്ധികമായ കഴിവുകളുണ്ടായിട്ടുകൂടി, കാലഹരണപ്പെട്ട ലൈംഗികമിത്തുകളിലേക്കും ദുഷിച്ച പുരുഷമേധാവിത്വപാരമ്പര്യത്തിലേക്കും ആകർഷിക്കപ്പെടുന്നു. ഗൃഹഭരണത്തിൻെറ വ്യർത്ഥാന്തരീക്ഷത്തിൽ അവർ തങ്ങളുടെ ധിഷണാശക്തി ഹോമിക്കുന്നു. അത് സ്ത്രീയുടെ ബൗദ്ധികമായ വളർച്ചയെ മുരടിപ്പിക്കുന്നു. സ്ത്രൈണസാക്ഷാൽക്കാരമാണ് സ്ത്രീയുടെ ഏകപ്രതിബദ്ധതയെന്ന പ്രചരണം ഇതിൻെറ ഭാഗമാണ്. ലൈംഗികനിഷ്ക്രിയത്വം, പുരുഷാധിപത്യം, മാതൃസ്നേഹം ഇവയിലൂടെ ജീവിതസാക്ഷാത്കാരം നേടാമെന്നുള്ള സൂക്ഷ്മപ്രബോധനമാണ് സ്ത്രീക്കു ലഭിക്കുന്നത് (Mystique 37, 38). ഈ ദുർജ്ഞേയത സ്ത്രീയുടെ ലൈംഗികവൃത്തിമാത്രം പരിഗണിക്കുകയും സ്ത്രീയെ തൻെറ ഭർത്താവിൻെറ ഭാര്യയും മക്കളുടെ അമ്മയുമെന്ന ദ്വന്ദ്വവൃത്തിയിലേക്ക് അധഃപതിപ്പിക്കുകയുംചെയ്യുന്നു. ഇത് സ്ത്രീയെ തൻെറ അനന്യതാസംബന്ധമായ ചോദ്യങ്ങൾ അവഗണിക്കുന്നതിന് പ്രേരിപ്പിക്കുകയും സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം തങ്ങളുടെ ധർമ്മത്തെ സംബന്ധിക്കുന്ന പ്രതിസന്ധി (role crisis)യാണെന്ന് ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്നു. സ്ത്രീ അനുഭവിക്കുന്ന പ്രധാനപ്രതിസന്ധി ലൈംഗികമല്ലെന്നും മറിച്ച്, അതൊരു അനന്യതാപ്രതിസന്ധിയാണെന്നും ഫ്രീഡൻ ഊന്നിപ്പറയുന്നു. ലൈംഗികവൃത്തിയാൽ നിർവ്വചിക്കപ്പെടാത്തതാണ് സ്ത്രീയുടെ സർഗ്ഗശക്തി. അതിനാൽ സർഗ്ഗചേതനയുടെ സഫലീകരണം സ്ത്രീക്ക് പ്രയാസമേറിയ കർത്തവ്യമാണ് (mystique 68). സ്ത്രീയുടെ ജീവിതത്തിലെ അനന്യതാപ്രതിസന്ധി വളർച്ചയുടെ പ്രതിസന്ധിയാണ്. ഇത് പ്രാപ്തയൗവന ത്തിൻെറ ആരംഭത്തോടെ സ്ത്രീ അനുഭവിച്ചുതുടങ്ങുന്നു. ശാലീനത എന്ന പ്രയോഗത്തിലൂടെ തെറ്റിദ്ധരിക്കപ്പെടുന്ന അപക്വതയിൽനിന്ന് വളർന്നു പുരോഗമിച്ച് സ്ത്രീ പൂർണ്ണമനുഷ്യാനന്യതയിലെത്തിച്ചേരുന്നു. പൂർണ്ണമനുഷ്യജീവിയാകുന്നതിനുള്ള ചിരന്തനമായ പോരാട്ടത്തിൽ സ്ത്രീ ഈ അനന്യതാപ്രതിസന്ധി അനുസ്യൂതം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അറുപതുകൾക്കുശേഷം ഭാവുകത്വത്തിൻെറ സാഹിത്യപ്രകാശനത്തിൽ പാശ്ചാത്യലോകത്ത് അദ്ഭുതകരമായ ദ്രുതപരിണാമം സംഭവിച്ചു. ഈ മാറ്റം പിന്നീട് ലോകത്തിൻെറ മറ്റു ഭാഗങ്ങളിലേക്കും വ്യാപിച്ചു. സ്ത്രീയെക്കുറിച്ചുള്ള വിവേചനജ്ഞാനം സ്ത്രൈണദുർജ്

ജ്ഞേയരഹസ്യത്തിൽനിന്ന് പുരോഗതിപ്രാപിച്ച് ഫ്രീഡൻ 'ദ്വിതീയഘട്ടം' (Second Stage) എന്ന് വിശേഷിപ്പിക്കുന്ന അവസ്ഥയിലെത്തി. ഇന്ന് സമത്വം പല തലങ്ങളിലും യാഥാർത്ഥ്യമാവുകയും വ്യക്തിത്വം ഒരനുഭവമാകുകയും ചെയ്തിരിക്കുന്നു. തീവ്രവാദപരമായ ഫെമിനിസ്റ്റ് വാചാടോപം സ്ത്രീപുരുഷബന്ധങ്ങളുടെ ഗാഢമായ മനുഷ്യയാഥാർത്ഥ്യത്തെ നിഷേധിക്കുന്നതും കുടുംബത്തിന്റെ അടിസ്ഥാനഘടനയെ ഉലയ്ക്കുന്നതുമാണ്. സ്ത്രീയുടെ ലൈംഗികതയുടെ നിരാകരണം ഗതകാലത്തിന്റെ മന്ദതയെന്ന് പുച്ഛിക്കപ്പെടുന്ന മാതൃത്വത്തെ ഒരു സംഘർഷത്തിലേക്ക് നയിക്കുന്നു. മാതൃത്വം ഇപ്പോഴും സ്ത്രീകൾക്ക് പ്രിയപ്പെട്ടതാകയാൽ ഈ സംഘർഷം ഭാഗികമായ യാഥാർത്ഥ്യമാണ്. സ്ത്രീയുടെ അനന്യതയ്ക്ക് അനുയോജ്യമായ ഒരു മൗലികാവസ്ഥയാണ് മാതൃത്വം. വ്യക്തിതാൽപര്യങ്ങളും രാഷ്ട്രീയതന്ത്രങ്ങളും സ്ത്രീകളുടെ കാര്യത്തിൽ വളച്ചൊടിക്കപ്പെടാറുണ്ട്. വിരുദ്ധശക്തികളുടെ ഒരു രണഭൂമിയാണ് സ്ത്രീയുടെ മനസ്സെന്ന് ഫ്രീഡൻ പറയുന്നു. സ്ത്രൈണദുർജ്ഞേയതയുടെ പ്രചാരകർ അധികാരം, അനന്യത, തൊഴിൽ എന്നിവ ലഭിക്കുന്നതിലൂടെയുള്ള സുരക്ഷിതത്വത്തെത്തന്നെ നിഷേധിക്കുന്നു. ഫെമിനിസ്റ്റ് ദുർജ്ഞേയതയുടെ അനുകൂലികൾ സ്നേഹം, അനന്യത, വിവാഹത്തിലൂടെയുള്ള സുരക്ഷിതത്വം തുടങ്ങിയ സ്ത്രീയുടെ ആവശ്യങ്ങൾ നിരുത്സാഹപ്പെടുത്തുന്നു (Second Stage, 27—95). വ്യക്തിയെന്ന നിലയിലോ, നായികയെന്ന നിലയിലോ സ്ത്രീയുടെ ഒരു നവബിംബം ഇന്ന് പ്രത്യക്ഷമായിത്തുടങ്ങിയിട്ടുണ്ട്. ഭാര്യയും അമ്മയുമായ സ്ത്രീ, ആശ്രിതലൈംഗികവസ്തുവായ സ്ത്രീ എന്നീ നിലകളിലുള്ള സ്ത്രീയുടെ പരമ്പരാഗതമായ ബിംബം ഈ പുതിയ സ്ത്രീബിംബവുമായി സംയോജിപ്പിക്കേണ്ടതാവശ്യമാണ്. വിവാഹം, മാതൃത്വം, ഗൃഹഭരണം മുതലായ പാരമ്പര്യസ്ത്രീവൃത്തികളെ ജീവനം, വ്യക്തിത്വം, രാജ്യഭരണം തുടങ്ങിയ അഭിനവസ്ത്രീവൃത്തികളുമായി പൊരുത്തപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിന്റെ പ്രസക്തിയിലേക്ക് ഫ്രീഡൻ വിരൽചൂണ്ടുന്നു. പരമ്പരാഗതവൃത്തികളുടെയും നവവൃത്തികളുടെയും ഈ സംലയനം സ്ത്രീയെ പൂർണ്ണസ്വതന്ത്രയും ആത്മവിശ്വാസമുള്ളവളുമാക്കിമാറ്റുന്നു. കൂടാതെ, തന്റെ ഭാഗ്യഹീനരും സാഹസികരല്ലാത്തവരുമായ സഹോദരിമാരുടെ മനസ്സിൽ രൂഢമൂലമായ അബദ്ധവിശ്വാസങ്ങളെ ഉന്മൂലനംചെയ്യുന്നതിനും ഇതു സ്ത്രീയെ സഹായിക്കുന്നു (It Changed My Life 63). സ്ത്രീയുടെ ഒരു അഭിനവബിംബം സൃഷ്ടിക്കുന്നതിനുപയുക്തമായ പൂർണ്ണമനുഷ്യജീവിയെന്ന അനന്യതയാർജ്ജിക്കുന്നതിന് സ്ത്രീയെ ഇതു സഹായിക്കുന്നു. സ്ത്രൈണസാധനയുടെ അപ്രതിരോധ്യമായ ആകർഷണത്തിൽ സ്വയം മറന്നുപോകുന്നതിൽനിന്ന് സാധാരണസ്ത്രീകളെ സ്ത്രീകളായ എഴുത്തുകാർ പിൻതിരിപ്പിക്കണം. അതേസമയംതന്നെ, അവർ കുടുംബത്തേയും കുടുംബമൂല്യങ്ങളേയും തീവ്രവാദ ഫെമിനിസത്തിന്റെ ആക്രമണത്തിൽനിന്ന് സംരക്ഷിക്കുകയുംവേണം. സ്ത്രൈണദുർജ്ഞേയതയ്ക്കും ഫെമി



നിസ്റ്റ് ദുർജ്ഞേയതയ്ക്കുമിടയിൽ ഒരു സുവർണ്ണമാർഗ്ഗം സ്ഥാപിച്ചെടുക്കുകയാണ് ഒരു ആദർശ എഴുത്തുകാരിയുടെ കടമ. വിരുദ്ധശക്തികളായ പുരുഷമേധാവിത്വത്തിന്റെയും ഫെമിനിസത്തിന്റെയും ഭീഷണി നേരിടുന്ന സമൂഹത്തിന്റെ കലാസാഹിത്യങ്ങളിൽ ഈ സാമഞ്ജസ്യം നേടിയെടുക്കുന്ന സങ്കീർണ്ണവും ആയാസകരവുമായ ശ്രമങ്ങളായിരിക്കണം സ്ത്രീരചനയിൽ ചിത്രീകരിക്കപ്പെടേണ്ടത്.

ശക്തമായ ഒരു മിത്തിന്റെ പ്രദർശനത്തിലൂടെ സ്ത്രീ അവളെ സ്വയംപരമാധികാരവ്യക്തിയായി ചിത്രീകരിക്കുന്നില്ല. സ്ത്രീരചനയ്ക്ക് മുൻകാലങ്ങളിൽ അംഗീകാരം ലഭിച്ചിരുന്നില്ല. സ്ത്രീക്ക് സ്വന്തമായ ഒരു സാഹിത്യമില്ലാതിരുന്നതിനാൽ, ബ്യൂവെ അഭിപ്രായപ്പെടുന്നതുപോലെ, മുൻപ് പരുഷന്മാരാൽ സൃഷ്ടിക്കപ്പെട്ട ഫൻറസിയിലൂടെയാണ് സ്ത്രീ സ്വപ്നംകണ്ടിരുന്നത് (174). പുരുഷവർഗ്ഗത്തിന്റെ ആവശ്യാനുസരണം സൃഷ്ടിക്കപ്പെട്ട ലിംഗവിഭാഗങ്ങളിലൂടെയും രൂഢമൂലമായ മാർഗ്ഗങ്ങളിലൂടെയുമാണ് സ്ത്രീയുടെ വ്യക്തിത്വത്തിന് പരിണാമം സംഭവിക്കുന്നത്. പുരുഷമേധാവിത്വത്തിൽ ലൈംഗികധർമ്മങ്ങൾക്കു സംഭവിക്കുന്ന സാമൂഹ്യവൽക്കരണമാണിതിന് കാരണം. സ്ത്രീയുടെ പരിമിതമായ ലൈംഗികധർമ്മങ്ങൾ മൃഗത്തിന്റെ അവസ്ഥയിലേക്ക് അവളുടെ ജീവിതത്തെ അധഃപതിപ്പിക്കുന്നു. വ്യക്തമായും മാനുഷികമായ പ്രവൃത്തികൾ എല്ലാംതന്നെ, കേറ്റ് മില്ലെറ്റ് നിരീക്ഷിക്കുന്നതുപോലെ, പുരുഷസ്വഭാവമുള്ളവയായി തരംതിരിച്ചിരിക്കുന്നു (26). ലിംഗവിഭാഗീകരണം ആദ്യമായി പ്രത്യക്ഷപ്പെട്ടത് സമൂഹമനസ്സിൽ ഏകപക്ഷീയമായി അടിച്ചേല്പിക്കപ്പെട്ട ലൈംഗികമിത്തുകളിലാണ്. സ്ത്രീയായിരിക്കുകയെന്നത് അതുല്യവും അസാധാരണവുമായ ഒരനുഭവമാണ്. ഇതു പൂർണ്ണമായും പ്രകാശിപ്പിക്കുന്നതിന് ഒരു സ്ത്രീക്കു മാത്രമേ സാദ്ധ്യമാവൂ. പുരുഷമേധാവിത്വപ്രത്യയശാസ്ത്രത്തിന്റെ ആന്തരവൽക്കരണം സ്ത്രീയെ നിരന്തരമായ സൂക്ഷ്മനിരീക്ഷണത്തിന് വിധേയയാക്കുന്നു. ഇതു ബൗദ്ധികകാര്യങ്ങളിൽപ്പോലുമുള്ള സ്ത്രീയുടെ ശൈശവവൽക്കരണ(infantilization)ത്തിനിടയാക്കുന്നു. പുരുഷൻ തന്റെ ലൈംഗികതയിൽ അഭിമാനംകൊള്ളുകയും അതു തന്റെ അപരയായ സ്ത്രീയെ സ്വാധീനിക്കാനുപയോഗിക്കുകയും ചെയ്യുന്നു. പുരുഷൻ സൃഷ്ടിക്കുന്ന സ്ത്രീയുടെ ബിംബം സ്ത്രീയുടെ അപരത്വത്തിൽനിന്നുത്ഭവിക്കുന്ന ഭയത്തിൽനിന്ന് പുരുഷനെ രക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. അതിനാൽ, കലാസാഹിത്യങ്ങളിൽ പ്രതിഫലിപ്പിക്കപ്പെടുന്ന സ്ത്രീബിംബങ്ങൾ എല്ലായ്പ്പോഴും വികലവും കൃത്രിമവുമായിരിക്കും.

ഫ്രോയിഡിന്റെ മനോവിശ്ലേഷണാത്മകസിദ്ധാന്തങ്ങൾ സാഹിത്യത്തിലെ സ്ത്രീയുടെ ചിത്രീകരണത്തെക്കുറിച്ച് സത്യസന്ധമായി മനസ്സിലാക്കുന്നതിന് പ്രതിബന്ധമായി തുടരുന്നു. സ്ത്രീസ്വാതന്ത്ര്യത്തിനെതിരായ പിന്തിരിപ്പൻശക്തികൾ 'ശിശ്നാസൂയ' (penis-envy), 'പുംസ്വത്വഹരണവിഭ്രാന്തി' (castration complex) മുതലായ ആശയങ്ങളുടെ പ്രചാരണത്തിലൂടെ സ്ത്രീകളെ അപകീർത്തി

പ്പെടുത്തുന്നു. ഒരു സ്ത്രീക്ക്, സഫലീകരിക്കാത്ത ഉൽക്കർഷേച്ഛയുള്ള പുരുഷനാണ് താനെന്ന ബോധമുള്ളതായി ഫ്രോയിഡ് വാദിക്കുന്നു. ആ ബോധത്തിന് അദ്ദേഹം 'ഓം മാകാ'(homme-manque) എന്ന പേരാണ് നൽകിയിരിക്കുന്നത്. വികലമാക്കപ്പെട്ട പുരുഷനാണ് താനെന്ന തോന്നൽ സ്ത്രീയിൽ സ്വബിംബത്തെക്കുറിച്ച് അവജ്ഞയുളവാക്കുന്നു. ഇതു പുരുഷലിംഗത്തിനുവേണ്ടിയുള്ള ഒരു വാഞ്ഛ സ്ത്രീയിലുളവാക്കുന്നതായി ബ്യൂവെ അഭിപ്രായപ്പെടുന്നു (71—73). ഈ ആഗ്രഹം ഒരു പുരുഷനേപ്പോലെയായിത്തീരുന്നതിനുള്ള ആകാംക്ഷയിലൂടെ മനഃശാസ്ത്രപരമായി പ്രകടിപ്പിക്കപ്പെടുന്നു. പുരുഷൻെറ പദവി നേടുകയെന്നത് ശാരീരികമായി അസാദ്ധ്യമായതിനാൽ പുരുഷൻെറ ബൗദ്ധികസ്ഥിതി ആർജ്ജിക്കുന്നതിന് സ്ത്രീ ശ്രമിക്കുന്നു. ഇതു സ്ത്രീയെ ധൈഷണിക ജീവനം അന്വേഷിക്കുന്നതിനു പ്രേരിപ്പിക്കുന്നു. സ്ത്രീയുടെ അബോധമനസ്സിലേക്കു തള്ളപ്പെട്ട ആഗ്രഹത്തിൻെറ ശുദ്ധീകരിക്കപ്പെട്ട പരിവർത്തനരൂപമായി ബൗദ്ധികജീവിതം പരിഗണിക്കപ്പെടുന്നു. സ്ത്രീ പുരുഷനേക്കാൾ താഴ്ന്നനിലയിലാണെന്ന അനുമാനത്തിലധിഷ്ഠിതമായവയാണ് ഫ്രോയിഡിൻെറ സിദ്ധാന്തങ്ങൾ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഫ്രോയിഡിൻെറ മനഃശാസ്ത്രം ലൈംഗികാസമത്വത്തിൽ രൂഢമൂലമായ ഒരു സിദ്ധാന്തമാണ്. ഫ്രോയിഡ് സ്ത്രീയെ പൂർണ്ണമായും അവളുടെ ലൈംഗികതയുടെ പേരിലാണ് വിലയിരുത്തുന്നത്. ലൈംഗികത മനുഷ്യത്വത്തിൻെറ ഒരു മുഖംമാത്രമാണ്. സ്ത്രീയുടെ ഈ ഏകമാനചിത്രീകരണം ഫ്രോയിഡിൻെറ മനഃശാസ്ത്രത്തിൻെറ മറ്റൊരു ന്യൂനതയാണ്. ഹെലൻ ഡ്യൂഷ് (Helen Deutsch) സ്ത്രീത്വത്തെ നിഷ്ക്രിയത്വത്തോടും പുരുഷത്വത്തെ കർമ്മശേഷിയോടും സമീകരിക്കുന്നു. കർമ്മനിരതമായ ജീവിതത്തോടുള്ള സ്ത്രീയുടെ ആഭിമുഖ്യം 'പുരുഷത്വമനോഭാവം' (masculinity-complex) എന്നു പറയപ്പെടുന്നു. ഇതു സ്ത്രീയുടെ പുംസ്വത്വഹരണമനോഭാവത്തിൽനിന്നുണ്ടാകുന്നതാണെന്ന് ഫ്രോയിഡിൻെറ പിൻഗാമികൾ വാദിക്കുന്നു. അപര്യാപ്തമായ സ്ത്രീശരീരവും സമൂഹവും സംയോജിച്ചു പ്രവർത്തിച്ചാണ് സ്ത്രീത്വം അഥവാ ശാലീനത സൃഷ്ടിക്കുന്നതെന്ന് ഫ്രീഡൻ അഭിപ്രായപ്പെടുന്നു. (Mystique,108). ബ്യൂവെയുടെ ചിന്തയിൽ, വികാരത്തെ ലൈംഗികതയിൽനിന്ന് വേർതിരിച്ചറിയാൻ പരാജയപ്പെടുന്ന ഒരു വ്യതിചലനമാണ് ശിശ്നാസൂയ (304—307). ആഷ്‌ലി മൊൻടെഗ്യൂ (Ashley Montagu) സ്ത്രീയുടെ ന്യൂനതകളെക്കുറിച്ചുള്ള ഫ്രോയിഡിൻെറ നിഗമനങ്ങളെ ചോദ്യംചെയ്യുന്നു. ആർത്തവത്തിനും പ്രജനനത്തിനുമുള്ള സ്ത്രീയുടെ കഴിവിൽ പുരുഷനാണ് അസൂയാലുവെന്ന് മൊൻടെഗ്യൂ വാദിക്കുന്നു (33).

സ്ത്രീത്വത്തിൻെറ ന്യൂനതകളെ ഊന്നിപ്പറയുന്ന മനഃശാസ്ത്രമാണ് ഫ്രോയിഡ് ആവിഷ്കരിച്ചതെന്ന കാര്യം അവിതർക്കിതമാണ്. പുരുഷാധിപത്യസംസ്കാരത്തിൽ സ്ത്രീയായി ജനിക്കുന്നത് ഒരു ദുരന്താനുഭവമാണെന്ന് കേറ്റ് മില്ലെറ്റ് അഭിപ്രായപ്പെടുന്നു (179—180). പുരുഷമേധാവിത്വസമൂഹത്തിൽ സ്ത്രീയുടെ ജീവിതം ദുരിതങ്ങളുടെ തുടർ



ക്കഥയാണ്. സ്ത്രീസമത്വദർശനത്തിലും, സ്ത്രീ ബഹുമുഖകർമ്മക്ഷമതയുള്ള ഒരു സ്വാശ്രയമനുഷ്യജീവിയാണെന്ന വീക്ഷണത്തിലും അധിഷ്ഠിതമായ ഒരു നവീനമനഃശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ നൂതനസാഹിത്യമാനദണ്ഡങ്ങളും പ്രതിമാനങ്ങളും സൃഷ്ടിക്കേണ്ടതാവശ്യമാണ്. ഒരു നവസൗന്ദര്യശാസ്ത്രത്തിനും ഗുണഭേദംവന്ന നീതിശാസ്ത്രത്തിനും സാഹിത്യത്തിലെ സ്ത്രീയുടെ സത്യസന്ധമായ ചിത്രീകരണത്തിനുള്ള പാത തെളിക്കുവാൻ കഴിയും. ഈ പുതിയ സൗന്ദര്യശാസ്ത്രമോ നീതിശാസ്ത്രമോ സ്വയം ഉത്ഭവിക്കുകയില്ല. പുരുഷമേധാവിത്വം പ്രചരിപ്പിച്ചിട്ടുള്ള വികലവീക്ഷണം സമൂഹമനസ്സിൽ മായാത്ത ചിത്രങ്ങൾ ആഴത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. പുതിയ സൗന്ദര്യശാസ്ത്രത്തിനും നീതിശാസ്ത്രത്തിനും സമൂഹത്തിൽ അനായാസമായ അംഗീകാരം ലഭിക്കുകയില്ല. പുരുഷമേധാവിത്വശക്തികളുടെ എതിർപ്പുമാത്രമല്ല ഇതിനു കാരണം. ഈ പുതിയ നീതിശാസ്ത്രങ്ങളെ സമൂഹം സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതിനു സാദ്ധ്യതയുണ്ട്. പുതിയ വിമർശനസിദ്ധാന്തങ്ങളും പുതിയ മനഃശാസ്ത്രവും നിർദ്ദേശിക്കുകയും പ്രചരിപ്പിക്കുയും ചെയ്യേണ്ടത് സ്ത്രീകളുടെ കടമയാണ്. അതോടൊപ്പംതന്നെ, പുതിയ വിമർശനസിദ്ധാന്തങ്ങളുടെയും പുതിയ മനഃശാസ്ത്രത്തിൻെറയും അടിസ്ഥാനത്തിൽ സാഹിത്യത്തിലും കലകളിലും സ്ത്രീകളെ ചിത്രീകരിക്കേണ്ടതും സ്ത്രീകളായ എഴുത്തുകാരുടെ കർത്തവ്യമാണ്. സ്ത്രീരചനയുടെ അവിഘ്നമായ വളർച്ചയ്ക്ക് അനുയോജ്യമായ ഒരു സാഹചര്യം എല്ലാ വിജ്ഞാനശാഖകളിലും സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ഒരു സ്വതന്ത്രസാഹിത്യരൂപമെന്ന നിലയിലുള്ള സ്ത്രീരചനയുടെ പുരോഗതിക്ക് ഇതാവശ്യമാണ്. വിമർശനം, മനോവിശ്ലേഷണം, സാഹിത്യം, തത്ത്വശാസ്ത്രം, സാമൂഹ്യശാസ്ത്രം മുതലായ വിജ്ഞാനശാഖകളിൽ സ്ത്രീകൾ അവരുടേതായ സ്ഥാനം കണ്ടെത്തേണ്ടതുമുണ്ട്. തന്നിലെ സ്ത്രീയുടെ സാഹിത്യപരമായ അഭിവ്യഞ്ജനത്തിനും, അതിൻെറ സാമൂഹ്യാംഗീകാരത്തിനുംവേണ്ടി സമകാലീനസാഹചര്യത്തിൽ എഴുത്തുകാരി ഒരു ബഹുമുഖപ്രതിഭയായിത്തീരേണ്ടതാവശ്യമാണ്. സമകാലികലോകത്ത് സ്ത്രീത്വത്തിൻെറ സത്യസന്ധമായ സാഹിത്യചിത്രീകരണത്തിന് അദ്ഭുതകരമായ ഒരാറാമിന്ദ്രിയം ആവശ്യമാണ്. ഇപ്രകാരമുള്ള സ്ത്രീരചനയുടെ ആസ്വാദനത്തിനും മൂല്യനിർണ്ണയത്തിനും ഒരേഴാം ഇന്ദ്രിയംതന്നെ ആവശ്യമാണെന്നുകൂടി പറയാം.

★

അനുബന്ധം: I

## ‘എൻെറ കഥ’യിലെ ബഹുസ്വരങ്ങൾ

മാധവിക്കുട്ടിയുടെ ‘എൻെറ കഥ’ പല കാരണങ്ങൾകൊണ്ടും ശ്രദ്ധേയമായ ഒരു കൃതിയാണ്. ഈ കൃതിയുടെ പ്രസാധനം മലയാളത്തിൽ അപരിചിതമായ ഒരു വികാരവിക്ഷോഭം സൃഷ്ടിച്ചു. പാശ്ചാത്യലോകത്ത് ഇത്തരം സംഭവങ്ങൾ സാധാരണമാണ്. പ്രസാധന വിജയത്തിൽ പരസ്യകല വഹിക്കുന്ന പങ്കാണ് ഇതിനു പ്രധാനകാരണം. ആത്മകഥയെന്ന മിഥ്യാധാരണയോടെ അനുവാചകർ ‘എൻെറ കഥ’യെ സമീപിച്ചതുമൂലം, ഒഴിവാക്കാമായിരുന്ന ഒരു വിവാദം ഉയർന്നുവന്നു. ഈ കൃതിയിലെ പാരമ്പര്യേതരമായ ഉള്ളടക്കത്തോട് യാഥാസ്ഥിതികമലയാളികളുടെ പാരമ്പര്യസംവേദനക്ഷമത ക്രിയാത്മകമല്ലാതെ പ്രതികരിച്ചു. കൃതിയുടെ ഉള്ളടക്കത്തോടുള്ളതിലുപരിയായി അതിൻെറ രചനാരീതിയോടുള്ള പ്രതിഷേധമാണത്.

‘എൻെറ കഥ’യുടെ ശീർഷകം തെറ്റിദ്ധാരണാജനകമാണ്. സങ്കീർണ്ണവും ദുർഗ്രാഹ്യവുമായ സാഹിത്യസമസ്യകളിലേക്ക് ആ ശീർഷകം വായനക്കാരനെ നയിക്കുന്നു. ഈ കൃതി ഒരു ഭാവനാത്മകമായ ആത്മകഥയാണോ? അതല്ല, ആത്മകഥാംശപ്രധാനമായ ഒരു കഥാസാഹിത്യകൃതിയാണോ? ഈ ചോദ്യങ്ങളോടുകൂടി വായനക്കാരൻ അദ്ഭുതപ്പെടുന്നു. കൃതിയിൽ പ്രതിപാദിച്ചിട്ടുള്ള പല സംഭവങ്ങളും അതിയഥാതഥമലയാളകഥകളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സമകാലീന വനിതാനോവലിസ്റ്റുകളായ ഡോറിസ് ലെസ്സിംഗ് (Doris Lessing), റ്റോണി മോറിസൻ (Toni Morison) മുതലായവർ ജീവിതത്തിലെ ആത്മകഥാംശപരവും മൗലികവുമായ സംഗതികൾ സ്വന്തം രചനകളിൽ സാത്മീകരിച്ച് ഉൽക്കൃഷ്ടമാക്കുവാൻ ശ്രമിക്കുന്നതായിക്കാണാം. എത്ര മാത്രം യാഥാർത്ഥ്യങ്ങൾ കഥാസാഹിത്യത്തിലേക്ക് സാത്മീകരിക്കുവാൻ സാധിക്കുമെന്നതിനെപ്പറ്റിയാണ് അവരുടെ ഉൽക്കണ്ഠ. ചെറുകഥാരചനയിൽ മാധവിക്കുട്ടിയും ഇതേ പ്രശ്നം അഭിമുഖീകരിക്കുന്നു. ജീവിതാനുഭവങ്ങൾ കഥാരചനയ്ക്കുള്ള അസംസ്കൃതസാമഗ്രിയായി എത്രമാത്രം

പ്രയോഗിക്കുവാൻ കഴിയുമെന്ന അന്വേഷണമായി രചിക്കപ്പെട്ട ഈ ചെറു
കഥകൾ ജീവിതത്തിൻെറ ശരിപ്പകർപ്പായ കഥാസാഹിത്യത്തിനുദാ
ഹരണമാണ്. എന്നാൽ, 'എൻെറകഥ'യുടെ രചനയിലേർപ്പെട്ടപ്പോൾ
തികച്ചും വിപരീതമായ ഒരു പ്രശ്നമാണ് മാധവിക്കുട്ടി അഭിമുഖീകരിച്ചത്.
കല്പിതകഥകൾ എത്രമാത്രം യാഥാർത്ഥ്യവൽക്കരിക്കുവാൻ കഴിയു
മെന്ന ചിന്ത മലയാളത്തിൻെറ പ്രിയപ്പെട്ട കഥാകാരിയെ അലോസര
പ്പെടുത്തിയിരുന്നു.

ഈ കൃതിയുടെ ആദ്യവായനക്കാർക്കുണ്ടാകുന്ന അസംതൃപ്തി
കഥാകാരിയെന്ന നിലയിൽ മാധവിക്കുട്ടി അനുഭവിച്ചിട്ടുള്ള അസംതൃപ്തി
യാണ്. സ്ത്രീകളുടെ സമകാലികകഥകളിൽ പൊതുവെ ഒരു അപൂർണ്ണ
താബോധം നിഴലിക്കുന്നതുകാണാം. തങ്ങൾ വ്യത്യസ്തരാണെന്ന
അറിവും അപൂർണ്ണമനുഷ്യജീവികളാണെന്ന ബോധവും സൃഷ്ടിക്കുന്ന
വേദന സ്ത്രീയുടെ അസ്തിത്വത്തെ പ്രതീകാത്മകമാക്കുന്നു. കഥാരചന
സ്വത്വാഭിജ്ഞാനത്തിനുള്ള മാദ്ധ്യമമായി സ്ത്രീകൾ പരിഗണിക്കുന്നു.
സ്ത്രീകളുടെ കഥകളിൽ പ്രകാശിതമാകുന്ന അസംതൃപ്തി, സ്ത്രീവർഗ്ഗം
അനുഭവിക്കുന്ന ഏകാന്തതയുമായി ബന്ധപ്പെട്ടതാണ്. ഒരു അസ്തിത്വാ
നുഭവത്തേക്കാളുപരി, ലിംഗസവിശേഷമായ ഒരവസ്ഥാവിശേഷമാണ്
സ്ത്രീയുടെ ഏകാന്തത. സ്വാനുഭവങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള
സ്ത്രീയുടെ വിമുഖത ഭാഷയിൽനിന്നുള്ള സ്ത്രീയുടെ അന്യവൽ
ക്കരണമായി കണക്കാക്കാം. ഭാഷ അധികാരത്തിൻെറ ഒരു സൂചികയാണ്.
അതിനാൽ സ്ത്രീയുടെ നിശ്ശബ്ദത അധികാരത്തോടുള്ള നിസ്സംഗത
യായി ചിത്രീകരിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്. ഡെബറെ പോപ്പ്
(Deborah Pope) അഭിപ്രായപ്പെടുന്നതുപോലെ, തങ്ങളുടെ സ്വകാര്യ
സത്യങ്ങൾ ഒരു അന്യഭാഷയിൽ പ്രകാശിപ്പിക്കുന്നതിന് സ്ത്രീകൾ മിക്ക
പ്പോഴും പ്രേരിതരാകാറുണ്ട്. രണ്ടു വിഭിന്നഭാഷകളിൽ രചനയിലേർ
പ്പെടുന്നവരെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവന കൂടുതൽ
പ്രസക്തമാണ്. രണ്ടു ഭാഷകളിലെ വിഭിന്നസാഹിത്യരൂപങ്ങൾക്കിടയിൽ
സർഗ്ഗശക്തി വിഭജിക്കുന്നതിനുള്ള പ്രവണത സ്വത്വവിഭജന
പ്രേരകമാണ്. കൊളോണിയൽപശ്ചാത്തലമുള്ള ഒരെഴുത്തുകാരിയിൽ
ദൃശ്യമാകുന്ന സർഗ്ഗശക്തിയുടെ ഈ വിഭജനം സ്വത്വത്തിൻെറ അപകൊ
ളോണിയവൽക്കരണത്തെ(de-colonisation)സൂചിപ്പിക്കുന്നു. നിക്കൽ
വോഡ് ജൗവ് (Nicole Ward Jouve) അഭിപ്രായപ്പെടുന്നതുപോലെ,
എഴുത്തുകാരി വിഭക്ത വ്യക്തിത്വമുള്ള ഒരു സ്ത്രീയായി മാറുന്നു;
അവളുടെ ജീവിതം രണ്ടു വ്യത്യസ്ത ലോകങ്ങളിലും സംസ്കാരങ്ങളി
ലുമുള്ള സാഹസികകൃത്യങ്ങളാൽ പൂരിതമാകുന്നു.

തൻെറ ആദ്യത്തെ ഹൃദ്രോഗബാധയെത്തുടർന്നാണ് ഈ കൃതി
യുടെ രചനയിലേർപ്പെട്ടതെന്ന് മാധവിക്കുട്ടി ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്.
സർഗ്ഗരചന മരണഭയത്തിൽനിന്ന് മനസ്സിനെ വ്യതിചലിപ്പിക്കുന്നതിനുള്ള
ഉപാധിയായി ഡോക്ടർ ഉപദേശിച്ചതായി പറയുന്നു. കൃതിയുടെ രചന
പൂർത്തിയായതോടെ താൻ സുഖംപ്രാപിച്ചതായി മാധവിക്കുട്ടി രേഖ



പ്പെടുത്തിയിരിക്കുന്നു. കഥാരചനയിലൂടെ ജീവിതദൈർഘ്യംനേടിയ ഈ
സംഭവം 'ആയിരത്തൊന്നു രാവുകളി' (Thousand and One
Nights)ലെ ഷെഹർ സാദി (ScheherZade)ൻെറ കഥോപാഖ്യാനചാ
തുര്യത്തെ അനുസ്മരിപ്പിക്കുന്നു. കവനകൗതുകത്തിലൂടെ തൻെറയും
മറ്റു സ്ത്രീകളുടെയും ജീവൻ രക്ഷിച്ച ഷെഹർ സാദിനെപ്പോലെ മാധവി
ക്കുട്ടിക്കും കഥാഖ്യാനം യാഥാർത്ഥ്യത്തിൻെറ ഒരു പക്ഷാന്തരമാണ്.
പകൽ യാഥാർത്ഥ്യത്തേയും രാത്രി മരണഭീതിയേയും സൂചിപ്പിക്കു
മ്പോൾ, കഥാരചന മരണത്തിനെതിരെ, ജീവിതം പന്തയംവെച്ചുള്ള, ഒരു
ചൂതാട്ടമായി മാറുന്നു. മരണത്തെ മുഖാമുഖം കണ്ട കഥാകാരി
അവസാനം മരണത്തെ അതിജീവിക്കുന്നു. പ്രഭാതയാഥാർത്ഥ്യത്തിൽ
ജീവിതം മരണത്തെ കീഴ്പ്പെടുത്തുമ്പോൾ കഥ അപൂർണ്ണമായി വിച്ഛേ
ദിക്കപ്പെടുന്നു. കഥയുടെ അപൂർണ്ണത കഥാകാരിയിലെന്നതുപോലെ
വായനക്കാരിലും ഒരു ശൂന്യതാബോധം സൃഷ്ടിക്കുന്നു. സ്ത്രീഭാവു
കത്വത്തിന് അനുയോജ്യവും രഹസ്യദുരൂഹതകൾ ചിത്രീകരിക്കുന്നതി
നുപയുക്തവുമായ, പരിമിത സ്വതന്ത്രമായ, ഒരു ഘടനാക്രമമാണ്
കഥയ്ക്കുള്ളത്.

'എൻെറ കഥ' ഗുണപരമായി മനുഷ്യാനുഭവങ്ങളോടുള്ള വൈകാ
രികപ്രതികരണങ്ങൾ പ്രതിപാദിക്കുന്ന കുമ്പസാരസാഹിത്യ (Confe-
ssional literature)ത്തിലുൾപ്പെടുന്നു. ഇത്തരം സാഹിത്യകൃതികളിൽ
ധൈഷണികവൈകാരികജീവിതങ്ങൾ തമ്മിലും, ആത്മീയ ഭൗതികയാ
ഥാർത്ഥ്യങ്ങൾ തമ്മിലുമുള്ള വിഭജനം കഥാകാരിയുടെ സ്വകാര്യാനാവൃ
തലോകങ്ങൾ തമ്മിലുള്ള വിഭജനമായി ചിത്രീകരിക്കപ്പെടുന്നു. ആത്മനി
ഷ്ഠവും വസ്തുനിഷ്ഠവുമായ യാഥാർത്ഥ്യങ്ങൾ പരസ്പരപൂരകങ്ങളായി
കോർത്തിണക്കിയിട്ടുള്ള ഇത്തരം സാഹിത്യത്തിൽ ആത്മനിഷ്ഠത പല
പ്പോഴും യുക്ത്യധിഷ്ഠിതനിഗമനങ്ങളിൽ പര്യവസാനിക്കാറുണ്ട്. സ്വകാ
ര്യമായ വിശദാംശങ്ങളുടെ അനാവരണത്തിനുമുപരി, മനുഷ്യാനന്യത
പുനർനിർവ്വചിക്കുന്നതിനുള്ള ശ്രമംകൂടിയാണ് പാപനിവേദനസാഹിത്യം.
എഴുത്തുകാരിയുടെ സ്വകാര്യലോകം വസ്തുനിഷ്ഠയാഥാർത്ഥ്യത്തിൻെറ
പേരിൽമാത്രമാണ് ആകർഷണീയമാകുന്നത്. സർവ്വാനുഭവങ്ങളും രേഖ
പ്പെടുത്തുന്നതിനുള്ള ഒരു ഡയറിക്കുറിപ്പുകാരൻെറ നിർബ്ബന്ധിതനി
യോഗം 'എൻെറ കഥ'യിൽ സുതാര്യമാണ്. അതുകൊണ്ട്, എഴുത്തുകാ
രിക്കുണ്ടായ ഒരു മനോവിശ്ലേഷണാത്മകസുഖപ്രാപ്തിയുടെ ആന്തര
യുക്തി ഈ കൃതിയിലുണ്ട്.

കഥയും ആത്മകഥയും തമ്മിലുള്ള വ്യത്യാസം വ്യവസ്ഥാപിതവും
നിസ്സാരവുമാണ്. ഭാഷാശാസ്ത്രപരമായി അവ വിഭിന്നങ്ങളല്ല. ഓരോന്നും
സ്വതന്ത്രമായ ഓരോ സാഹിത്യരൂപമാണ്. നിർവ്വഹണ (function)
ത്തിലും സങ്കേത (device) ത്തിലും അവ സമാനമാണ്. ഓരോന്നും ഒരു
നിർവ്വഹണഘടന (Functional structure) യാണ്. അവ ഓരോന്നും നൽ
കുന്ന സന്ദേശത്തിൻെറ ഘടകങ്ങൾ (factors of message) ഒന്നു
തന്നെയാണ്. സാഹിത്യപരതയെ അടിസ്ഥാനമാക്കിയുള്ള

വീക്ഷണത്തിലും അവ വ്യത്യസ്തങ്ങളല്ല. സ്വതന്ത്രസാഹിത്യരൂപങ്ങളായി പരിഗണിക്കുമ്പോൾമാത്രം കഥയും ആത്മകഥയും വിഭിന്നങ്ങളാണ്. എന്നാൽ ഒരു കൃതിയുടെ ആസ്വാദനത്തിൽ സാഹിത്യരൂപങ്ങളുടെ വ്യത്യാസം പ്രതിബന്ധമാകുന്നില്ല.

സ്ത്രീരചനയുടെ സവിശേഷഗുണങ്ങൾ സമന്വയിക്കുന്ന 'എൻെറ കഥ' സ്വകാര്യമായ സംഗതികൾപോലും രാഷ്ട്രീയമാണ് എന്ന വിശ്വാസം ശക്തിപ്പെടുത്തുന്ന ഒരു കൃതിയാണ്. ഏതൊരു സാഹിത്യരൂപവും സ്ത്രീയുടെ സത്യസന്ധമായ ആത്മപ്രകാശനത്തിനുപയുക്തമായ മാദ്ധ്യമമാണെന്ന് ഈ കൃതിയിലൂടെ മാധവിക്കുട്ടി തെളിയിക്കുന്നു. സ്ത്രീ അനുഭവിക്കുന്ന പീഡനാവഗണനകളും അന്യവൽക്കരണവും വിവരിക്കുന്ന ഈ കൃതിയിൽ സ്ത്രീസമസ്യകൾക്കുള്ള പരിഹാരങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. കൃതിയുടെ സാഹിത്യഗുണം ബലികഴിക്കാതെതന്നെ കൃതിയിൽ അന്തർലീനമായ ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രം വശ്യസുന്ദരമായി ആവിഷ്കരിക്കുവാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. ഭാര്യാത്വത്തിൽനിന്നും മാതൃത്വത്തിൽനിന്നുമുത്ഭവിക്കുന്ന സ്ത്രൈണസാക്ഷാത്കാരത്തിൻെറ അവാച്യസിദ്ധി (mystique) എഴുത്തുകാരിക്ക് സത്യസന്ധമായ സ്വത്വനിദർശനത്തിനുള്ള ഒരു ഭീഷണിയാണെന്ന് ഈ കൃതിയിൽ മാധവിക്കുട്ടി ഊന്നിപ്പറയുന്നു.

സ്ത്രീരചനയിൽ ആഖ്യാതാവിൻെറ സ്വരം (narrator's voice) വ്യത്യസ്ത 'പെർസോണ'*(persona)കളെ പ്രതിനിധാനംചെയ്യുന്നു. തത്ഫലമായി കൃതിയിൽ ആഖ്യാതാവിൻെറ സ്വരത്തിൽ വ്യത്യസ്തതയുടെ ബാഹുല്യമുണ്ടാകുന്നു. ഇവയെ ബഹുസ്വരങ്ങൾ (multiple voices) എന്നു വിമർശകർ വിളിക്കുന്നു.

ബഹുസ്വരങ്ങളുടെ പ്രഭാവത്താൽ ശ്രദ്ധേയമായ ഒരു കൃതിയാണ് 'എൻെറ കഥ'. ആഖ്യാനസ്വരം ഒരേ സമയത്തുതന്നെ എഴുത്തുകാരി, മുഖ്യപാത്രം, സ്ത്രീ, എന്നിവരെ പ്രതിനിധാനംചെയ്യുന്നു. ഒരു ആഖ്യാനസങ്കേതമായി ബഹുസ്വരങ്ങളെ മാധവിക്കുട്ടി ഈ കൃതിയിൽ ചൂഷണം ചെയ്തിരിക്കുന്നു. നിരന്തരസർഗ്ഗക്രിയയായ സ്വത്വാഭിജ്ഞാനപ്രക്രിയയുടെ ഭാഗമാണ് ബഹുസ്വരങ്ങൾ. എഴുത്തുകാരിയോ മുഖ്യപാത്രമോ അനുഭവിക്കുന്ന മാനസികവിസ്ഫോടനത്തിൻെറ ഫലമായ ഈ സ്വരങ്ങൾ സ്വത്വജ്ഞാനത്തിനുതകുന്ന ക്രിയാപ്രതീകങ്ങൾ സൃഷ്ടിക്കുന്നു. ആഖ്യാതാവിൻെറയോ മുഖ്യപാത്രത്തിൻെറയോ ആന്തരസംഘർഷമായി ആവിഷ്കരിക്കപ്പെടുന്ന ബഹുസ്വരങ്ങൾ എഴുത്തുകാരിയുടെ മാനസികശിഥിലീകരണത്തിൻെറ പ്രത്യക്ഷരൂപമാണ്. റോബെറ്റ് റോജെസി (Robert Rogers)ൻെറ അഭിപ്രായത്തിൽ കഥാകാരിയുടെയോ

* സ്വത്വത്തിന് രണ്ടു വശങ്ങളുണ്ട്. അബോധമനസ്സുമായി ബന്ധപ്പെട്ട നിഗൂഢവശത്തിന് 'അനിമ' (Anima) എന്നു പറയുന്നു. ബാഹ്യവസ്തുക്കളുടെയും സന്ദർഭങ്ങളുടെയും നേർക്ക് പ്രതികരിച്ച് കർമ്മോന്മുഖമാകുന്ന മറുവശമാണ് 'പെർസോണ' (Persona).



കഥാപാത്രത്തിൻെറയോ ആസുരഭാവമുൾപ്പെടെയുള്ള വിഭക്തസ്വത്വങ്ങൾ കൃതിയിൽ ആവിഷ്കരണസാദ്ധ്യമായ പെർസോണകളെ സൃഷ്ടിക്കുന്നു. ഈ പെർസോണകൾ എഴുത്തുകാരിയോ കഥാപാത്രമോ അനുഭവിക്കുന്ന ആന്തരസംഘർഷത്തിൻെറ ബാഹ്യരൂപങ്ങളാണ്. മനസ്സിൽ നടക്കുന്ന ആന്തരവിഭജനത്തിൻെറ പരിണതഫലമായ ബഹുസ്വരങ്ങൾ ഏകകാലത്ത് പരസ്പരപൂരകവും വിഭിന്നവുമായ സ്വാശ്രയകഥാപാത്രങ്ങളെ പ്രതിനിധാനംചെയ്യുന്നുവെന്ന് റോജെസ് ചൂണ്ടിക്കാണിക്കുന്നു. ഈ മാനസികശിഥിലീകരണം വിരുദ്ധസമീപനങ്ങൾപോലെ ആത്മനിഷ്ഠമോ, സ്വത്വവിഭജനംപോലെ വസ്തുനിഷ്ഠമോ ആകാം. ബഹുസ്വരങ്ങളുടെ സംലയനത്തിലൂടെ എഴുത്തുകാരിയുടെ ഒരു സംവൃതവ്യക്തിത്വമോ അവികലമനസ്സോ നമുക്കു ദർശിക്കുവാൻ കഴിയും. ബഹുസ്വരങ്ങൾ കഥാസാഹിത്യത്തിൻെറ സവിശേഷതയും രൂപഘടനയുമാണെന്ന് റോജെസ് അഭിപ്രായപ്പെടുന്നു.

ദ്വന്ദ്വ (Double) ഭാവമെന്നും അപര (Other) ഭാവമെന്നുമുള്ള സ്വത്വവിഭജനം എഴുത്തുകാരിയുടെ അനുകമ്പ സ്പഷ്ടമാക്കുന്നതിനോ, സ്വയം സ്ഥാനാന്തരം ചെയ്യുന്നതിനോ ഉള്ള ഒരു സാഹിത്യസങ്കേതമാണ്. ദ്വന്ദ്വം സാധാരണയായി എഴുത്തുകാരിയുടെ പ്രതിനിധിയാണ്. സ്വന്തം ചേതനയെ ബോധപൂർവ്വം വിശ്ലേഷിപ്പിക്കുന്നതിലൂടെ ദ്വന്ദ്വവും അപരനും സ്വാതന്ത്ര്യം നേടുന്നു. ദ്വന്ദ്വത്തിൻെറ വെളിപ്പെടുത്തൽ അപരനെ സ്വന്തം സ്വത്വത്തിൽ മാറ്റിപ്രതിഷ്ഠിക്കുന്നതിനുള്ള രോഗാതുരമായ ഒരു പരിശ്രമമാണ്. മാധവിക്കുട്ടിയെപ്പോലെ കൊളോണിയൽ പശ്ചാത്തലമുള്ള എഴുത്തുകാരിൽ ഈ പ്രക്ഷേപപ്രക്രിയ പ്രത്യേകിച്ചും ശക്തമാണ്. ഒരു കഥാപാത്രം ആത്മദാർഢ്യവും വളർച്ചയും പ്രാപിക്കുമ്പോൾ ദ്വന്ദ്വം വ്യഷ്ടിവാദപ്രത്യയശാസ്ത്രം തീവ്രമാക്കുന്നുവെന്ന് പോൾ കോട്സ് (Paul Coates) അഭിപ്രായപ്പെടുന്നു. ദ്വന്ദ്വവുമായുള്ള മാനസികവേഴ്ച രണ്ടു വ്യത്യസ്തഭാഷകളിൽ രചനനടത്തുന്ന എഴുത്തുകാരുടെ മറ്റൊരു സവിശേഷതയായി പരിഗണിക്കപ്പെടുന്നു. അന്യദേശസംസ്കാരവും വിദേശഭാഷയും എഴുത്തുകാരിക്ക് ഒരു ആർജ്ജിതവ്യക്തിത്വവിശേഷം (acquired identity) നേടിക്കൊടുക്കുകയും കേന്ദ്രീകൃതസമൂഹത്തിൻെറ സൂക്ഷ്മനിരീക്ഷണത്തിൽനിന്ന് അഭയം നൽകുകയും ചെയ്യുന്നു. തൻെറ സ്വത്വൈകരൂപത പ്രകടിപ്പിക്കുന്നതിനുള്ള ഒരു സ്വകാര്യലോകം സൃഷ്ടിക്കുന്നതിന് വിദേശഭാഷ എഴുത്തുകാരിക്ക് സൗകര്യപ്രദമായ മാദ്ധ്യമമാണ്. ദ്വന്ദ്വത്തെക്കുറിച്ചുള്ള മനോവിശ്ലേഷണാത്മകപഠനം സ്ത്രീയുടെ ലൈംഗികതയിലും സ്ത്രൈണവ്യക്തിത്വത്തിലുമുള്ള പ്രതിസന്ധികൾ അനാവരണം ചെയ്യുന്നതിന് സഹായിക്കുന്നു. ദ്വന്ദ്വവും അപരനുമായുള്ള എഴുത്തുകാരിയുടെ മാനസികവേഴ്ച കഥാസാഹിത്യത്തിൻെറ സവിശേഷതയായി പോൾ കോട്സ് ചൂണ്ടിക്കാണിക്കുന്നു. സാധാരണഎഴുത്തുകാരികളെപ്പോലെ മാധവിക്കുട്ടിയും അഭിമുഖീകരിക്കുന്ന സങ്കീർണ്ണപ്രശ്നം അനന്യതാപ്രതിസന്ധിയാണ്. 'എൻെറ കഥ'യിലെ ആഖ്യാതാവിൻെറ സർവ്വശ്രമങ്ങളും ശക്തമായ ഒരു അനന്യത സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടിയുള്ളതാണ്.

ഭാരതീയപശ്ചാത്തലത്തിൽ വിലയിരുത്തപ്പെടേണ്ട ഒരു കൃതിയാണ് 'എൻെറ കഥ'. വൈരുദ്ധ്യാത്മകമായ ദ്വിമുഖസമീപനമാണ് സ്ത്രീയുടെ നേർക്ക് ഭാരതീയപാരമ്പര്യം പുലർത്തുന്നത്. ദേവതകളെ ആരാധിക്കുന്ന ഒരു ഭാരതീയപുരുഷൻ സ്ത്രീകളെ ആക്ഷേപിക്കുവാൻ വൈമുഖ്യം കാണിക്കാറില്ല. അയാൾ ഒരേസമയം മാതാവിനെ വന്ദിക്കുകയും ഭാര്യയെ നിന്ദിക്കുകയും ചെയ്യുന്നതായി കാണാം. തനിക്കു കളങ്കപ്പെടുത്താവുന്ന ഒരു ഭോഗവസ്തുവായി ഭാരതീയപുരുഷൻ സ്ത്രീയെ പരിഗണിക്കുന്നു. ഉത്തമകുടുംബിനിക്ക് ആവശ്യമായ ഗുണങ്ങൾ സ്ത്രീയിൽ വളർത്തിയെടുക്കുന്നവിധത്തിൽ രൂപഭാവനചെയ്തിട്ടുള്ള ഭാരതീയവിദ്യാഭ്യാസം പാരമ്പര്യത്തിന് അധീനയായി ജീവിക്കുവാൻ സ്ത്രീയെ ഉപദേശിക്കുന്നു. വിവാഹജീവിതവും കുടുംബവും വൈകാരികശക്തിയുടേയും സുരക്ഷിതത്വത്തിൻേറയും ഉറവിടമാണെന്നും, അതിന് കുടുംബത്തിൻെറ സ്ഥിരതയും വിവാഹബന്ധത്തിൻെറ ദൃഢതയും ആവശ്യമാണെന്നും സ്ത്രീക്കു ലഭിക്കുന്ന സൂക്ഷ്മപ്രബോധനം ഒരു സ്വതന്ത്രമനുഷ്യജീവിയാകുന്നതിനുള്ള അവളുടെ വാഞ്ഛ നശിപ്പിക്കുന്നു. ലിംഗവ്യത്യാസംമൂലം സ്ത്രീ അവഗണിക്കപ്പെടുന്നു. ലൈംഗികകാര്യങ്ങളിൽ ഭാരതസ്ത്രീക്ക് അർഹമായ പ്രാധാന്യംലഭിക്കുന്നുമില്ല. അല്ലാടി ഉമ (Alladi Uma) ചൂണ്ടിക്കാണിക്കുന്നതുപോലെ ഭാരതത്തിൽ ലൈംഗികാനുഭവം പുരുഷൻെറ അവകാശവും സ്ത്രീയുടെ ധർമ്മവുമാണ്. സാമൂഹ്യാംഗീകാരവും പ്രാധാന്യവും നേടുന്നതിനുവേണ്ടി സ്ത്രീ ഒരു മകൻെറ അമ്മയാകുന്നതിന് ആഗ്രഹിക്കുന്നു. ഭാരതസ്ത്രീക്ക് മകൻ സമൂഹത്തിലെ തൻെറ വിമോചകനും സാമൂഹ്യാംഗീകാരത്തിൻെറ പ്രതീകവുമാണ്. അതിനാൽ സ്ത്രീ മാതാവെന്ന കർമ്മമാതൃകയ്ക്ക് ഭാര്യയെന്നതിനേക്കാൾ പ്രാധാന്യം നൽകുന്നു. ഒരു ഭാരതസ്ത്രീ തൻെറ മക്കളിൽനിന്നാണ് സൗഹൃദവും വൈകാരികസാക്ഷാത്കാരവും നേടുന്നത്.

'എൻെറ കഥ'യിലെ ആദ്യത്തെ കഥനസ്വരം പിതൃഗൃഹത്തോട് ഗൃഹാതുരത്വവാഞ്ഛയുള്ള ഒരു കൗമാരപ്രായക്കാരിയുടേതാണ്. സൂക്ഷ്മവേദിയും അതിഭാവുകയുമായ ഈ ബാലിക സംഘർഷാത്മകമായ ചിന്തകൾ ഹൃദയത്തിൽ വഹിക്കുന്ന ഏകാന്തപഥികയാണ്. സംഗീതത്തിലും കലയിലും തൽപരയായ ഈ പെൺകുട്ടിയുടെ ജീവിതത്തിൽ പ്രേമസാക്ഷാത്കാരം ഒരു നിത്യവ്യാമോഹമായി തുടരുന്നു. തൻെറ 15-ാമത്തെ വയസ്സിൽ സ്നേഹത്തേക്കാളുപരി കാമവികാരത്തോടാഭിമുഖ്യമുള്ള ഒരു ബന്ധുവിനെ വിവാഹംകഴിക്കുവാൻ അവൾ നിർബന്ധിതയാകുന്നു. ഈ അസുന്തഷ്ടവിവാഹബന്ധമാണ് തൻെറ ജീവിതപ്രതിസന്ധികളുടെ കേന്ദ്രബിന്ദുവെന്ന് അവൾ വിശ്വസിക്കുന്നു.

ഈ ഭാഗത്തെ അനുഗമിക്കുന്ന കഥനസ്വരം അകാലവിവാഹത്തിൻെറ ദുരന്തമനുഭവിക്കുന്ന ഒരു ഭാര്യയുടേതാണ്. അവളുടെ ഭർത്താവിനു സ്നേഹത്തെക്കുറിച്ചുള്ള ധാരണ പുരുഷാധിപത്യഭാരതസമൂഹത്തിലെ പാരമ്പര്യങ്ങളാൽ നിയന്ത്രിതമാണ്. വിവാഹരാത്രി തന്നെ ഒരു പീഡനാനുഭവമായിത്തോന്നിയ അവൾക്കു തൻെറ വിവാഹം



പരാജയമാണെന്ന് സമ്മതിക്കുവാൻ മടിയില്ല. അവൾ ശാരീരികമായി മാത്രം ഭർത്താവിനു കീഴടങ്ങിയിരുന്നതായി 'എൻെറ കഥ'യിലെ പല അദ്ധ്യായങ്ങളും സൂചിപ്പിക്കുന്നു. വിവാഹത്താൽ നഷ്ടപ്പെടാത്ത ഒരു അനന്യത സൃഷ്ടിക്കുന്നതിന് അവൾ തീവ്രശ്രമം നടത്തുന്നതായി കാണാം. വിവാഹത്തിൻെറ പ്രാരംഭഘട്ടം അവൾക്കു യാതനയുടെ ഒരു ചരിത്രമാണ്. പ്രേമത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചു ഒരു വിദ്യാർത്ഥിനിയുടെ ഭാവനാപരമായ ആശയങ്ങൾ പുലർത്തിയിരുന്ന ആഖ്യാതാവ് സ്നേഹവും സൗഹൃദവുമാണ് വിവാഹത്തിൽനിന്നു പ്രതീക്ഷിച്ചത്. എന്നാൽ ദാമ്പത്യജീവിതത്തിലെ സ്നേഹശൂന്യമായ രതിയും ലൈംഗികമായ പൊരുത്തക്കേടും ദാമ്പത്യേതരമേഖലകളിലൂടെ പ്രേമസാക്ഷാത്കാരം നേടുന്നതിന് അവളെ പ്രേരിപ്പിച്ചു. സ്വന്തംവിധിയുമായി വേഗത്തിൽ പൊരുത്തപ്പെടുന്ന അവൾ തൻെറ ശരീരപ്രകൃതിയിലും ജീവിതത്തിലും വിവാഹം വരുത്തിയ ബീഭത്സവ്യതിയാനങ്ങളെക്കുറിച്ച് വേദനാപൂർവ്വം ബോധവതിയാകുന്നു.

'എൻെറ കഥ'യിലെ മൂന്നാമത്തെ കഥനസ്വരം പ്രകടനവാസനയുള്ള, വികാരതരളിതയായ ഒരു കാമുകിയുടേതാണ്. അവളുടെ ആദ്യകാമുകൻ പൂച്ചക്കണ്ണുള്ള ഒരു യുവാവായിരുന്നു. അവളുടെ ഭർത്താവിനെ അലോസരപ്പെടുത്തിക്കൊണ്ട് അയാൾ അവൾക്കു കാല്പനിക പ്രേമലേഖനങ്ങളെഴുതിയിരുന്നു. അതിനുശേഷം അവളുടെ ജീവിതത്തിലേക്ക് ഇറ്റാലിയൻ സുഹൃത്ത് കാർലോ (Carlo) കടന്നുവന്നു. കാർലോ അവളെ സീതയെന്നു വിളിച്ചു. ഒരു കുറിയ ദേവനെപ്പോലെ, പ്രേമത്തിൻെറ അകാലകുസുമങ്ങളുമായി അയാളെത്തിയപ്പോഴേക്കും അവൾ നിരുന്മേഷയും നിർവ്വികാരയുമായിത്തീർന്നിരുന്നു. കാർലോയുടെ പ്രേമാഭ്യർത്ഥന നിരസിച്ചെങ്കിലും താൻ ഇപ്പോഴും സുന്ദരിയാണെന്ന് അയാളിൽനിന്നു കേൾക്കുവാൻ അവൾ ഇഷ്ടപ്പെട്ടിരുന്നു. ആഖ്യാതാവിൻെറ അവസാനത്തെ കാമുകൻ അവൾ ജീവിതത്തിലന്വേഷിച്ചുകൊണ്ടിരുന്ന നിത്യകാമുകനായ കൃഷ്ണനാണ്. കറുത്ത, സുന്ദരനായ അയാളുടെ കണ്ണുകൾക്കിടയിൽ പച്ചകുത്തിയിരുന്നു. ഹൃദ്രോഗബാധയെത്തുടർന്ന് സുഖംപ്രാപിച്ചുവന്ന, കൂടുതൽ ആകർഷണീയയായി മാറിയ ആഖ്യാതാവ് അയാൾക്ക് അടിമയായിത്തീർന്നു. വൃദ്ധനും കുപ്രസിദ്ധനുമായ അയാൾ ഒരു കൊടുങ്കാറ്റിൻെറ ശക്തിയോടെ അവളെ കീഴ്പ്പെടുത്തി. ഗാത്രജ്ഞാനത്താൽ നയിക്കപ്പെട്ട അവളുടെ ശാരീരിക പ്രതികരണങ്ങൾ ദ്രുതചലനാത്മകങ്ങളായിരുന്നു. അയാളുടെ സ്പർശനം അവളിൽ വിദ്യുത്സ്ഫുലിംഗങ്ങളുളവാക്കി.

മാധവിക്കുട്ടിയുടെ 'ഗിനോ'(Gino), 'ശതാബ്ദത്തിൻെറ പുത്രി' (Daughter of the Century) എന്നീ കവിതകളിൽ ഒരു വിദേശകാമുകൻെറ പരാമർശമുണ്ട്. പ്രേമകവിതകളായ 'പ്രേമം'(Love), 'വൃന്ദാവനം' (Vrindavan), 'കൃഷ്ണൻ'(Krishna), 'ഘനശ്യാം'(Khanashyam) തുടങ്ങിയവയിൽ കാർവർണ്ണസമാനനായ കാമുകനുമായുള്ള പെർസോണകളുടെ അനുരാഗാനുഭൂതികൾ വർണ്ണിക്കുന്നുണ്ട്. യുവത്വത്തിൻെറ

ഈ തൃഷ്ണ കാലക്രമത്തിൽ ആരാധനയായിമാറുകയും, ബുദ്ധസന്നിധിയിൽ മാതംഗിയെന്നപോലെ, കൃഷ്ണസന്നിധിയിൽ ആഖ്യാതാവ് ശാശ്വതസമാധാനത്തിന് വാഞ്ഛിക്കുകയും ചെയ്യുന്നു.

ഈ കൃതിയിലെ നാലാമത്തെ കഥനസ്വരം ഒരു ഭാരതമാതാവിൻേറതാണ്. കലയെ സംബന്ധിച്ച പിതൃധർമ്മസിദ്ധാന്ത(Paternity theory of art) ത്തിൻെറ അടിസ്ഥാനത്തിൽ സർഗ്ഗപ്രക്രിയ ജൈവപ്രക്രിയയ്ക്ക് സമാന്തരമാണ്. അതിനാൽ ഒരു ശിശുവിൻെറ ജനനം ഒരു കവിതാരചനപോലെ വികാരശുദ്ധീകരണസംതൃപ്തി നൽകുന്ന സംഭവമാണ്. ഇവ രണ്ടും പ്രകൃതിയിൽ സംഭവിക്കുന്ന സൃഷ്ടികർമ്മങ്ങളോട് സാദൃശ്യമുള്ളവയാണ്. പുത്രനിലൂടെ അനന്യത കൈവരിക്കുന്ന ആഖ്യാതാവ് മാതൃസ്നേഹത്തിലൂടെ പുത്രന് അനശ്വരത പകരുവാൻ വെമ്പുന്നു. ആഖ്യാതാവിന് പുത്രൻ ഒരു വീണ്ടെടുപ്പുകാരനും വിമോചകനുമാണ്. ഈ കൃതിയിൽ പ്രതിദ്ധ്വനിക്കുന്ന മാതൃത്വത്തിൻെറ ബഹുമുഖഭാവങ്ങൾ മാധവിക്കുട്ടി തൻെറ പുത്രകവിത (Son Poems)കളിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

തൻെറ ജീവിതം കഥാസാമഗ്രിയായി ഉപയോഗിക്കുന്ന കഥാകാരിയുടേതാണ് 'എൻെറ കഥ'യിലെ അവസാനത്തെ കഥനസ്വരം. കഥനപാടവത്തിലൂടെ ജീവിതത്തിന് അർത്ഥവും ദൈർഘ്യവുമന്വേഷിക്കുന്ന കഥാകാരിയായ ആഖ്യാതാവിന് കഥനചാതുര്യം ഒരു മാന്ത്രികൗഷധംപോലെ അദ്ഭുതസുഖപ്രാപ്തി നൽകുന്നു. സ്വജീവിതം അസംസ്കൃതസാമഗ്രിയാക്കി കഥകൾ നെയ്യുമ്പോൾ സ്വതവേ സംഘർഷപൂരിതമായ അവളുടെ ജീവിതത്തിൽ ഒരു നൂതനസംഘർഷംകൂടി ഉടലെടുക്കുന്നു. ജീവിതത്തിലെ അനന്യതാപ്രതിസന്ധിക്ക് പരിഹാരമായ കഥാഖ്യാനത്തിൽ കുടുംബിനിയും കഥാകാരിയും തമ്മിലുള്ള ഈ സംഘർഷം അർത്ഥപൂർണ്ണമാണ്.

'എൻെറ കഥ'യിലെ പാഠാന്തരസംഘർഷം (intra textual conflict) സ്വത്വവിഭജനപ്രേരകമാണ്. ഈ കൃതിയിലെ കഥനസ്വത്വം (narrator's self) ബാലിക, സ്ത്രീ, കഥാകാരി എന്നിങ്ങനെ മൂന്നു വ്യത്യസ്ത സ്വാശ്രയസ്വത്വങ്ങളായി നിലനിൽക്കുന്നു. കൃതിയുടെ ആദ്യാദ്ധ്യായങ്ങളിൽ കഥനസ്വരം അസ്വസ്ഥപൂർണ്ണമായ ഗതകാലത്തിലേക്ക് ഒരു ശൈശവഗതി പ്രാപിക്കുന്നതായിക്കാണാം. ബാലികയായി നിലനിൽക്കുന്നതിനുള്ള വാഞ്ഛയും പ്രായപൂർത്തിയാകുമെന്ന ഭയവും ആഖ്യാതാവിൽ മാനസികസംഘർഷമുണ്ടാക്കുന്നു. ബാലികയും സ്ത്രീയും തമ്മിലുള്ള ഈ സംഘർഷം വിഭക്തസ്വത്വങ്ങൾ തമ്മിലുള്ള ആന്തരസംഘർഷത്തിൻെറ ബാഹ്യരൂപമാണ്. ജീവിതത്തിൻെറ ദുരന്തം പ്രാപ്തയൗവനത്തിൻെറ ആരംഭമാണെന്ന് മാധവിക്കുട്ടി 'രചന' (Composition) എന്ന കവിതയിൽ പറഞ്ഞിട്ടുണ്ട്. മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ നിത്യശൈശവത്തിൽ ജീവിക്കുന്നതിന് അപ്രതിരോധ്യമായ ആഗ്രഹം പ്രകടിപ്പിക്കുന്നതുകാണാം. തൻെറ ചെറുകഥകളിലെ മുഖ്യസ്ത്രീകഥാപാത്രങ്ങളുടെ ശൈശവാവസ്ഥയ്ക്ക് ഊന്നൽ നൽകുന്നതിന് ഒരു മുത്തശ്ശിയെയോ, വൃദ്ധസ്ത്രീബന്ധുവിനെയോ,



വൃദ്ധകാമുകനെയോ സൃഷ്ടിക്കുന്നത് മാധവിക്കുട്ടിയുടെ കഥകളിലെ ആവർത്തിതസവിശേഷതയാണ്. 'എൻെറ കഥ'യിലെ ആഖ്യാതാവിൻെറ പിതൃഗൃഹത്തിലേക്കുള്ള പ്രയാണം യഥാർത്ഥത്തിൽ ശൈശവത്തിൻെറ നിഷ്കളങ്കതയിലേക്കും പരിശുദ്ധിയിലേക്കുമുള്ള പ്രതീകാത്മകപ്രയാണമാണ്.

ഈ കൃതിയിൽ ദൃശ്യമാകുന്ന സ്ത്രീസ്വത്വത്തിൻെറ ബഹുമുഖങ്ങൾ തമ്മിലുള്ള സംഘർഷം ശിശുസ്വത്വവും സ്ത്രീസ്വത്വവും തമ്മിലുള്ള സംഘർഷത്തിൻെറ വ്യാപനമാണ്. 'എൻെറ കഥ'യിലെ വിഭക്തസ്ത്രീസ്വത്വങ്ങൾ തമ്മിലുള്ള മറ്റൊരു സംഘർഷം ഭാര്യയും കാമുകിയും തമ്മിലുള്ളതാണ്. വിരുദ്ധസ്ത്രീസ്വത്വങ്ങളുടെ ഈ സംഘർഷം മാധവിക്കുട്ടിയുടെ പ്രേമകവിതകളിൽ ശക്തമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ആഖ്യാതാവനുഭവിക്കുന്ന സ്ത്രീസഹജമായ ഏകാന്തത ഈ സംഘർഷത്തിന് തീവ്രത നൽകുന്നു. ലൈംഗികതയിൽ ഭാര്യയും കാമുകിയും സമാനദുരവസ്ഥയിലാണെങ്കിലും ലോകദൃഷ്ടിയിൽ ഭാര്യ കൂടുതൽ സുരക്ഷിതയും കാമുകി കൂടുതൽ ധീരയുമാണ്. ഭർത്താവിൻെറ സ്നേഹശൂന്യരതിചര്യ, അപഥസഞ്ചാരം, സ്വവർഗ്ഗപ്രേമം മുതലായ വൈകൃതങ്ങൾക്ക് ആഖ്യാതാവ് തെരഞ്ഞെടുത്ത പരിഹാരമാണ് ഒരു കാമുകിയുടെ വൃത്തി. വിവാഹാനന്തരം നഷ്ടമായ പിതൃസ്നേഹലാളനകൾ ഭർത്താവിൽനിന്ന് ലഭിക്കാതെവന്നപ്പോൾ സ്നേഹാന്വേഷണത്തിൻെറ ഭാഗമായി ആരംഭിച്ച ആഖ്യാതാവിൻെറ ശൃംഗാരസാഹസികതകൾ സ്നേഹശൂന്യതയിൽത്തന്നെ അവസാനിക്കുന്നു. ദാമ്പത്യത്തിനുപുറമേ ലഭിക്കുന്ന സ്നേഹം അപ്രായോഗികവും ദുരന്തപൂർണ്ണവുമാണെന്ന് അവൾ മനസ്സിലാക്കുന്നു. ശൈശവസ്മരണാനുഭവങ്ങളിൽനിന്നുള്ള സ്ത്രീസ്വത്വത്തിൻെറ അന്യവൽക്കരണം ഈ സംഘർഷം തീവ്രമാക്കുന്നു.

'എൻെറ കഥ'യിലെ അവസാനത്തെ പാഠാന്തരസംഘർഷം കുടുംബിനിയും കഥാകാരിയും തമ്മിലാണ്. മാധവിക്കുട്ടിയുടെ 'ഒരു പരിചയപ്പെടുത്തൽ'(An Introduction), 'ഗൗതമനോട് ഒരു ക്ഷമാപണം'(An Apology to Goutama) മുതലായ കവിതകളിൽ ഈ സംഘർഷം അതിൻെറ പാരമ്യതയിൽ ദൃശ്യമാണ്. ഈ സംഘർഷത്തിനു നിദാനമായിട്ടുള്ളത് ഒരു സ്ത്രീയായിരിക്കുക (being a woman)യും, ഒരു സ്ത്രീയായിത്തീരുക (becoming a woman)യും തമ്മിലുള്ള അവസ്ഥാന്തരങ്ങളുടെ കലാപരമായ ദൂരം (aesthetic distance) കുറയ്ക്കുന്നതിനുള്ള ഒരു ത്വരയാണ്. ആഖ്യാതാവിൻെറ സാമൂഹ്യവൽക്കൃതസ്വത്വം തൻെറ നൈസർഗ്ഗികചോദനകളെ അടിച്ചമർത്തി രൂഢമൂലമായ ശാലീനതയോടെ പെരുമാറുവാൻ അവളെ ഉൽബോധിപ്പിക്കുന്നു. എന്നാൽ ആഖ്യാതാവിൻെറ കലാത്മകസ്വത്വം പ്രദർശനവാസനയോടെ ശക്തമായി കഥാരചന നടത്തുവാൻ അവളെ പ്രേരിപ്പിക്കുന്നു. തൻെറ സത്യം വക്രരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് പുരുഷാധിപത്യസംസ്കാരത്താൽ പ്രേരിതയാകുന്ന സ്ത്രീയുടെ വിഷമവികല്പമാണ്

ഈ സംഘർഷം പ്രതിനിധാനംചെയ്യുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഈ സംഘർഷം സത്യസന്ധയായ സ്ത്രീയും സത്യസന്ധയായ എഴുത്തുകാരിയും തമ്മിലുള്ളതാണ്. സ്ത്രീ കീഴടങ്ങലിനേയും എഴുത്തുകാരി പ്രതിജ്ഞാപാലനത്തേയും അർത്ഥമാക്കുന്നു. സത്യസന്ധയായ സ്ത്രീയേയും സത്യസന്ധയായ എഴുത്തുകാരിയേയും തമ്മിൽ യോജിപ്പിക്കുന്നതിനുള്ള ശ്രമമാണ് 'എൻെറ കഥ'യുടെ അന്ത്യഭാഗങ്ങളിൽ മാധവിക്കുട്ടി നടത്തുന്നത്. ഈ കൃതിയിലെ വിഭക്തസ്വത്വങ്ങൾ തമ്മിലുള്ള വ്യത്യസ്തസംഘർഷങ്ങൾ ബഹുസ്വരങ്ങളുടെ ഘടനയുമായി പൊരുത്തപ്പെടുന്നതാണ്.

മൂന്നാംലോകകഥാസാഹിത്യത്തിനനുയോജ്യമായ അപകൊളോണിയവൽക്കരണപ്രവണതകൾ 'എൻെറ കഥ'യിൽ ദൃശ്യമാണ്. കഥാകാരിയിലോ മുഖ്യപാത്രത്തിലോ പ്രകടമാകുന്ന അസ്തിത്വബോധത്തിൻെറ അഭാവം കൊളോണിയവൽക്കരണത്തിൻെറ ഫലമാണ്. കൊളോണിയൽ പൈതൃകം എപ്പോഴും കഥാകാരിയുടെ ഉൽക്കർഷേച്ഛയ്ക്ക് എതിരായിരിക്കും. ഈ അവസ്ഥ പ്രത്യയശാസ്ത്രഭാവനാതലങ്ങളിൽ ദ്വന്ദ്വജീവിതം നയിക്കുന്ന തിന് എഴുത്തുകാരിയെ പ്രേരിപ്പിക്കുന്നു. നവീനസാഹചര്യത്തിലേക്കുള്ള കഥാഖ്യാനത്തിലെ മാനസികസ്ഥാനാന്തരണപ്രക്രിയ സംസ്കാരാനന്യതകളിൽ അന്തരമുണ്ടാക്കുന്നതിന് വഴിതെളിക്കുന്നു. പ്രത്യയശാസ്ത്രാധിഷ്ഠിതമായ അനന്യതാവസ്ഥ അനിവാര്യമായ അന്യവൽക്കരണത്തിനിടയാക്കുന്നു. എന്നാൽ ഭാവനാസൃഷ്ടമായ അനന്യത ഹിംസാത്മകമാകാനിടയുള്ള നൈരാശ്യബോധത്തിലേക്ക് നയിക്കുന്നു. പ്രത്യയശാസ്ത്രം പാഠത്തിൻെറ ലിഖിതഭാഷയും സംസാരഭാഷയും തമ്മിലുള്ള വിഭജന ത്തിന് കാരണമാകുന്നതുപോലെ, ഭാവന ആഖ്യാതാവിൻെറ സ്വത്വവിഭജനത്തിനു ഹേതുവാകുന്നു. മാധവിക്കുട്ടിയുടെ രചനകളിൽ, പി. പി. രവീന്ദ്രൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, ഒരു ഗാഢസൗഹൃദത്തിൻെറ പ്രത്യയശാസ്ത്രം (ideology of intimacy) പ്രകടമാണ്. കൊളോണിയൽ പൈതൃകത്തിൻെറ ഭാരത്തിൽനിന്നുള്ള ഒരു രക്ഷാമാർഗ്ഗമാണിത്. പ്രത്യയശാസ്ത്രതലത്തിൽ കഥാഖ്യാനത്തിലെ ബഹുസ്വരത (polyphony)യിലൂടെ കഥാകാരി കൊളോണിയൽ പൈതൃകത്തിൻെറ സ്വത്വവിഭജനപ്രവണതയെ ചെറുക്കുന്നു. കഥാപാത്രങ്ങളുടെ സംസാരഭാഷാപ്രയോഗത്തിലുള്ള അന്തരമാണ് ബഹുസ്വരത. അൽതൂസറി(Althussar)ൻെറ അഭിപ്രായത്തിൽ കഥാസാഹിത്യത്തിൻെറ ഒരു സവിശേഷതയാണ് ഭാഷയിലെ ബഹുസ്വരത. ഭാവനാതലത്തിൽ സ്ത്രീരചനയ്ക്ക് അനുയോജ്യമായ കപടനാടോടിശൈലി (pseudo folklore), സ്വകാര്യമായ ഐതിഹ്യസൃഷ്ടി, പുനരാഖ്യാനവാസന മുതലായ മാർഗ്ഗങ്ങളിലൂടെ കൊളോണിയൽ പൈതൃകത്തിൻെറ ഈ ദുഷ്പ്രവണതയെ നേരിടുന്നതിന് മാധവിക്കുട്ടി ശ്രമിക്കുന്നു. 'എൻെറ കഥ'യുടെ രചനയിൽ മാധവിക്കുട്ടി പ്രകടിപ്പിക്കുന്ന അപകൊളോണിയവൽക്കരണപ്രവണത സമാനപശ്ചാത്തലമുള്ള എഴുത്തുകാരികളുടെ കൃതികളിൽ ദർശിക്കാവുന്നതും ഉത്തമകഥാസാഹിത്യത്തിനു യോജിക്കുന്നതുമാണ്.



കൃതിയിൽ പ്രകടമാകുന്ന ബഹുസ്വരങ്ങളുടെ പ്രഭാവം, ദ്വന്ദ്വഭാവവും അപരഭാവവുമായുള്ള ആഖ്യാതാവിൻെറ മാനസികവേഴ്ച, സ്വത്വവിഭജനപ്രവണത, തത്ഫലമായുണ്ടാകുന്ന പാഠപാഠാന്തര സംഘർഷം, ഭാഷയിലെ ബഹുസ്വരത, അപകൊളോണിയവൽക്കരണപ്രവണത മുതലായവയുടെ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ 'എൻെറ കഥ' ഉത്തമകഥാസാഹിത്യത്തിനുദാഹരണമാണെന്നു മനസ്സിലാകും.

ഇത് ആത്മകഥയാണെന്ന ധാരണ അബദ്ധവും മിഥ്യയുമാണ്.

അനുബന്ധം: II

## പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതി ഫെമിനിസ്റ്റ് മലയാളകവിതയിൽ

ലിംഗഭേദാതീതമായി എഴുത്തുകാർ പുരുഷകേന്ദ്രിതഭാഷയാണ് സാഹിത്യരചനയ്ക്ക് ഉപയോഗിക്കുന്നത്. ആ ഭാഷ പരിണമിച്ചുവന്നതിൽ സ്ത്രീകൾക്ക് ഒരു പങ്കും വഹിക്കുവാൻ കഴിഞ്ഞിട്ടില്ല. തങ്ങൾക്കു വിസംകേതനം (decoding) നടത്തുവാൻ അവകാശമില്ലാത്തൊരു ഭാഷയിലാണ് ചരിത്രത്തിലുടനീളം എഴുത്തുകാരികൾ തങ്ങളുടെ ആത്മനിർവ്വചനത്തിനുദ്യമിച്ചിട്ടുള്ളത്. പ്രതിപാദനത്തിൻെറ തടവുകാരാണ് തങ്ങളെന്ന ബോധം എഴുത്തുകാരികൾക്കുണ്ടാകുന്നു. ഒരെഴുത്തുകാരിയുടെ ശിശ്നകേന്ദ്രിത (phallo centric) ഭാഷയുടെ പ്രയോഗം വിനാശകരമാണ്. കൊളോണിയൽപശ്ചാത്തലത്തിൽ കോളനിനിവാസികൾ ഭരണാധികാരികളുടെ ഭാഷ ഉപയോഗിക്കുന്നതിന് സമാനമായ നാശോന്മുഖമായ ഒരു ദുരവസ്ഥയാണിത്. സ്ത്രീവർഗ്ഗത്തെ സൂചിപ്പിക്കുന്ന നാലാംലോകം (fourth world) എന്ന പരാമർശം ലൈംഗിക കൊളോണിയലിസം എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്നു. 'മർദ്ദകൻെറ ഭാഷ' (oppressor's language) എന്ന എയ്ഡ്രിയെൻ റിച്ചി (Adrienne Rich)ൻെറ പദപ്രയോഗം ഈ സന്ദർഭത്തിൽ പ്രസക്തമാണ്. സ്ത്രൈണാനുഭവങ്ങൾ ആവിഷ്കരിക്കുന്നതിന് ഈ ഭാഷ അപര്യാപ്തമാണെന്ന് സ്ത്രീകൾ മനസ്സിലാക്കിക്കഴിഞ്ഞു. പുരുഷകേന്ദ്രിതഭാഷയുടെ നിശ്ശബ്ദമായ അംഗീകാരം സ്ത്രീകളുടെ ദൗർബ്ബല്യമായോ പുരുഷവർഗ്ഗത്തിൻെറ മുന്നിലുള്ള കീഴടങ്ങലായോ പരിഗണിക്കും. ഇതു സ്ത്രീവർഗ്ഗത്തോടുള്ള അവഗണനയുടെയോ അവരനുഭവിക്കുന്ന അടിമത്തത്തിൻെറയോ സൂചനയായി കണക്കാക്കും. പുരുഷകേന്ദ്രിത ഭാഷയ്ക്ക് തുല്യവും, പക്ഷേ, അതിൽനിന്നു വ്യത്യസ്തവുമായ ഒരു സ്ത്രീകേന്ദ്രിതഭാഷയുടെ രൂപീകരണമാണ് എഴുത്തുകാരികൾ നേരിടുന്ന അടിയന്തരാവശ്യം. ഒരെഴുത്തുകാരിയുടെ പരമ്പരാഗതഭാഷയുടെ ഉപയോഗം പ്രശ്നസങ്കീർണ്ണമാണ്. സ്ത്രീരചനയിൽ ദൃശ്യമാകുന്ന സ്വത്വവിഭജന



പ്രേരക (split-self motive)വും മനോവിഭ്രാന്തിജന്യമായ ആന്തരവിഭജന(schizophrenic split)വും പുരുഷകേന്ദ്രിതഭാഷയുടെ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സ്വത്വവിഭജനങ്ങൾ കൃതിയിൽ കുടുംബിനിയും കലാകാരിയും തമ്മിലുള്ള സംഘർഷമായി ആവിഷ്കരിക്കപ്പെട്ടുവരുന്നു. ഇവിടെ എഴുത്തുകാരി പിടിവാശിക്കാരിയും കുടുംബിനി അനുസരണശീലയുമായി ചിത്രീകരിക്കപ്പെടാറുണ്ട്. സ്ത്രീകേന്ദ്രിത ഭാഷയുടെ സൃഷ്ടി, സ്ത്രീയുടെ അനന്യത (identity)യുടെ സമാന്വേഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അപ്രയുക്തപദങ്ങളെ നൂതനാർത്ഥപുഷ്കലമായി പുനരുദ്ധരിക്കുന്നത് ഭാഷാചരിത്രത്തിൽ സാധാരണമാണ്. അതുപോലെ എഴുത്തുകാരികൾ സ്ത്രൈണഭാവമുൾക്കൊള്ളുന്ന പരമ്പരാഗതബിംബങ്ങളെ സമകാലിക സാമൂഹ്യയാഥാർത്ഥ്യത്തിൻെറവെളിച്ചത്തിൽ നൂതനവും വ്യത്യസ്തവുമായ ഭാവാർത്ഥങ്ങൾ നൽകി ഉപയോഗിക്കുകയും ചെയ്യുന്നു. അവർ ഈ ബിംബങ്ങളുടെ ലിംഗസവിശേഷമായ ഏകരൂപത നിലനിർത്തുന്നതോടൊപ്പം സമകാലീനസാംസ്കാരികചരിത്രയാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവിധത്തിൽ അവയുടെ വിശേഷഗുണങ്ങൾ രൂപാന്തരപ്പെടുത്തുന്നു. സ്ത്രീയുടെ പുനർനിർവ്വചനത്തിലൂടെ സംസ്കാരത്തെ പുനരാവിഷ്കരിക്കുന്നതിനുള്ള അർത്ഥപൂർണ്ണമായൊരു മാർഗ്ഗമാണ് പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതി.

സ്ത്രീരചനയിൽ എഴുത്തുകാരി മുഖ്യപാത്രത്തോടും പീഡിതയായ സ്ത്രീയോടും താദാത്മ്യംപ്രാപിക്കാറുണ്ട്. പല എഴുത്തുകാരികളുടെയും രചനകൾ ആത്മകഥാസദൃശമാണ്. അവയിലെ സ്ത്രീഭാഷി (female speaker) എഴുത്തുകാരിയുടെ പ്രച്ഛന്നരൂപമായി ആഖ്യാനാത്മകമായ പൊയ്മുഖ(narrative mask)മണിയുന്നതായിക്കാണാം. ആഖ്യാതാവും എഴുത്തുകാരിയും തമ്മിലുള്ള ഈ സാത്മീഭാവം വികാരസ്ഥാനാന്തരണ (displacement of emotions)ത്തിനുള്ള സാദ്ധ്യതകൾ ഇല്ലാതാക്കുന്നു. വികാരസ്ഥാനാന്തരണത്തിൻെറ അഭാവം വസ്തുനിഷ്ഠമായ സ്വത്വാവിഷ്കരണത്തിന് പ്രതിബന്ധമാകുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിന് എഴുത്തുകാരി ആഖ്യാനപ്രക്രിയയെ നിഗൂഢവൽക്കരിക്കുന്നു. മുഖ്യമായൊരു നിഗൂഢവൽക്കരണമാർഗ്ഗമാണ് പുനഃപഠനാധിഷ്ഠിതമിത്ത്നിർമ്മിതി. ഒരു സാഹിത്യപാഠത്തിലെ അർത്ഥതലങ്ങൾ എങ്ങനെ സൃഷ്ടിക്കാമെന്നു മാത്രമല്ല ഈ നിഗൂഢവൽക്കരണശ്രമങ്ങൾ സൂചിപ്പിക്കുന്നത്. പാഠത്തിൽ സുതാര്യവും ലീനവുമായിട്ടുള്ള അർത്ഥങ്ങളെ എഴുത്തുകാരിയുടെ ആവശ്യാനുസരണം എങ്ങനെ വ്യത്യാസപ്പെടുത്താമെന്നും അവയിൽ എങ്ങനെ കൃത്രിമംകാട്ടാമെന്നുംകൂടി ഈ സാഹിത്യകൗശലങ്ങൾ സൂചിപ്പിക്കുന്നു.

മിത്ത് ഒരെഴുത്തുകാരിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന മേഖലയാണ്. മിത്തുകളിലൊന്നുംതന്നെ സ്ത്രീയെ യഥാതഥമായി ചിത്രീകരിച്ചിട്ടില്ല. പരമ്പരാഗതമായ മിത്തുകളിലെല്ലാം സ്ത്രീ തെറ്റായ വിധത്തിലാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. പുരാണകഥാപരമായി

സ്ത്രീയെ ദേവതയുടേയും പിശാചിനിയുടേയും വിരുദ്ധ പ്രതീതികളുളവാക്കുന്ന ലേബലുകൾ പ്രതിനിധാനംചെയ്യുന്നു. മിത്തുകളിലെ സ്ത്രീ നന്മനിറഞ്ഞവളെങ്കിലും നിഷ്ക്രിയയായ ദേവതയോ, ലൈംഗികമായ പകയുള്ള പിശാചിനിയോ ആണ്. ഈ തീവ്രചിത്രങ്ങൾക്കിടയിലെ, നന്മതിന്മകളുടെ സമന്വയമായ സാധാരണസ്ത്രീ മിത്തുകളിലൊന്നിലുമില്ല. സ്ത്രീയെ സത്യസന്ധമായി ആവിഷ്കരിക്കുന്നതിൽ മിത്തുകൾ കുറ്റകരമായ വൈമുഖ്യം പ്രദർശിപ്പിക്കുന്നു എന്നതാണ് വാസ്തവം.

പരമ്പരാഗതമായ മിത്തുകൾ സ്ത്രീയുടെ സർഗ്ഗാത്മകതയ്ക്കെതിരാണെന്ന അഭിപ്രായം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. മിത്തുകളിലെ സ്ത്രീചിത്രീകരണം പുരുഷകേന്ദ്രിതമായൊരു തിരശ്ചീന ചിത്രീകരണ (syntagmatic portrayal)മാണ്. സിമോൻ ദി ബ്യൂവെ (Simone de Beuvoive) മിത്തുകൾ സ്ത്രീയുടെ സർഗ്ഗരചനാശ്രമങ്ങൾക്ക് പ്രതിബന്ധമായി ഭവിക്കാമെന്ന് സ്ഥാപിച്ചിട്ടുണ്ട്. സ്ത്രൈണസംസ്കാരത്തിനും വ്യക്തിത്വത്തിനും അപായകരമായ സംഗതികൾ മിത്തുകളിൽ അന്തർലീനമാണ്. പരമ്പരാഗതമായ മിത്തുകളിൽ ലീനമായ അപകടങ്ങൾ തിരിച്ചറിഞ്ഞ ആദ്യത്തെ എഴുത്തുകാരികളിൽ പ്രമുഖയാണ് മൂറിയെൽ റൂകെയ്സെ (Muriel Rukeyser). സ്ത്രീയുടെ ആത്മനിഷ്ഠവീക്ഷണത്തിലൂടെ 'കവിത ഒരു പൊയ്മുഖം' (The poem of mask) എന്ന കവിതയിൽ റൂകെയ്സെ പരമ്പരാഗതമിത്തുകളെ നിരാകരിക്കുന്നു. ഏയ്ഡ്രിയെൻ റിച്ച് 'അവശിഷ്ടങ്ങളിലേക്ക് മുങ്ങൽ' (Diving into the Wreck) എന്ന കവിതയിൽ ഇതേ ആശയം പ്രകടിപ്പിക്കുന്നു. ഈ കവിതയിലെ സ്ത്രീ പെർസോണ സ്ത്രീനാമങ്ങൾ പ്രത്യക്ഷപ്പെടാത്ത ഒരു പുരാണകഥാപുസ്തകം വായിക്കുന്ന ചിത്രീകരണം കൗതുകകരമാണ്. പല മിത്തുകളും സ്ത്രീരചനയിലുൾപ്പെടുത്താൻ യോഗ്യമാണെന്ന സൂചനകൂടി റിച്ച് ഇവിടെ നൽകുന്നു. ചില സർവ്വനാമങ്ങളുടെ ലിംഗാതീതസ്വഭാവവും ലിംഗസംബന്ധമായ സന്ദിഗ്ദ്ധഭാവവും വിശദീകരിച്ചുകൊണ്ട് റിച്ച് സർഗ്ഗരചനയിൽ ചില മിത്തുകൾ സ്ത്രീകളുപയോഗിക്കേണ്ടതായ ആവശ്യം നേരിടാമെന്ന് ഓർമ്മിപ്പിക്കുന്നു. സൂസൻ ഗ്യൂബെ (Susan Gubar) യും ചില മിത്തുകൾ പ്രയോജനപ്പെടുത്താൻ എഴുത്തുകാരിക്ക് കഴിയുമെന്ന് അടിവരയിട്ടു പറയുന്നു. സ്ത്രീഭാവുകത്വം ആഘോഷിക്കുന്നതിന് ഫെമിനിസ്റ്റ് വീക്ഷണത്തിൽ പുനർനിർവ്വചിക്കപ്പെട്ട ഒരു ദേവതയെ പരമ്പരാഗതമിത്തുകളിൽനിന്ന് പുനഃസൃഷ്ടിക്കാമെന്ന് ഗ്യൂബെ വിശദീകരിക്കുന്നു. മാർഗരറ്റ് ആറ്റ്വുഡ് (Margaret Atwood) മിത്തുകൾ എഴുത്തുകാരിലും കഥാപാത്രങ്ങളിലുമുണ്ടാക്കാവുന്ന നിർവ്യക്തിക(depersonalizing) ഫലങ്ങളെക്കുറിച്ച് എഴുത്തുകാരികൾക്കു മുന്നറിയിപ്പു നൽകുന്നു. തന്നെ ഒഴിവാക്കുന്ന ഒരു പരമ്പരാഗതമിത്തിന്റെ അപനിർമ്മാണത്തിൽനിന്ന് ഒരു സമകാലികഎഴുത്തുകാരി, തന്നെ ഉൾക്കൊള്ളുന്ന ഒരു നൂതനമിത്തിന്റെ പുനഃസൃഷ്ടി നടത്തുന്നു.

പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതും സംസ്കാരത്താൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കഥയേയോ വ്യക്തിയേയോ മിത്ത്



എന്നു വിളിക്കാം. ഒരു മിത്ത് ഉപയോഗിക്കുമ്പോൾ അതിന്റെ പാഠാർത്ഥങ്ങൾ (textual meanings) സമൂഹത്തിന്റെ സംസ്കാരവും ചരിത്രവും അംഗീരിച്ചിട്ടുള്ള അർത്ഥങ്ങളുമായി ഏകത്ര കേന്ദ്രീകരിക്കുമ്പോൾ ആ മിത്തിന്റെ പ്രയോഗത്തിൽ ഒരു പുതുമയുമില്ല. ഇത് നവവിധാനപരമോ പുനഃപഠനാധിഷ്ഠിതമോ ആയ മിത്ത്നിർമ്മിതിയല്ല. സമൂഹം അംഗീകരിച്ചിട്ടുള്ള അർത്ഥങ്ങളിൽനിന്ന് വിഭിന്നമായി മിത്തിന്റെ പാഠാർത്ഥങ്ങൾ പരിണമിക്കുമ്പോൾ മാത്രമേ മിത്തിന്റെ പ്രയോഗം പുനഃപഠനാധിഷ്ഠിതമാകുന്നുള്ളു. ഇത്തരത്തിലുള്ള മിത്തിന്റെ പുനരാഖ്യാനം ഒരു സാഹിത്യസങ്കേതമാണ്. വ്യത്യസ്തമായൊരു ലക്ഷ്യത്തിനുവേണ്ടി മിത്തിന്റെ ആഖ്യാനത്തിൽ കൃത്രിമത്വം കാട്ടുകയാണ് എഴുത്തുകാരി ഇവിടെ ചെയ്യുന്നത്. പഴയ കുപ്പിയിൽ പുതിയ വീഞ്ഞ് നിറയ്ക്കുന്നതിന്റെ ഉത്തമോദാഹരണമാണിത്. സ്ഥിരാർത്ഥങ്ങളുള്ള ഒരു പഴങ്കഥയ്ക്ക് ഒരു പുതിയ വ്യാഖ്യാനംനൽകുകയോ ചരിത്രാതീതകാലത്തെ ഒരു വ്യക്തിയെ പുനഃബിംബനം (re-image) ചെയ്യുകയോ ആണ് എഴുത്തുകാരി നിർവ്വഹിക്കുന്ന കൃത്യം. സാഹിത്യരചനാശ്രമങ്ങളിൽ എഴുത്തുകാരി അഭിമുഖീകരിക്കുന്ന അടിയന്തിരാവശ്യം ഈ സങ്കേതത്തിലൂടെ സഫലമാകുന്നു.

പുനഃപഠാനാധിഷ്ഠിതമിത്ത്നിർമ്മിതിയുടെ ആത്യന്തികമായ ലക്ഷ്യം സമൂഹത്തിന്റെ സാംസ്കാരികാവബോധത്തിൽ കാതലായ മാറ്റം വരുത്തുക എന്നതാണ്. ഈ പശ്ചാത്തലത്തിൽ ചരിത്രവ്യക്തികൾ നാടോടിക്കഥകളിലേയും ഐതിഹ്യങ്ങളിലേയും വേദസാഹിത്യത്തിലേയും വ്യക്തികളോളംതന്നെ പൗരാണികരാണ്. പ്രാദേശികമിത്തുകളും വൈയക്തികമിത്തുകളും പുനഃപഠനത്തിനും പുനരാഖ്യാനത്തിനും വിധേയമാക്കാവുന്നവയാണ്. രാഷ്ട്രീയകവിതയുടെ കാര്യത്തിൽ ഇത് പ്രത്യേകിച്ച് പ്രസക്തമാണ്. ഫെമിനിസ്റ്റ് രചനകളിലും 'കറുത്ത സാഹിത്യ' (Black literature)ത്തിലും പ്രാദേശികമിത്തുകളുടെ പുനരാഖ്യാനത്തിലൂടെ സാഹിത്യത്തിന് ഒരു ആഗോളമാനംതന്നെ ലഭിക്കുന്നു. മിത്തുകളിലെ പുരാണകഥാപാത്രങ്ങൾ എഴുത്തുകാരിക്ക് ഇരട്ടശക്തി നൽകുന്നു. സാംസ്കാരികസ്ഥാപനങ്ങളിലൂടെ തലമുറകളിലേക്ക് പകർന്നുപോകുന്ന മിത്തുകൾ ഒരു സുദൃഢസംസ്കാരത്തിന്റെ ഭാഗമാണ്. ഇവ അനുവാചകന്റെ സംവേദനത്തിൽ വസ്തുനിഷ്ഠതയുടെ ഒരു ഘടകവും എഴുത്തുകാരിയുടെ ആഖ്യാനപാടവത്തിൽ ആധികാരികതയുടെ ഒരു ഘടകവും പ്രദാനംചെയ്യുന്നു. സ്വകാര്യസ്വത്വത്തിന്റെ ആത്മനിഷ്ഠമായ ചിത്രീകരണത്തിനൊരുമ്പെടുന്ന ഒരെഴുത്തുകാരിക്ക് ഈ പ്രയോജനം കൈവരിക്കാനാകുന്നില്ല. മിത്ത് ദൃഢബദ്ധമായ ഒരു സ്വകാര്യസാഹിത്യസാമഗ്രികൂടിയാണ്. സ്വപ്നത്തിനെന്നപോലെ മിത്തിനും യുക്തിക്കതീതമായ ഒരു അസ്തിത്വമുണ്ട്. അതിനാൽ മിത്ത്നിർമ്മിതിയിലെ ചാതുര്യം യുക്തിക്കതീതമായ ഒരു പ്രതിപാദനമാണ്. മറ്റു മാർഗ്ഗങ്ങളിലൂടെ വെളിപ്പെടുത്തുവാനാകാത്ത സ്വത്വത്തിന്റെ അനുഭവങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള ഉപാധിയാണ് മിത്തുകൾ.

ഉപഭോഗസംസ്കാരം ഉൾക്കൊള്ളുന്ന യുക്ത്യധിഷ്ഠിതവും ഭൗതികവുമായ ഘടകങ്ങളെ ധിക്കരിക്കുന്നതിനുള്ളൊരു സംവിധാനമായി സമകാലീന എഴുത്തുകാരികൾ മിത്തുകൾ ചൂഷണംചെയ്യുന്നു. ഒരു സുവർണ്ണകാലഘട്ടത്തിൽ നിലനിന്നിരുന്ന അതിപുരാതന സംസ്കാരത്തോടുള്ള ഗൃഹാതുരത്വവാഞ്ഛയാണ് മിത്തുകളോടുള്ള ആഭിമുഖ്യത്തിനു കാരണം. സ്ത്രീസ്വത്വത്തിൻെറ പ്രക്ഷേപത്തിനും സമാന്വേഷണത്തിനുമുള്ള ഒരു മാദ്ധ്യമമായി എഴുത്തുകാരികൾ മിത്ത്നിർമ്മിതി ഉപയോഗിക്കുന്നു. സ്ത്രീവർഗ്ഗത്തിൻെറ സംസ്കാരത്തിനും ചരിത്രത്തിനും ഹാനികരമാകാവുന്ന സാമഗ്രികൾ സാഹിത്യപരമായി സാത്മീകരിക്കുന്നതിനുള്ള സമർത്ഥമായൊരു സങ്കേതമാണിത്. സ്ത്രൈണാനുഭവങ്ങളെക്കുറിച്ച് സ്ത്രീകൾക്കുള്ള അറിവ് മിത്തുകളെ രൂപാന്തരപ്പെടുത്തുന്നതായി എലിഷ്യെ ഓസ്ട്രിക്കെ(Alicia Ostriker) അഭിപ്രായപ്പെടുന്നു. പുരുഷവർഗ്ഗത്തിൻെറ സംഘാതഫാൻറസി (Collective fantasy)യുടെ സ്രോതസ്സായ മിത്തുകളിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള ഒരുപാധിയാണ് പുനഃപഠനാധിഷ്ഠിതമിത്ത്നിർമ്മിതി. ഓസ്ട്രിക്കെയുടെ അഭിപ്രായത്തിൽ ചരിത്രപരമായി സ്ത്രീവർഗ്ഗം കൂട്ടായനുഭവിച്ച യാതനകളിൽനിന്ന് വീണ്ടെടുക്കപ്പെട്ട ബിംബങ്ങളാണ് പുനരാഖ്യാനം ചെയ്യപ്പെടുന്ന മിത്തുകൾ. സ്ത്രീത്വത്തിൻെറ ദേവാസുരഭാവങ്ങളെ പ്രതിനിധീകരിക്കുന്ന മിത്തുകൾ എഴുത്തുകാരിയുടെ നിലനില്പിൻെറ ഒരു സംവിധാനമായി പ്രവർത്തിക്കുന്നു.

പുനഃപഠനാധിഷ്ഠിതമിത്ത്നിർമ്മിതിക്ക് ഏറ്റവുമധികം പ്രയോഗസാദ്ധ്യതകളുള്ളത് കവിതയിലാണ്. പരമ്പരാഗതമിത്തുകളിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള സ്ത്രൈണസ്ഥിരരൂപ(female stereotypes)ങ്ങളുടെ ന്യൂനത പരിഹരിക്കുന്നതിന് ഈ സങ്കേതം കവിക്ക് ഒരവസരം നൽകുന്നു. പരമ്പരാഗതമിത്തുകളിലെ ചിരപരിചിതമായ സ്ഥിരബിംബങ്ങളേയും അവയെ ന്യായീകരിക്കുന്ന സാമൂഹ്യസാഹിത്യപാരമ്പര്യങ്ങളേയും എതിർക്കുന്ന വിധത്തിൽ സ്ത്രീകവിതയ്ക്ക് ദിശാപരിണാമം വരുത്താം. പുരുഷവർഗ്ഗത്തിൻെറ സൗന്ദര്യശാസ്ത്രപരമായ മിഥ്യാഭിമാനം പിൻതിരിപ്പിക്കുന്നതിനും തുറന്നുകാട്ടുന്നതിനുമുള്ള മാർഗ്ഗമെന്നതിനേക്കാളുപരി സ്ത്രീകളുടെ അനന്യതയും ലൈംഗികതയും സർഗ്ഗാത്മകതയും സ്ഥാപിച്ചെടുക്കുന്നതിനുള്ള സംവിധാനംകൂടിയാണ് പുനഃപഠനാധിഷ്ഠിതമിത്ത്നിർമ്മിതി. കുടുംബഘടനയിൽ സ്ത്രീകൾ തമ്മിലുള്ള ബന്ധങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനും അവയെ സാഹിത്യത്തിൽ പുനരാവിഷ്കരിക്കുന്നതിനും പുനരാഖ്യാനം ചെയ്യപ്പെട്ട മിത്തുകൾ പ്രയോജനപ്പെടുന്നു. അബോധത്തിലേക്കടിച്ചമർത്തപ്പെട്ട സ്ത്രൈണാനന്യതയുടെ അദൃശ്യമാനങ്ങൾ പുനർനിർവ്വചിക്കുന്നതിനും ഇവയെ ഉപയോഗപ്പെടുത്തുന്നു. ഇതിനായി മിത്തുകളെ അവയുടെ അപനിർമ്മാണത്തിനുശേഷം സ്ത്രൈണസർഗ്ഗാത്മകതയുടെ അർത്ഥവാദകഥക ളായി പുനഃസൃഷ്ടിക്കുന്നു. എഴുത്തുകാരി മിത്തുകളിൽനിന്നൊരു മാതൃരൂപം വീണ്ടെടുക്കുന്നു. പിതൃസ്വരൂപനായ ദൈവത്തിൻെറ സ്ത്രൈണരൂപമായ ഈ



വ്യക്തിത്വം സർഗ്ഗാത്മകതയ്ക്കും ആത്മഹത്യയ്ക്കും ഇടയിൽ ദോലനം ചെയ്യുന്നു. ഈ മാതൃരൂപം സ്ത്രീയുടെ ലൈംഗികത യിലും കലയിലും ഒരേസമയം ശാന്തയും അക്രമിയുമായി അധിവസിക്കുന്നു. ഈ മാതൃവ്യക്തിത്വത്തിൻെറ വീണ്ടെടുപ്പ് കവിക്ക് അവാച്യമായ വിശുദ്ധാനന്ദം നൽകുന്നു. അത് സമ്പൂർണ്ണതയുടെ കവിതയ്ക്ക് പ്രേരകമായി ഭവിക്കുന്നു.

ലോകത്തിലും സ്വത്വത്തിലും നിലകൊള്ളുന്ന വിനാശത്തിൻെറ ശക്തികളെ നശിപ്പിക്കാൻ മാനവസംസ്കാരത്തിന് ക്രിയാത്മകശേഷിയുണ്ടെന്ന് പറഞ്ഞുകൂടാ. ഈ കഴിവുകേട് സ്ത്രീരചനയുടെ ഒരു കഥാനകരൂഢി(motif)യാണ്. സംസ്കാരത്തിൽ ചിത്രീകരിക്കപ്പെടുന്ന സ്ത്രീയുടെ ആസുരഭാവങ്ങൾ സ്ത്രീവർഗ്ഗത്തെക്കുറിച്ചുള്ള തെറ്റായ വീക്ഷണത്തിൽനിന്നുദ്ഭവിച്ചതാണ്. തിന്മചെയ്യുന്നതിനുള്ള സ്ത്രീയുടെ കഴിവാകാം ഇതിനു പ്രേരകമായിത്തീർന്നത്. ആറ്റ്വുഡ് അഭിപ്രായപ്പെടുന്നതുപോലെ തിന്മചെയ്യുന്നതിനുള്ള ശക്തി മറ്റു കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അശക്തിയുടെ പ്രകാശനമാണ്. സ്ത്രീരചന സമൂഹത്തിൽ ലിംഗഭേദത്തെക്കുറിച്ചും യാഥാർത്ഥ്യത്തെക്കുറിച്ചും നിലനിൽക്കുന്ന ആശയങ്ങളെ ചോദ്യംചെയ്യുന്നു. മിത്തുകളിൽ എഴുത്തുകാരി കഥാവസ്തുവായ സ്ത്രീയുമായി ലയിക്കുന്നതാണ് ഇതിനു കാരണം. ഈ ഘട്ടത്തിൽ രചന ഒരു സമാന്വേഷണമായി മാറുന്നു. ഇത് ആത്മീയമനഃശാസ്ത്രതലങ്ങളിൽ വ്യാപരിക്കുന്നു. ആത്മീയതലത്തിൽ, എഴുത്തുകാരി സംസ്കാരത്തിൽ സ്ത്രീയെ ചിത്രീകരിക്കുന്ന പ്രതീകങ്ങളെ ഗൂഢാക്ഷരവ്യാഖ്യാനം (decipher) ചെയ്യുന്നതിന് ശ്രമിക്കുന്നു. മനഃശാസ്ത്രതലത്തിൽ എഴുത്തുകാരി തൻെറയോ മുഖ്യപാത്രത്തിൻെറയോ വിഭക്തസ്വത്വങ്ങളുടെ പുനരേകീകരണത്തിൽ ശ്രദ്ധിക്കുന്നു. എഴുത്തുകാരിയുടെ സമാന്വേഷണം സ്ത്രീവർഗ്ഗപോരാട്ടത്തിൻെറ സംക്ഷേപമാണ്. യുക്തിബദ്ധമായ വസ്തുനിഷ്ഠതയോടെ പുനരാഖ്യാനംചെയ്യപ്പെട്ട മിത്തുകൾ സ്ത്രീയുടെ സ്വത്വപരിണാമത്തെ ചിത്രീകരിക്കുന്നതിനുള്ള ഒരു നവവിധാനമാണ്. പുരുഷാധീശത്വത്തിലധിഷ്ഠിതമായ പ്രബോധനത്തിൽനിന്ന് ഒരു സ്ത്രീഭാഷ രൂപപ്പെടുന്നതിനുള്ള ക്രമമാണ് മിത്തുകളുടെ പുനരാഖ്യാനം. പരമ്പരാഗതമായ കഥാവസ്തുക്കളുടെയും കഥാപാത്രങ്ങളുടെയും ധാർമ്മികമൂല്യങ്ങളുടെയും വിധ്വംസകമായ ഒരു വായനകൂടിയാണിത്. പുനഃപഠനത്തിന് വിധേയമായ മിത്തുകളിൽ സ്ത്രൈണഭാവപൂരിതയായ കലാകാരിയുടെ ഛായാചിത്രം ദർശിക്കുവാൻ കഴിയും. സ്ത്രൈണാനന്യതയ്ക്ക് ഊന്നൽനൽകി എഴുത്തുകാരി മിത്തുകളെ സമകാലീനമാക്കുകയും അതേപ്പറ്റി നിർവികാരതയോടെ ചിന്തിക്കുകയും ചെയ്യുന്നു. പുനഃപഠനാധിഷ്ഠിതമിത്ത്നിർമ്മിതിയിലൂടെ എഴുത്തുകാരി സ്ത്രീത്വം, സ്ത്രീസ്വത്വം, സ്ത്രീലൈംഗികത എന്നിവയെക്കുറിച്ചുള്ള പഴങ്കഥാപാരമ്പര്യങ്ങൾ തകർത്തുകളയുന്നു.

മലയാളകവിതയിൽ മിത്തുകളുടെ പ്രയോഗം സാർവ്വത്രികമായി കാണാം. എന്നാൽ പുനഃപഠനാധിഷ്ഠിതമിത്ത്നിർമ്മിതി മലയാളകവിതയിൽ അത്യപൂർവ്വമാണ്. ഇതിലേറ്റവും ശ്രദ്ധേയമായ രചന കുമാരനാശാൻെറ ചിന്താവിഷ്ടയായ സീതയാണ്. ഈ കൃതി രാമായണത്തിൻെറ

വിപ്ലവകരവും വിധ്വംസകവുമായ ഒരു വായനയാണ്. ഫെമിനിസം പ്രത്യവലോകനപരമായ (retroactive) ഒരു പദമാണെങ്കിൽ, ഈ കാവ്യം ധർമ്മപുരുഷനായ ശ്രീരാമന്റെ സ്ത്രീപക്ഷവാദപരമായ ഒരു വിസ്താരമോ, തപ്തസ്മരണകളുടെ ഒരു ഫെമിനിസ്റ്റുബോധധാരയോ ആയി പ്രമേയത്തിന്റെ വീക്ഷണകോണിൽ നിന്നു പരിഗണിക്കാം. മലയാളനോവലുകളിലും നാടകങ്ങളിലും പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതി ചിലർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പി. കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ', എം. ടി. വാസുദേവൻനായരുടെ 'രണ്ടാമൂഴം', സി. എൻ. ശ്രീകണ്ഠൻനായരുടെ നാടകത്രയമായ 'സാകേതം', 'കാഞ്ചനസീത', 'ലങ്കാലക്ഷ്മി' മുതലായ കൃതികൾ ഇവിടെ പരാമർശമർഹിക്കുന്നു. സമകാലീന വനിതാകവികളിൽ പലരും ഒരാഖ്യാനസങ്കേതമായി പുനഃപഠനാധിഷ്ഠിതമിത്ത് നിർമ്മിതി പ്രയോഗിക്കുന്നതിൽ പ്രശംസനീയമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

വിജയലക്ഷ്മിയുടെ ആദ്യകവിതാസമാഹാരമായ 'മൃഗശിക്ഷക'നിലെ രണ്ടാമത്തെ കവിത 'കൗസല്യ' പ്രത്യക്ഷമായ ഒരു ഫെമിനിസ്റ്റ് പ്രമേയമവതരിപ്പിക്കുന്നു. ഒരു പുരുഷന് ഒന്നിലധികം സ്ത്രീകളുമായി ബന്ധമുള്ള അവസ്ഥയിൽ സ്ത്രീകളുടെ അവസ്ഥ ആപേക്ഷികമാണ്. ഭാരതീയപശ്ചാത്തലത്തിൽ ഇതു കൂടുതൽ പ്രസക്തമാണ്. ഭാര്യയെ കാമുകിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഭാര്യ സാമൂഹ്യസുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ആപേക്ഷികമായി മെച്ചപ്പെട്ട നിലയിലാണ്. മാതാവിനെ ഭാര്യയോടു തുലനംചെയ്യുമ്പോൾ, മാതാവ് പുരുഷന്റെ സ്നേഹാദരങ്ങൾ കൂടുതൽ നേടിയെടുക്കുന്നു. ഭാരതീയപശ്ചാത്തലത്തിൽ മാതൃത്വം സമൂഹ്യാംഗീകാരത്തിന്റെ ഒരു മാനദണ്ഡമാണ്. ഒരു ഭാര്യയെന്നനിലയിൽ നേടുവാൻകഴിയാത്ത അംഗീകാരം ഒരു പുത്രന്റെ മാതാവെന്ന നിലയിൽ സ്ത്രീക്ക് നേടുവാൻ കഴിയും. എന്നാൽ മാതൃത്വമൊന്നുകൊണ്ടുമാത്രം ഒരു സ്ത്രീയുടെ ജീവിതം പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നില്ല. തന്റെ ഭർത്താവിന്റെ സ്നേഹം നിഷേധിക്കപ്പെടുമ്പോൾ സ്ത്രീയുടെ അസംതൃപ്തി വർദ്ധിക്കുന്നു. അസഹനീയമായ ഒരസ്വസ്ഥത അവളിലുടലെടുക്കുന്നു. തന്റെ എതിരാളിയായ അപരസ്ത്രീ (other woman) തന്റെ ഭർത്താവിന്റെ സ്നേഹം പൂർണ്ണമായി നേടുന്നുവെന്നറിയുമ്പോൾ ഒരു സ്ത്രീയുടെ ജീവിതം പൂർണ്ണമായി തകരുന്നു. രാമായണത്തിൽ വിഷ്ണുവിന്റെ അവതാരമായ രാമന്റെ മാതാവാണ് കൗസല്യ. തന്റെ അപൂർവ്വമാതൃത്വത്തിലൂടെ കൗസല്യ മോക്ഷവും സാഫല്യവും അനുഭവിച്ചറിഞ്ഞു. വിജയലക്ഷ്മി തന്റെ കവിതയിൽ രാമന്റെ മഹതിയായ മാതാവിനു പകരം ഒരു ആധുനികസ്ത്രീയെ പുനഃസ്ഥാപിക്കുന്നു. ഒരാധുനിക സ്ത്രീക്ക് ജീവിതം സഫലീകൃതമായ മാതൃത്വത്തിനുമപ്പുറം വ്യാപിച്ചുകിടക്കുന്നു. മാതൃത്വം കൊണ്ടുമാത്രം സംതൃപ്തിയടയേണ്ടിവരുന്ന ഒരു സ്ത്രീയുടെ വിധി വിജയലക്ഷ്മി ഈ കവിതയിൽ സ്പഷ്ടമായി ചിത്രീകരിച്ചിരിക്കുന്നു. വ്യക്തിജീവിതത്തിലും കുടുംബത്തിന്റെ അധികാരഘടനയിലും തന്റെ



ഭർത്താവിനാൽ അവഗണിക്കപ്പെട്ട, സ്നേഹം ആർജ്ജിക്കുന്നതിൽ അപരസ്ത്രീയാൽ ദയനീയമായി തോല്പിക്കപ്പെട്ട, ഒരു ആധുനികസ്ത്രീയുടെ ഛായാചിത്രമാണ് ഈ കവിത.

വിജയലക്ഷ്മിയുടെ രണ്ടാമത്തെ കവിതാസമാഹാരമായ 'തച്ചന്റെ മകളി'ലെ ശീർഷകകവിത (title poem)യിൽ പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതി അത്യുൽകൃഷ്ടമായി പ്രയോഗിച്ചിരിക്കുന്നു. ഈ കവിത വിജയലക്ഷ്മിയുടെ കാവ്യകലയുടെ മകുടോദാഹരണമാണ്. സാർവ്വത്രികമായി പ്രശസ്തിയാർജ്ജിച്ചിട്ടുള്ള പെരുന്തച്ചന്റെ കഥയുടെ പുനരാഖ്യാനമാണ് 'തച്ചന്റെ മകൾ'. ഈ കഥയിൽ ചിരപ്രതിഷ്ഠ നേടിയ പെരുന്തച്ചന്റെ അതിസമർത്ഥനായ മകൻ അകാലത്തിൽ അപമൃത്യുവിനിരയായി. സർഗ്ഗധനനായ ഈ യുവശില്പിയുടെ മരണത്തിനു കാരണമായത് പിതാവിന്റെ വീതുളിതന്നെയാണ്. പെരുന്തച്ചന്റെ കഥയിൽ വിജയലക്ഷ്മി കാതലായ മാറ്റംവരുത്തിയിട്ടുണ്ട്. ദുരന്തനായകനായ യുവാവിന്റെ ഒരു സാങ്കല്പികസഹോദരിയെ കവി സൃഷ്ടിച്ചിരിക്കുന്നു. പരമ്പരാഗതമായ ഈ മിത്തിലേക്ക് ഏകീഭവിപ്പിക്കപ്പെട്ട ഈ സാങ്കല്പികകഥാപാത്രമാണ് ഈ കവിതയിലെ സ്ത്രീഭാഷി അഥവാ ആഖ്യാതാവ്. സ്വത്വത്തിന്റെ ചില പ്രത്യേകഗുണങ്ങളെ ചിത്രീകരിക്കുന്നതിനുവേണ്ടി എഴുത്തുകാരികൾ പെർസോണയുടെയോ മുഖ്യപാത്രത്തിന്റെയോ സാങ്കല്പികബന്ധുക്കളെ സൃഷ്ടിക്കുന്നത് സാധാരണമാണ്. ഫെമിനിസ്റ്റ് കവികൾ ഈ സങ്കേതം സ്വത്വപ്രകാശനത്തിന്റെ മാർഗ്ഗങ്ങളിലൊന്നായി ഉപയോഗിക്കുന്നു. പെരുന്തച്ചന്റെ ഈ ഭാവനാപുത്രി സർഗ്ഗചേതനയുടെ സ്ത്രൈണഭാവത്തെ സൂചിപ്പിക്കുന്നു. സർഗ്ഗാത്മകതയിൽ സ്ത്രൈണപുരുഷഭാവങ്ങൾ സമന്വയിച്ചിരിക്കുന്നുവെന്ന ധാരണ ഇവിടെ പ്രസക്തമാണ്. ചില നിരൂപകന്മാർ ധരിച്ചിരിക്കുന്നതുപോലെ, ഈ സങ്കല്പകഥാപാത്രത്തിന്റെ ചിത്രീകരണം സ്ത്രീപുരുഷസമത്വത്തെയോ സ്ത്രീപുരുഷ ഐക്യത്തെയോ അല്ല സൂചിപ്പിക്കുന്നത്. അത്തരത്തിലുള്ള ഒരു നിഗമനം ഫെമിനിസ്റ്റ്വീക്ഷണവുമായി പൊരുത്തപ്പെടുന്നില്ല. വിജയലക്ഷ്മിയുടെ നവവിതാനപരമായ ഈ ചിത്രീകരണം ഫെമിനിസ്റ്റ് പ്രബോധനത്തിന്റെ ദിശയിലുള്ള ധീരമായ കാൽവെയ്പാണ്. സ്ഥിരാർത്ഥങ്ങളുള്ള ഈ മിത്തിനെ ആധുനികസാമൂഹ്യയാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ പുനരാഖ്യാനം ചെയ്യുന്ന ഈ കവിതയിൽ കവിയുടെ സ്വരം ആഖ്യാതാവിന്റെ സ്വരവുമായി താദാത്മ്യംപ്രാപിക്കുന്നു. ആഖ്യാതാവും അവളുടെ സഹോദരനും മഹാശില്പിയുടെ പഠനോത്സുകരായ രണ്ടു ശിഷ്യരായിരുന്നു. സഹോദരന്റെ അപമൃത്യു ആഖ്യാതാവിന്റെ സ്വത്വത്തിലെ പൗരുഷഭാവത്തിന്റെ നഷ്ടത്തെ ആലങ്കാരികമായി പ്രതിനിധീകരിക്കുന്നു. ഈ പ്രതിരൂപാത്മകമരണം ആഖ്യാതാവിന്റെ ജീവിതത്തിലും ജീവനത്തിലും ഒരു വഴിത്തിരിവാണ്. മർദ്ദകനായ പിതാവിൽനിന്ന് തന്നെ സ്വതന്ത്രയാക്കി ജീവിതത്തിലും തൊഴിലിലും തന്റെ നിയതി താൻതന്നെ സൃഷ്ടിക്കുമെന്ന് അവൾ പ്രതിജ്ഞയെടുക്കുന്നു. മർദ്ദകനായ പിതാവിന്റെ വീതുളി

തൻെറ ജീവിതത്തിലെ സ്ഥിരമായൊരു ഭീകരസ്വപ്നമാണെന്ന് ആഖ്യാതാവ് മനസ്സിലാക്കുന്നു. അങ്ങനെയുള്ള പിതാവിൻെറ ദൂഷിതസ്വാധീനത്തിൽനിന്ന് ആഖ്യാതാവ് സ്വാതന്ത്ര്യംനേടാൻ തീരുമാനിക്കുന്നു. കലയുടെ പിതൃധർമ്മസിദ്ധാന്ത (paternity theory of art) ത്തിൻെറ നിഷേധമായും സാഹിത്യത്തിൽ സ്ത്രീയോടുള്ള അവഗണനയുടെ നിരാകരണമായും ഈ കവിതയെ വിലയിരുത്താം. കവിതയുടെ അന്ത്യത്തിൽ ആഖ്യാതാവ് തൻെറ പൊയ്മുഖമുപേക്ഷിക്കുകയും സ്വന്തം അനന്യത വെളിപ്പെടുത്തുകയുംചെയ്യുന്നു. ആഖ്യാതാവിനും കവിക്കും ഒരുപോലെ ബാധകമായ പുരുഷകേന്ദ്രിതസൗന്ദര്യശാസ്ത്രത്തിൽനിന്നും നീതിശാസ്ത്രത്തിൽനിന്നുമുള്ള സ്വാതന്ത്ര്യപ്രഖ്യാപനമാണ് ഈ കവിത. പിതാവിൻെറ അനുഗ്രഹത്തോടെ വീടുവിട്ടിറങ്ങാനുള്ള ആഖ്യാതാവിൻെറ ഉദ്യമം ഫെമിനിസ്റ്റ്സന്ദേശത്തിൻെറ തീവ്രത കുറയ്ക്കുന്നു. പിതാവിൻെറ അനുഗ്രഹവചസ്സുകളിൽ ഒരു വ്യംഗ്യം അന്തർലീനമാണ്: "ഏതുദിക്കിൽ നീ പോകിലും, പോകാത്ത പേരു നിൻ വിരൽത്തുമ്പിലെന്നോർക്കണം." പെരുന്തച്ചൻെറ മകൾ എന്നതിനേക്കാളുപരി പുത്രഘാതകനായ തച്ചൻെറ മകൾ എന്ന ദുഷ്പേരാണ് ആഖ്യാതാവിനെ സ്വാഗതം ചെയ്യുന്നതിന് സാദ്ധ്യത.

ഒരു ഫെമിനിസ്റ്റുപാഠത്തിൽ നിശ്ശബ്ദവും അസംഗതവും അപ്രസ്താവ്യവുമായ കാര്യങ്ങൾക്കാണ് മുൻതൂക്കംകൊടുക്കേണ്ടത്. അവ ലംബചിത്രീകരണത്തിൻെറ ഘടകങ്ങളാണ്. പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതിയിൽ കാലാനുസൃതമായ പദാവലികളാണുപയോഗിക്കേണ്ടത്. ഈ കവിതയിലെ മിക്ക ജ്യോതിഷശാസ്ത്രപദങ്ങൾക്കും തച്ചുശാസ്ത്രത്തിനനുയോജ്യമായ പദങ്ങൾ ഉപയോഗിച്ചിരുന്നെങ്കിൽ ചിത്രീകരണം കൂടുതൽ ശക്തവും തീവ്രവുമാകുമായിരുന്നു. സമകാലീന സാമൂഹ്യയാഥാർത്ഥ്യവുമായി കവിതയെ ഏകീഭവിപ്പിക്കുവാൻ ഈ ശ്രമം ആവശ്യമാണ്.

കാവ്യപ്രമേയമെന്നനിലയിൽ മിത്തുകളുടേയും നാടോടിക്കഥകളുടേയും നിലീനശക്തിയെക്കുറിച്ച് സാവിത്രി രാജീവന് ശക്തമായ സംശയമുള്ളതായി കാണാം. സിമോൻ ദി ബ്യൂവെ(Simone de Beauvoir)യുടെ സ്വാധീനത്തിലാവും സാവിത്രി ഈ സംശയം പ്രകടിപ്പിക്കുന്നത്. 'ചരിവ്' എന്ന കവിതാസമാഹാരത്തിലെ 'എനിക്ക് മോഹമുണ്ട്' എന്ന കവിതയിൽ മിത്തുകൾ, പുരാണങ്ങൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, ചരിത്രം മുതലായവയെല്ലാംതന്നെ കാവ്യസാമഗ്രിയെന്നനിലയിൽ ഉപയോഗശൂന്യമായിത്തീർന്നെന്ന് സാവിത്രി പ്രസ്താവിക്കുന്നു. സമകാലീന സാമൂഹ്യസാംസ്കാരികചരിത്രപശ്ചാത്തലത്തിൽ ഇവയെല്ലാം അപ്രസക്തമാണ്. ഇവയിലെല്ലാംതന്നെ സ്ത്രീ തെറ്റായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീയുടെ ആദിരൂപങ്ങളും സ്ഥിരരൂപങ്ങളും മാത്രമല്ല, സാധാരണസ്ത്രീകളും സാഹിത്യത്തിൽ തെറ്റായി പ്രതിനിധീകരിക്കപ്പെടുന്നു. അതിനാൽ ഈ കവിതയിലെ ആഖ്യാതാവ് ആധുനികസ്ത്രീയുടെ സത്യസന്ധമായ ചിത്രീകരണമായ സമകാലീനകവിത രചിക്കുന്നതിന് മിത്തുകളിൽനിന്ന് വ്യത്യസ്തമായ ഒരു പ്രതിപാദനം പ്രയോഗിക്കുന്നു. സ്ത്രീവർഗ്ഗത്തിൻെറ സംസ്കാരവും അനന്യതയും സത്യസന്ധമായി പ്രകാശിപ്പിക്കുന്നതിന് അനുയോജ്യമായ മാദ്ധ്യമം വിലാപകാവ്യമാണെന്ന് ആഖ്യാതാവ് മനസ്സിലാക്കുന്നു. തൻെറ രചനയിൽ സാവിത്രി പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതി കൃതഹസ്തതയോടെ ഉപയോഗിക്കുകയും ചെയ്യുന്നു.



മിത്തിൻെറ പുനരാഖ്യാനത്തിന് ഉത്തമോദാഹരണമാണ് സാവിത്രിയുടെ 'ആരണ്യകാണ്ഡം' എന്ന കവിത. ഈ കവിത രാമായണത്തിൻെറ ഒരു പാരഡിയോ ആക്ഷേപഹാസ്യചിത്രീകരണമോ ആയി പരിഗണിക്കാം. കവിതയുടെ ശീർഷകം രാമൻെറ വനവാസകാലത്തെ സൂചിപ്പിക്കുന്നു. കവിതയുടെ ആക്ഷേപഹാസ്യതീവ്രത വർദ്ധിപ്പിക്കുന്നതിന് ഈ ശീർഷകം സഹായിക്കുന്നു. സമൂഹമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതിന് സാധാരണമനുഷ്യരുടെ ദുരവസ്ഥ പരിഹാസ്യമായ രീതിയിൽ ചിത്രീകരിക്കുന്നതിന് സാവിത്രി പുരാണപശ്ചാത്തലമുപയോഗിക്കുന്നു. എന്നാൽ പുരാണപശ്ചാത്തലം ആധുനികസമൂഹത്തിൻെറ യഥാതഥമായ അവസ്ഥയിലേക്ക് സ്ഥാനാന്തരണംചെയ്യപ്പെടുമ്പോൾ പശ്ചാത്തലത്തിൻെറ പൗരാണികസ്വഭാവം നഷ്ടമാകുന്നു. അന്ത്യത്തോടടുക്കുമ്പോൾ കവിത ശീർഷകത്തിൽമാത്രമാണ് പുരാണത്തെ അനുകരിക്കുന്നത്. അർത്ഥതലത്തിൽ കവിത പുരാണത്തിൽനിന്ന് മൗലികമായി വ്യത്യസ്തമാണ്. പുരാണത്തെപ്പോലെതന്നെ കവിതയും വസ്തുനിഷ്ഠമായ ആഖ്യാനമാണ് അവലംബിച്ചിട്ടുള്ളത്. കവിതയിൽ ആഖ്യാതാവും കവിയും താദാത്മ്യപ്പെടുന്നു. മാറിയ സാമൂഹ്യപശ്ചാത്തലത്തിൻെറ വെളിച്ചത്തിൽ പുരാണകഥ വ്യത്യസ്തമായി ചിത്രീകരിക്കുകയാണ് സാവിത്രി ചെയ്യുന്നത്.

കവിതയുടെ ആദ്യഭാഗം സീതയുടെ അദ്ഭുതജനനത്തിൻെറ ഒരു പാരഡിയാണ്. ഈ കവിതയിൽ ജനകൻ രാജാവല്ല. അയാൾ ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്ന ഒരു സാധാരണമനുഷ്യനാണ്. സാവിത്രിയുടെ വീക്ഷണത്തിൽ പാവപ്പെട്ടവന് അനായാസേന ലഭിക്കുന്ന ഒരു വരമാണ് പിതൃത്വം. ജനകൻ എന്ന പദത്തിന് പിതാവെന്നും അർത്ഥമുണ്ട്. ദരിദ്രനായ ജനകൻ പിതാവായി. ദരിദ്രനായ മനുഷ്യന് ഒരു പുത്രിയെ ലഭിക്കുമ്പോൾ അവൻെറ കഷ്ടത വർദ്ധിക്കുന്നു. പുരുഷാധിപത്യസമൂഹത്തിൽ ഇത് പ്രത്യേകിച്ച് പ്രസക്തമാണ്. ജനകൻെറ ദുരവസ്ഥ ഊഹിക്കാവുന്നതേയുള്ളു. അയാൾക്കു പുത്രിയെ വളർത്താനോ ഉപേക്ഷിക്കാനോ വയ്യ. അയാളുടെ വിഷമസന്ധി വർണ്ണനാതീതമാണ്. ദാരിദ്ര്യത്തിലും യാതനയിലുംകൂടി അവൾ വളർന്നു. ദരിദ്രയാണെങ്കിലും അവൾക്കു ബുദ്ധിമുട്ടില്ലാതെ ഒരു ഭർത്താവിനെ ലഭിച്ചു—രാമനെ. അവളുടെ ഭർത്താവും അതേ വർഗ്ഗത്തിൽപ്പെട്ടവനാണ്—ദരിദ്രൻ. ധനുർവിദ്യയോ ദ്വന്ദ്വയുദ്ധമോ മറ്റു കായികപരീക്ഷണങ്ങളോ ഒന്നുംതന്നെ നടത്താതെ സീതയെ വേൾക്കുവാൻ ഈ കവിതയിലെ രാമനു സാധിച്ചു. പാവപ്പെട്ടവർക്കു വിവാഹം അപ്രസക്തമായ ഒരാചാരമാണ്. പക്ഷേ,

അത് യാതനകളിലും ദുരിതങ്ങളിലും അകപ്പെടുത്തുന്ന ഒരു കെണിയുമാണ്. രാമനു പാലിക്കുവാൻ പിതാവിൻെറ പ്രതിജ്ഞകളൊന്നുമില്ല; കുലമഹിമ സംരക്ഷിക്കുവാനുമില്ല. രാജവംശജനല്ലാത്തതുകൊണ്ട് ഈ രാമന് ത്യജിക്കുവാൻ കിരീടമില്ല. അതുകൊണ്ട് ഒരു കിരീടധാരണം അലങ്കോലപ്പെടുമെന്ന ഭയമില്ല. എന്നിട്ടും ഈ ദമ്പതികൾ വിജനതയിൽ അലഞ്ഞുതിരിഞ്ഞു. അവരുടെ ജന്മങ്ങളെക്കുറിച്ച് ദൈവികമായ രഹസ്യങ്ങളോ നിഗൂഢതകളോ ഒന്നുമില്ല. അവർക്ക് അവതാരലക്ഷ്യങ്ങളൊന്നുമില്ല. എന്നിട്ടും ലക്ഷ്യമില്ലാതെ അവർ അലഞ്ഞുതിരിഞ്ഞു. കാരണം, അവർക്കു തലചായ്ക്കാൻ ഒരു മേൽക്കൂരയില്ലായിരുന്നു. അവർ ദരിദ്രരായിരുന്നു. പുരാണദമ്പതികളുമായി നാമമാത്രമായി സാമ്യമുള്ള ഇവർ ജീവിതത്തിൽ ഗൗരവമായ യാതൊരു ലക്ഷ്യവുമില്ലാതെ അലഞ്ഞുതിരിഞ്ഞു. ഇതു ദരിദ്രൻെറ ആധുനികമായ ആരണ്യവാസമാണ്.

സാവിത്രിയുടെ കുറ്റമറ്റ ശില്പചാതുര്യത്തിന് സാക്ഷ്യംവഹിക്കുന്ന കവിതയാണ് 'ഉൽപത്തി'. പുരുഷാധിപത്യഘടനയുള്ള എല്ലാ സമൂഹങ്ങളിലും സ്ത്രീ പുരുഷന് കീഴ്പ്പെട്ട്, അവഗണിക്കപ്പെട്ട് ജീവിക്കുന്നുവെന്ന യാഥാർത്ഥ്യം ഈ കവിത പ്രകടിപ്പിക്കുന്നു. ഭാരതീയമിത്തുകളുടേയും ക്രൈസ്തവമിത്തുകളുടേയും സമർത്ഥമായ സങ്കലനത്തിലൂടെ എല്ലാ സംസ്കാരങ്ങളും സ്ത്രീകളെ അവഗണിക്കുന്നതിൽ തുല്യമായി അപരാധികളാണെന്ന് സാവിത്രി സൂചിപ്പിക്കുന്നു. കവി ബൈബിളിലെ പഴയനിയമത്തെയും പുതിയനിയമത്തെയും ഒന്നിടവിട്ട് പരാമർശിക്കുന്നു. ഇതിലൂടെ ഭൂതകാലത്തിലെന്നപോലെ വർത്തമാനകാലത്തിലും സ്ത്രീ ഒരു വീട്ടുജോലിക്കാരിയായി അവസ്ഥാന്തരമില്ലാതെ തുടരുന്നതായി സാവിത്രി പ്രസ്താവിക്കുന്നു. മിത്തുകളുടെ സങ്കലനവും, പഴയനിയമത്തെപ്പറ്റിയും പുതിയനിയമത്തെപ്പറ്റിയുമുള്ള ഒന്നിടവിട്ട പരാമർശവും കവിതയ്ക്ക് വ്യക്തമായ രൂപഘടനയും നൂതനാർത്ഥങ്ങളും നൽകുന്നു. കവിതയിൽ പരാമർശിക്കപ്പെടുന്ന സ്ത്രീകളെല്ലാംതന്നെ നിസ്വാർത്ഥരും വേദനയനുഭവിക്കുന്നവരും ആത്മബലി നൽകുവാൻ സന്നദ്ധരുമായ സ്ത്രീകളാണ്. ഗാന്ധാരി, ക്രിസ്തുവിൻെറ മാതാവായ മറിയം, അപ്പോക്രിഫ(Apocrypha)യെന്ന പഴയനിയമത്തിലെ നായികമാർ മുതലായവർ ഇവരിലുൾപ്പെടുന്നു. കവിതയുടെ ശൈലിയും ധ്വനിയും ബൈബിളിലെ സങ്കീർത്തനങ്ങൾ, ഉത്തമഗീതങ്ങൾ, സുവിശേഷങ്ങൾ മുതലായ പുസ്തകങ്ങളെ അനുസ്മരിപ്പിക്കുന്നു. കവിതയുടെ ശീർഷകം പഴയനിയമത്തിലെ ആദ്യത്തെ പുസ്തകത്തിൻേറതാണ്. കവിതയുടെ ആഖ്യാതാവ് ജീവിതത്തിൽ പ്രശംസനീയമായ പല ദൗത്യങ്ങളും നിർവ്വഹിക്കുവാൻ കഴിവുള്ള ഒരു കുടുംബിനിയാണ്. ഗൃഹഭരണത്തിനുവേണ്ടി പരിശീലിപ്പിക്കപ്പെടുന്ന വളർത്തുമൃഗത്തിനുതുല്യമായ ഒരു സ്ത്രീയുടെ ഉൽപത്തിയാണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

പുരുഷമേധാവിത്വത്താൽ നിയന്ത്രിതമായ പൊതുജനത്തിൻെറ ഒരു പ്രതിനിധിയുടെ ചോദ്യങ്ങൾക്ക് ആഖ്യാതാവ് ഉത്തരം പറയുകയാണിവിടെ. കഥാകാവ്യം(Ballad)പോലെ ഈ കവിത ഒരു ചോദ്യോത്തരശ്യംഖലയുടെ ഘടനയിലാണ് രചിച്ചിരിക്കുന്നത്. കുട്ടികൾ പുഞ്ചിരിക്കുന്ന ദിനങ്ങളിൽ, യുവാക്കൾ സ്വപ്നംകാണുന്ന വെയിലിൽ, അമ്മമാർ കാംക്ഷിക്കുന്ന രാവുകളിൽ നീ എന്തുചെയ്യുന്നുവെന്ന് പുരുഷമേധാവിത്വത്തോട് ആഭിമുഖ്യമുള്ള ജനം ആഖ്യാതാവിനോടു ചോദിച്ചു. താൻ ആയിരം അപ്പവും വീഞ്ഞുമൊരുക്കി അടുക്കളയിൽ കാത്തിരിക്കുന്നു എന്നായിരുന്നു ഉത്തരം. ഗൃഹജോലിയിൽ തൻെറ ജീവിതം ആരംഭിച്ച ആഖ്യാതാവ് വ്യത്യസ്തങ്ങളായ അനുഭവങ്ങളിൽക്കൂടി പ്രയാണം ചെയ്യുന്നു. പഴയനിയമത്തിലെ ദേശഭക്തരായ നായികമാരേയും, ജയിച്ച യുദ്ധങ്ങളേയും, ഘോഷങ്ങളേയും കവി ഇവിടെ പരാമർശിക്കുന്നു. സൈന്യങ്ങൾ യുദ്ധംജയിച്ച് വിജയാഹ്ലാദത്തിൽ മതിമറക്കുമ്പോൾ സ്ത്രീകൾ എന്തുചെയ്യുന്നുവെന്നത് പ്രത്യേകിച്ചും പ്രസക്തമാണ്. അപ്പോൾ സ്ത്രീയായ ആഖ്യാതാവ് സമാധാനത്തിൻേറയും യോജിപ്പിൻേറയും പ്രതീകമായ വെള്ളരിപ്രാവുകളെ പറത്തുന്നു. വിതച്ച വിത്തിനെക്കുറിച്ചും വിളവെടുപ്പിനെക്കുറിച്ചുമുള്ള ക്രിസ്തുവിൻെറ പ്രസിദ്ധമായ ഉപമ കവി ഇവിടെ പരാമർശിക്കുന്നു. ആ ഉപമയുടെ വിശ്വാസ്യതയിൽ ആഖ്യാതാവിന് സംശയമുള്ളതായി തോന്നുന്നു. സമാധാനം ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് അതു ലഭിക്കുന്നില്ല. വിതയ്ക്കുന്നതല്ല കൊയ്യുന്നത്; വിതയ്ക്കുന്നവനുമല്ല കൊയ്യുന്നത് എന്ന അവസ്ഥ വരുമോ എന്ന് ആഖ്യാതാവ് ഭയപ്പെടുന്നു. അതുകൊണ്ട് വിളവെടുപ്പ് മഹോത്സവത്തോട് ആഖ്യാതാവ് നിസ്സംഗത പുലർത്തുന്നു. ഒരു പെൻഡുലംപോലെ കവി വീണ്ടും പഴയനിയമത്തിലേക്ക് തിരിച്ചുപോകുന്നു. ശത്രുക്കളുടെ കൂട്ടക്കൊലയ്ക്കും മരിച്ചുപോയ ഉറ്റവരുടെ പിതൃതർപ്പണത്തിനുംശേഷം വിജയലഹരിയിൽ മടങ്ങുന്ന രാജാക്കന്മാരെ കവി അവതരിപ്പിക്കുന്നു. തീൻമേശമേൽ ആട്ടിറച്ചിയും വീഞ്ഞും വിളമ്പി ആഖ്യാതാവായ സ്ത്രീ അവർക്കായി കാത്തിരുന്നു. എന്നിട്ടും സ്ത്രീ അവശയായില്ലെന്നു കവി സൂചിപ്പിക്കുന്നു. സിംഹാസനത്തിലാരൂഢനായ രാജാവിനെയും കുരിശിൻെറ അവകാശിയായ സഭയേയും പ്രശംസിച്ചിട്ടും, പ്രാവുകളേയും ബലികളേയും വാഴ്ത്തിയിട്ടും സ്ത്രീ അക്ഷീണയായിനിന്നു. അജയ്യമായ സ്ത്രീശക്തിയെ കവി ഇവിടെ സ്ഥാപിക്കുന്നു. കവിതയിൽനിന്നുരുത്തിരിയുന്ന അവസാനത്തെ ബിംബം വീട്ടുജോലിക്കാരിയായ ആഖ്യാതാവിനെ മഹതിയായ ഒരു മാതാവായി രൂപാന്തരപ്പെടുത്തുന്നു. പിയത്ത(Pieta) എന്ന വിശ്വോത്തരചിത്രത്തിലെ മറിയമായി ആഖ്യാതാവ് മാറുന്നു; തൻെറ പുത്രൻെറ ക്രൂശിക്കപ്പെട്ട ശരീരം വഹിച്ചുകൊണ്ട് ദുഃഖവിവശയായിരിക്കുന്ന മാതാവ്. ശിഷ്യർ തള്ളിപ്പറഞ്ഞ, ഭരണാധികാരികൾ കൈയൊഴിഞ്ഞ, ശത്രുക്കൾ ആവർത്തിച്ചു ക്രൂശിച്ച മനുഷ്യപുത്രൻെറ അമ്മയായി സാധുവായ ആഖ്യാതാവ് രൂപാന്തരപ്പെടുന്നു. ഈ രൂപാന്തരത്തിനുശേഷവും സ്ത്രീക്ക് സ്വന്തമായി ഒരു അനന്യതയോ വ്യക്തിത്വമോ ഉണ്ടാകുന്നില്ല. തൻെറ പുത്രനിലൂടെ അവൾ ഒരു അനന്യത പ്രാപിക്കുന്നു. സ്ത്രീയുടെ ഈ വിധേയാവസ്ഥ ദി ബ്യുവെ വ്യക്തമാക്കിയിട്ടുണ്ട്. പുരുഷനാണ് എപ്പോഴും സ്ത്രീയുടെ പരാമർശബിന്ദുവെന്ന് ദി ബ്യുവെ അഭിപ്രായപ്പെടുന്നു.

ഈ കവിത ഒരു പ്രത്യേകമിത്തിന്റെ പുനരാഖ്യാനമല്ല. കവിതയിൽ സംലയിപ്പിച്ചിരിക്കുന്ന വ്യത്യസ്ത മിത്തുകൾക്ക് എല്ലാംതന്നെ നൂതനാർത്ഥങ്ങൾ നൽകുവാൻ കവിക്കു കഴിഞ്ഞിട്ടുണ്ട്. മിത്തുകളുടെ നൂലിഴകൾ അഴിച്ചെടുത്ത് അവയെ സ്ത്രീപക്ഷവാദമാകുന്ന തന്റെ തറിയിൽ വീണ്ടും നെയ്തെടുത്ത് കവിതയുടെ രൂപഘടനയോടും അർത്ഥഘടന(semantic structure)യോടും സാമഞ്ജസ്യപ്പെടുത്തിയിരിക്കുന്നു. ആഖ്യാതാവായ സ്ത്രീക്ക് കവിതാന്ത്യത്തിൽ ഒരുൽകൃഷ്ടസ്ഥാനം ലഭിക്കുന്നുണ്ടെങ്കിലും അവളുടെ സമ്പാദ്യം ദുരിതവും യാതനയുമാണ്. സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനമെന്തുതന്നെയായാലും അവൾ വഹിക്കുന്ന വ്യത്യസ്ത കർമ്മമാതൃകകൾ എല്ലാംതന്നെ പുരുഷനധീനപ്പെട്ടതും അവഗണിക്കപ്പെട്ടതുമാണ്. സമൂഹത്തിൽ സ്ത്രീശക്തി എല്ലായ്പ്പോഴും അവമതിക്കപ്പെടുന്നു. അതിവിദഗ്ദ്ധമായി പുനരാഖ്യാനംചെയ്യപ്പെട്ട വ്യത്യസ്തമിത്തുകളുടെ സ്തൂപങ്ങളിൽ സാവിത്രി രമണീയമായൊരു ബിംബഘടന (imagistic structure)യാണ് പടുത്തുയർത്തിയിരിക്കുന്നത്. ഈ കവിത ഒരിഞ്ച് ദന്തത്തിൽ നിർമ്മിതമായ ഒരു ഫെമിനിസ്റ്റ് ശില്പമാണ്.

★

## ശബ്ദാവലി

acquired identity — ആർജ്ജിതാനന്യത, ആർജ്ജിതവ്യക്തിത്വം
aesthetics — സൗന്ദര്യശാസ്ത്രം
andro-centric — പുരുഷകേന്ദ്രിത
archetype — ആദിബിംബം, ആദിരൂപം
bi-sexuality — ഉഭയലൈംഗികത
black literature — കറുത്ത സാഹിത്യം
blank page — ശൂന്യപത്രം
castration complex — പുംസ്വസ്വഹരണവിഭ്രാന്തി
collective fantasy — സംഘാതഫാൻറസി
confessional — കുമ്പസാരപരം
critique — മീമാംസ
cultural androgyny — സാംസ്കാരികസമന്വയം
decipher — ഗൂഢാക്ഷരവ്യാഖ്യാനംചെയ്യുക
decoding — വിസംകേതനം
decolonisation — അപകൊളോണിയവൽക്കരണം
defamiliarizing — അപരിചിതത്വവൽക്കരണം
deep structural — നിഗൂഢഘടന
double — ദ്വന്ദ്വഭാവം
ethics — നീതിശാസ്ത്രം
fantasy — ഫാൻറസി, മായാസങ്കല്പം
female speaker — സ്ത്രീഭാഷി
female stereotypes — സ്ത്രൈണസ്ഥിരരൂപങ്ങൾ
feminine mystique — സ്ത്രൈണദുർജ്ഞേയത
feminism — ഫെമിനിസം
figurative — ആലങ്കാരികം
gyno-centric — സ്ത്രീകേന്ദ്രിതം
identity — അനന്യത
identity crisis — അനന്യതാപ്രതിസന്ധി
infantilization — ശൈശവവൽക്കരണം
interiorisation — ആന്തരവൽക്കരണം
literary construct — സാഹിതീയമായ നിർമ്മിതി
male-centred — പുരുഷകേന്ദ്രിതം
masculinity complex — പുരുഷത്വമനോഗ്രന്ഥി

metaphoric — ആലങ്കാരികം
motif — കഥാനകരൂഢി
multiple voices — ബഹുസ്വരങ്ങൾ
mysticism — ദുർജ്ജ്ഞേയരഹസ്യം
mystique — ദുർജ്ജ്ഞേയത
narrator's voice — ആഖ്യാനസ്വരം, കഥകസ്വരം
oppositional practice — എതിർപ്രയോഗം
other — അപരഭാവം
others — അപരർ
other woman — അപരസ്ത്രീ
paradigmatic elements — ലംബഘടകങ്ങൾ
paternity theory — പിതൃധർമ്മസിദ്ധാന്തം
patriarch — പിതൃശ്രേഷ്ഠൻ
patriarchy — പുരുഷമേധാവിത്വം
penile tyranny — പുരുഷലിംഗപീഡനം
penis envy — ശിശ്നാസൂയ
persona — പെർസോണ
phallic imperialism — ശിശ്നസാമ്രാജ്യത്വം
phallo-centric — പുരുഷകേന്ദ്രിതം
phallogo-centric — ശിശ്നകേന്ദ്രിതം
revisionist myth making — പുനഃപഠനാധിഷ്ഠിത മിത്ത്നിർമ്മിതി
role model — കർമ്മമാതൃക
sacrificial nature — ബലിസദൃശസ്വഭാവം
schizophrenic split — മനോവിഭ്രാന്തിജന്യമായ ആന്തരവിഭജനം
self — സ്വത്വം
sexuality — ലൈംഗികത
sonship — പുത്രതുല്യമായ ബന്ധം
speaker — ഭാഷി
split-self motive — സ്വത്വവിഭജനപ്രേരകം
surface structure — ഉപരിഘടന
surrogate female body — പ്രതിസ്ത്രീഗാത്രം
stereotypes — സ്ഥിരരൂപങ്ങൾ
syntagmatic elements — തിരശ്ചീനഘടകങ്ങൾ
tendency of projection — പ്രക്ഷേപണപ്രവണത
text — പാഠം
textual — പാഠപരം
textual meanings — പാഠാർത്ഥങ്ങൾ
textual practice — പാഠരീതി
value system — മൂല്യവ്യവസ്ഥ
visceral colonialism — ആന്തരാവയവ കൊളോണിയലിസം

## ഗ്രന്ഥസൂചി


Beauvoir, Simone de—*The Second Sex*, Trans: H.M. Parshley, Harmondsworth: Penguin Books, 1972.

Bloom, Harold— *The Anxiety of Influence*, New York, Oxford University press, 1973.

Brown, Cheryld and Karew Olson— eds. *Feminist Criticism*, New Jersey, Scarecrow, 1978.

Brown, Norman O.—*Loves Body*, New York, Vintage Books, 1968.

Coates, Paul—*The Double and the Other*, London, Mac Millan, 1988.

Deutch, Helen—*Female Sexuality: The Pshychology of Women*, 2 Vols., NewYork, Grine and Struttew, 1944, Vol.2.

Eagleton, Mary—ed. *Feminist Literary Theory: A Reader*, Oxford, Basil Blackwell, 1986.

Felski, Rita—*Beyond Feminist Aesthetics: Feminist Literature and Social change*, Cambridge Haward University Press, 1989.

Freud, Sigmund—*Three Essays on the Theory of Sexuality*, Trans: James Strachey, *Complete Psychological works of Sigmund Freud*, Standard Edition, London,Hongarth Press, Institute of Psycho analysis, 1955, Vol. 125—248.

Friedan, Betty—*The Feminine Mystique*, NewYork, Norton, 1963.

————— *It Changed My Life*, NewYork, Random House, 1963.

————— *The Second Stage*, NewYork, Random House,1963.

Gilbert, Sandra M. and Susan Gubar.—eds: *The Mad Woman in the Attic: The Woman Writer and the Nineteenth Century Imaginations*, New Haven, Yale University Press 1979.

Gubar, Susan—"The Blank Page and the Issues of Female Creativity." *Critical Enquiry* 8.2 (Winter 1981): 243—63.

Homans, Margaret—*Woman Writers and Poetic Identity*, New Jersey, Princeton University Press, 1980.

Jouve, Nicole Ward—*White Woman Speaks with Forked Tongue: Criticism as Autobiography*, London, Routledge, 1991.

Kristeva, Julia—*Desire in Language-A Semiotic Approach to Literature and Art*, Oxford, Blackwell, 1980.

Millet, Kate—*Sexual Politics*, NewYork, Doubleday, 1970.

Moi, Toril—*Sexual Textual Politics: Feminist Literary Theory*, London, Metheun, 1985.

Montagu, Ashely—*The Natural Superiority of Women*, NewYork,Macmillan, 1957.

Ostriker, Alicia—"The Thieves of Language: Woman Poets and Revisionist Myth making." *The New Feminist Criticism*, ed: Elaine Showwalter,New York, Pantheon Books, 1985 : 11—35.

Pearce, Roy Harvey—*The Continuity of American Poetry*, New Jersey, Princeton University Press, 1961.

Pope, Deborah—*A Separate Vision*, Buton Rouge: Lousiama State University Press, 1984.

Rogers, Robert—*A Psychoanalytic Study of the Double in literature*, Michigon, Wayane State University Press, 1970.

Ruthven, K. K.— *Feminist Literary Studies: An Introduction*, NewYork, Cambridge University Press, 1984.

Segnitz, Barbara and Caol Rainey—eds. *Psyche: The Feminine Poetic Consciousness*, NewYork, The Dial Press, 1973.

Showalter, Elaine—ed: *The New Feminist Criticism* NewYork, Patheon Books, 1985.

Spaks, Patricia Meyer—*The Female Imagination*, NewYork, Knof, 1975.

Woolf, Virginia—*A Room of One's Own*, New York, Harcourt, 1963.

★